ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 09 ഒക്ടോബർ 2017 ലക്കം 10

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No.503/17, സർക്കുലർ നമ്പർ : 20/2017 ..... 5
2. Prot. No. 504/17, സർക്കുലർ നമ്പർ : 21/2017 ..... 8
3. ലോകമിഷൻ സന്ദേശം - 2017 ..... 11
4. കച്ചേരിക്കാര്യം ..... 17
5. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ..... 28
6. വിശ്വാസപരിശീലനം ..... 31
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ..... 34
8. ചെറുപുഷ്പ മിഷൻലീഗ് ..... 38
9. തിരുബാലസഖ്യം ..... 50
10. യുവജനശുശ്രൂഷ ..... 51
11. കുടുംബ പ്രേഷിതത്വം ..... 55
12. വിദ്യാഭ്യാസ ഏജൻസി ..... 63
13. വിമൽജ്യോതി വാർത്തകൾ ..... 67
14. ഫ്രാൻസിസ്കൻ അത്മായ സഭ ..... 68
15. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ ..... 72
16. കെസിബിസി മദ്യവിരുദ്ധ സമിതി ..... 75
17. എകെസിസി വാർത്തകൾ ..... 78
18. പ്രതീക്ഷ വാർത്തകൾ ..... 81
19. ധ്യാനകേന്ദ്രങ്ങളിലൂടെ ..... 83
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 84
21. Programme of the Archbishop Mar George Njaralakatt ..... 86
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..... 88

**Prot. No. 503/17 സർക്കുലർ നമ്പർ: 20/2017**

# പുതിയ സഹായമെത്രാൻ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഏറെ സന്തോഷത്തോടെയും ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ടുമാണ് ഞാൻ ഈ സർക്കുലർ നിങ്ങൾക്ക് എഴുതുന്നത്. ഞാൻ തലശ്ശേരി അതിരൂപതയുടെ അജപാലന ശുശ്രൂഷ ഏറ്റെടുത്തിട്ട് മൂന്ന് വർഷം പൂർത്തിയാവുകയാണ്. ഈ കാലയളവിൽ ദൈവം തന്ന നിരവധിയായ അനുഗ്രഹങ്ങൾക്കും നിങ്ങളുടെ സഹകരണ ത്തിനും ഏറെ നന്ദിപറയുന്നു. കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന നമ്മുടെ അതിരൂപതയ്ക്ക് ഇപ്പോൾ 196 ഇടവകകളും 50ൽപരം സ്വതന്ത്രകുരിശുപള്ളികളും ഏതാണ്ട് നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്. കൂടാതെ വിവിധ സംഘടനകളും പ്രസ്ഥാന ങ്ങളും ഏറെ സജീവമായി അതിരൂപതയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കെല്ലാം സജീവമായ നേതൃത്വം നല്കുക ശ്രമകരമായ ഒരു ശുശ്രൂഷയാണ്. ഈ ശുശ്രൂഷയിൽ എന്നെ സഹായിക്കുന്നതിന് ഒരു സഹായമെത്രാന്റെ സാന്നിദ്ധ്യം ആവശ്യമായിരുന്നു. നമ്മുടെ അതിരൂപതയിലെ ദൈവജനവും ഒരു സഹായ മെത്രാനെ ആഗ്രഹി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഈ ആവശ്യവും ആഗ്രഹവും മനസ്സിലാക്കി 2016 ആഗസ്റ്റ് മാസത്തിലെ സീറോമലബാർ മെത്രാന്മാരുടെ സിനഡിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഒരു വർഷത്തെ പ്രാർത്ഥനയുടെയും അന്വേഷണങ്ങളുടെയും ഫലമായി 2017-ആഗസ്റ്റ് മാസത്തിലെ സിനഡ് നമുക്കായി ഒരു സഹായമെത്രാനെ നല്കിയിരിക്കുന്നു. ബഹു. ജോസഫ് പാംപ്ലാനിയച്ചന്റെ തിരഞ്ഞെ ടുപ്പിലൂടെ നമ്മുടെ അതിരൂപതയ്ക്ക് ഏറ്റവും അനുയോജ്യനായ സഹായമെത്രാനെയാണ് ലഭിച്ചിരിക്കുന്നത്. രൂപത മുഴുവന്റെയും നാമത്തിൽ പിതാവിന് അനുമോദനങ്ങളും ആശംസകളും നേരുന്നു. ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ തന്റെ ഇടയനടുത്ത ശുശ്രൂഷകൾ മനോഹരമായി പൂർത്തീകരിക്കുവാൻ ദൈവം പിതാവിനെ അനുഗ്രഹി ക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

ബഹു. പാംപ്ലാനി പിതാവ് 1969 ഡിസംബർ 3-ാം തീയതി ചരൾ ഇടവകയിൽ പാംപ്ലാനി തോമസ് മേരി ദമ്പതികളുടെ 7 മക്കളിൽ 5-ാമത്തെ മകനായി ജനിച്ചു. ചരൾ, കിളിയന്തറ സ്കൂളുകളിലെ പ്രാഥമിക പഠനത്തിനുശേഷം കൂത്തുപറമ്പ് നിർമ്മലഗിരി കോളെജിൽ പ്രീഡിഗ്രി പഠനം പൂർത്തിയാക്കി. 1988 ആഗസ്റ്റ് 14-ാം തീയതി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. ആലുവാ പൊന്തിഫിക്കൽ

സെമിനാരിയിലെ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം 1997 ഡിസംബർ 30-ാം തീയതി അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. പേരാവൂർ ഇടവകയിൽ അസിസ്റ്റന്റായും ദീപഗിരി ഇടവകയിൽ വികാരിയായും സേവനം അനുഷ്ഠിച്ചതിനുശേഷം ബൽജിയത്തിലെ ലുവെയ്ൻ യൂണിവേഴ്സിറ്റി യിൽനിന്ന് വളരെ പ്രശസ്തമായ നിലയിൽ വി. ഗ്രന്ഥപഠനത്തിൽ ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. നാട്ടിൽതിരി ച്ചെത്തിയ പാംപ്ലാനി പിതാവിനെ അഭിവന്ദ്യ വലിയമറ്റം പിതാവ് അതിരൂപതയിലെ ബൈബിൾ അപ്പസ്റ്റോലേറ്റ് പ്രവർത്തനങ്ങളുടെ ഡയറക്ടറായി നിയമിച്ചു. ഈ ഉത്തരവാദിത്വം നിറവേറ്റുന്ന തിനിടയിൽ തന്നെ ഇന്ത്യയിലെ വിവിധ സെമിനാരികളിൽ വിവിധ വിഷയങ്ങളിൽ പിതാവ് ക്ലാസ്സുകൾ എടുത്തുവരുന്നു. ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആന്റ് സയൻസ് പ്രസ്ഥാനത്തിന്റെ സ്ഥാപക-ഡയറക്ടർ കൂടിയാണ് പിതാവ്. 8 പുസ്തകങ്ങളിലായി പ്രസിദ്ധീകരിച്ച ആൽഫാ ബിബ്ളിക്കൽ കമന്ററിയുടെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. അജപാലകൻ മാസികയുടെ നേതൃത്വവും പിതാവ് വഹിക്കുന്നു.

പിതാവ് ധാരാളം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ദേശീയ-അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ ധാരാളം ഈടുറ്റ ലേഖനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. 200-ൽ പരം ലേഖനങ്ങൾ മലയാളഭാഷയിൽ എഴുതിയിട്ടുണ്ട്. സീറോ-മലബാർ ദൈവശാസ്ത്ര കമ്മീഷൻ, സി.ബി.സി.ഐ., കെ.സി.ബി.സി., ദൈവശാസ്ത്ര കമ്മീഷനുകൾ എന്നിവയുടെ സെക്രട്ടറിയായും ഏഷ്യൻ ബിഷപ്സ് കോൺഫറൻ സിന്റെ ദൈവ ശാസ്ത്രകമ്മീഷൻ അംഗമായും പിതാവ് പ്രവർത്തിച്ചു വരുന്നു. വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന പിതാവ് വലിയൊരു പണ്ഡിതനും, ധ്യാനപ്രസംഗകനും, വാഗ്മിയും സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യവുമാണ്. സാമൂഹ്യ മാധ്യമങ്ങളിൽ സഭയുടെയും സഭാപ്രബോധനങ്ങളുടെയും വലിയ സംരക്ഷകനായും പ്രവർത്തിച്ചുവരുന്നു. ഇത്രമാത്രം ദൈവാനുഗ്ര ഹവും പ്രാഗത്ഭ്യവും ഉള്ള ഒരു വ്യക്തിയെ നമ്മുടെ അതിരൂപതയുടെ സഹായമെത്രാനായി ലഭിച്ചതിൽ നമുക്കു സന്തോഷിക്കാം, ദൈവ ത്തിന് നന്ദിപറയാം.

അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ മെത്രഭിഷേക കർമ്മങ്ങൾ നവംബർ 8-ാം തീയതി തലശ്ശേരി കത്തീഡ്രൽ ദേവാലയാങ്കണത്തിൽ വച്ച് നടത്തുന്നതാണ്. ഈ ചടങ്ങിൽ സംബന്ധിക്കുവാൻ അതിരൂപതയിലെ ദൈവജനം മുഴുവൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും പ്രാതിനിധ്യസ്വഭാവത്തിൽ നടത്തുവാനേ സാഹചര്യങ്ങൾ നമ്മെ അനുവദിക്കുന്നുള്ളൂ. മെത്രാഭിഷേക കർമ്മങ്ങൾ ഏറെ മനോഹരവും

അതേസമയം ലളിതമായും നടത്തുവാനാണ് നമ്മൾ തയ്യാറെടുക്കുന്നത്. മോൺ അലക്സ് താരാമംഗലം, മോൺ. ജോർജ് എളൂക്കുന്നേൽ എന്നീ വികാരി ജനറാളുമാരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ ഇതിനായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നവംബർ 8-ാം തീയതിയിലെ എല്ലാ കാര്യങ്ങളും ഏറെ ഭംഗിയായി നടക്കുവാനായി ദൈവജനം മുഴുവനും പ്രാർത്ഥിക്കണമെന്നും ഓർമ്മപ്പെടുത്തുന്നു. അന്നത്തെ കർമ്മങ്ങളെപ്പറ്റിയുള്ള മറ്റ് വിവരങ്ങൾ ബുള്ളറ്റിനിൽ ചേർത്തിരിക്കുന്നത് ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ.

അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ സാന്നിദ്ധ്യത്തിലൂടെ അതിരൂപതയ്ക്ക് കൂടുതൽ മെച്ചപ്പെട്ട അജപാലന ശുശ്രൂഷകൾ ചെയ്യുവാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാസർഗോഡ് ജില്ലയിലെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനായി അഭിവന്ദ്യപിതാവ് ആഴ്ചയിൽ ഏതാനും ദിവസങ്ങൾ പടന്നക്കാടുള്ള പാസ്റ്ററൽസെന്ററിൽ ചെലവഴിക്കുവാനും ശ്രദ്ധിക്കുന്നതായിരിക്കും.

നമുക്ക് അഭിവന്ദ്യപിതാവിനുവേണ്ടി പ്രത്യേകം പ്രാത്ഥിക്കാം. ഇനി മുതൽ വി. കുർബാനയിലെ കാറോസൂസാ-മധ്യസ്ഥപ്രാർത്ഥനകളിലും യാമപ്രാർത്ഥനവേളകളിലും അതുപോലെ പൊതുവായ മറ്റ് പ്രാർത്ഥനാവസരങ്ങളിലും അതിരൂപതാദ്ധ്യക്ഷന്റെ പേര് പറഞ്ഞതിനുശേഷം പിതാവിന്റെ പേരും ഉൾപ്പെടുത്തേണ്ടതാണ്. (ഉദാ: ഞങ്ങളുടെ അതിരൂപതയുടെ പിതാവും മേലധ്യക്ഷനുമായ മാർ ജോർജ് മെത്രപ്പോലീത്തായ്ക്കുവേണ്ടിയും ജോസഫ് മെത്രാനുവേണ്ടിയും....). ഒരിക്കൽകൂടി നമുക്ക് ദൈവത്തിന് നന്ദി പ്രകാശിപ്പിക്കാം. മെത്രാഭിഷേകകർമ്മങ്ങളെല്ലാം മനോഹരമായി പൂർത്തിയാക്കുവാൻ ഒരു മനസ്സോടെ പ്രവർത്തിക്കാം. പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയും അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവും നമുക്കായി മധ്യസ്ഥ്യം വഹിക്കും. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സല പിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-09-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 ഒക്ടോ. 8-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 504/17 സർക്കുലർ നമ്പർ: 21/2017**

## ജപമാല മാസവും മിഷൻ ഞായറും

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ കന്യാമറിയത്തെ പ്രത്യേകം വണങ്ങി അവളുടെ മാദ്ധ്യസ്ഥ്യം തേടുന്ന അവസരമാണല്ലോ ഒക്ടോബർ മാസം. ഏറെ തീക്ഷ്ണതയോടെ ജപമാല ചൊല്ലി നമ്മുടെ ഇടവകകളിലും കുടുംബ ങ്ങളിലും സമൃദ്ധമായി ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഈ അവസര ത്തിൽ നിങ്ങളെ എല്ലാവരെയും ഞാൻ ക്ഷണിക്കുകയാണ്.

പ്രാർത്ഥനകൾ എണ്ണുന്നതിനുള്ള ഉപകരണം എന്നാണ് 'കൊന്ത' എന്ന പദം വിവക്ഷിക്കുന്നത്. ഇംഗ്ലീഷ് ഭാഷയിൽ റോസറി (Rosary) എന്ന് കൊന്ത അറിയപ്പെടുന്നു. 'റോസപ്പൂക്കളുടെ തോട്ടം' എന്നാണ് ലത്തീൻ ഭാഷയിലെ 'റോസാരിയും' (Rosarium) അർത്ഥ മാക്കുന്നത്. നാം ജപമാല ചൊല്ലുമ്പോൾ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ചു കൊണ്ട് പ്രാർത്ഥനകളാകുന്ന റോസപ്പൂക്കൾ ഉതിർക്കുകയാണല്ലോ. ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ ധ്യാനപൂർവകമായ കീർത്തനമാണ് യഥാർത്ഥത്തിൽ ജപമാല.

നൂറ്റാണ്ടുകളിലൂടെ വളർന്നുവന്നതാണ് ജപമാല ഭക്തി. എന്നാൽ മാതാവിനോടുള്ള സ്നേഹവും പ്രാർത്ഥനയും-മാതൃഭക്തി-സഭയുടെ ആരംഭകാലം മുതലേ ഉണ്ടായിരുന്നു. സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ എത്ര മനോഹരമായിട്ടാണ് മാതാവിന്റെ സ്ഥാനം എടുത്തു കാണിച്ചിരിക്കുന്നത്. ജനതകളുടെ പ്രകാശത്തിൽ (LG 54) നാം വായിക്കുന്നു: "വിശുദ്ധ സഭയിൽ മിശിഹാ കഴിഞ്ഞാൽ സർവോന്നതസ്ഥാനം അലങ്കരിക്കുന്നവളും നമുക്ക് ഏറ്റവും സമീപ സ്ഥയുമാണ്" മാതാവ്. "അമ്മ ബഹുമാനിക്കപ്പെടുമ്പോൾ, എല്ലാം ആർക്കുവേണ്ടിയാണോ (കൊളോ 1,15-16) ആരിൽ സർവ്വസമ്പൂർണ തയും നിവസിക്കണമെന്ന് (കൊളോ 1,19) പിതാവ് തിരുമനസ്സായോ ആ പുത്രൻ വേണ്ടവിധം അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും അവന്റെ കല്പനകൾ പാലിക്കപ്പെടുകയും ചെയ്യുന്നു" (LG 66).

ജപമാലയിൽ നാം കർത്തൃപ്രാർത്ഥനയും നന്മ നിറഞ്ഞ മറിയവും ത്രിത്വസ്തുതിയും ആവർത്തിക്കുകയാണ്. പരിശുദ്ധ ത്രിത്വ കേന്ദ്രീകൃതമായിട്ടാണ് വിശ്വാസത്തിന്റെ ഈ മഹാരഹസ്യങ്ങൾ നാം

അപ്പോൾ ഉരുവിടുന്നത്. 'മറിയത്തിന്റെ കണ്ണുകളിലൂടെ ഈശോയെ കാണുവാൻ സഹായിക്കുന്ന ജപമാല; വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ നയിക്കും എന്ന പ്രത്യാശയോടെയാണ് പ്രകാശത്തിന്റെ രഹസ്യങ്ങൾ' വി. ജോൺ പോൾ രണ്ടാമൻ ജപമാലയിൽ കൂട്ടിച്ചേർത്തത്.

1858 ൽ ലൂർദ്ദിലും 1917 ൽ ഫാത്തിമായിലും മാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ ജപമാല വഹിച്ചിരുന്നുവെന്നത് ജപമാലഭക്തിയുടെ പ്രചാരത്തിന് കൂടുതൽ സഹായകമായി. 'സ്വർഗത്തിലേക്കുള്ള ഗോവണി; 'അനുഗ്രഹങ്ങളുടെ നിധി' 'വിസ്മയകരമായ പ്രാർത്ഥന' എന്നിങ്ങനെ പല വിധത്തിൽ മാർപ്പാപ്പാമാർ ജപമാലയെ വിശേഷിപ്പിച്ചിട്ടുണ്ട്. ഏറ്റവും നല്ല പടച്ചട്ടയായിട്ടാണ് വി. പാദ്രെ പിയോ ജപമാലയെ കണ്ടിരുന്നത്. ജപമാല ചൊല്ലി നമുക്കും വിശ്വാസത്തിൽ ആഴപ്പെടാം, ഈശോയിൽ വളരാം, ഈശോയെപ്പോലെ മറ്റുള്ളവർക്കായി ജീവിതം നയിക്കാൻ ശക്തരാകാം.'

ഇക്കൊല്ലത്തെ 'കൊന്തനമസ്ക്കാരത്തിൽ' അതിരൂപതയുടെ അതിപ്രധാനമായ രണ്ടുനിയോഗങ്ങൾ നിങ്ങൾ ഓർമ്മിച്ച് പ്രാർത്ഥിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. 2017 നവംബർ 8-ാം തീയതി നടക്കുവാൻപോകുന്ന നിയുക്ത സഹായമെത്രാന്റെ അഭിഷേക കർമ്മങ്ങളും നവംബർ 26 മുതൽ നടക്കുവാനിരിക്കുന്ന അതിരൂപതാ അസംബ്ളിയും ദൈവാനുഗ്രഹ നിറവോടെ ആയിരിക്കുവാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്കേവർക്കും തുണയായിരിക്കട്ടെ.

പ്രിയ സഹോദരീ സഹോദരന്മാരെ,

ഒക്ടോബർ മാസം 22-ാം തീയതി ആഗോള സഭ മിഷൻ (പ്രേഷിത) ഞായർ ആഘോഷിക്കുകയാണ്. തിരുസ്സഭ സ്വഭാവത്താലെ പ്രേഷിതയാകയാൽ സഭാമക്കളായ നാമെല്ലാവരും ആ പ്രേഷിത ദൗത്യം പേറുന്നവരാണ്. എന്താണ് പ്രേഷിത സഭ എന്നതിന്റെ അർത്ഥം?

ഏകം, വിശുദ്ധം, ശ്ലൈഹികം, സാർവത്രികം എന്നീ വിശേഷണങ്ങൾ സഭയ്ക്കും നല്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യം 'വിശ്വാസ പ്രമാണത്തിൽ' നാം ഏറ്റു ചൊല്ലുന്നു. സഭയുടെ 'ശ്ലൈഹിക' സ്വഭാവത്തിൽനിന്നാണ് പ്രേഷിതദൗത്യം ഉരുത്തിരിയുന്നത്. 'ശ്ലീഹാ' എന്നാൽ അയയ്ക്കപ്പെട്ടവർ എന്നാണർത്ഥം. ദൈവപിതാവ് സ്വപുത്രനെ

മനുഷ്യരക്ഷയ്ക്കായി അയച്ചതുപോലെ സഭാമക്കളും സുവിശേഷം അറിയിക്കുവാൻ അയയ്ക്കപ്പെട്ടിരിക്കുന്നു എന്നു സാരം.

പ്രേഷിതദൗത്യം പല വിധത്തിൽ നമുക്കു നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം - സുവിശേഷം - അറിഞ്ഞിട്ടില്ലാത്തവരുടെ പക്കലെത്തി അവരോട് പ്രഘോഷിച്ച്, അവരെ പഠിപ്പിച്ചുകൊണ്ട് ഈ ദൗത്യം നിർവഹിക്കാനാവും. സുവിശേഷവെളിച്ചം സ്വീകരിച്ച്, ആ സന്തോഷത്തിൽ ജീവിച്ച്, ആ ചൈതന്യം പ്രസരിപ്പിച്ച് ജീവിക്കുന്ന അവസ്ഥയിലേക്ക് മറ്റുള്ളവരെ സ്വാഗതം ചെയ്തും നമുക്ക് മുന്നേറാനാവും. പ്രേഷിതരെ സഭയ്ക്കു നല്കി, പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിച്ച്, പ്രേഷിതരെ പ്രോത്സാഹിപ്പിച്ച് അവരെ കഴിയുംവിധം സഹായിച്ച് നമുക്ക് നമ്മുടെ ദൗത്യം നിറവേറ്റുവാനും സാധിക്കും.

മിഷൻ ഞായറാഴ്ച പ്രേഷിത അവബോധം കൈവരിക്കുവാനുള്ള കർമ്മപദ്ധതികൾ ഓരോ ഇടവകയിലും ക്രമീകരിക്കുമല്ലോ. നിങ്ങളുടെ ത്യാഗപ്രവൃത്തികളിലൂടെ സമാഹരിക്കുന്ന പണം ആഗോളസഭയുടെ പ്രേഷിതപ്രവർത്തനത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. ഔദാര്യത്തോടെ ഇക്കാര്യത്തിൽ സഹകരിക്കുവാനും അങ്ങനെ സഭയുടെ പ്രേഷിത മുന്നേറ്റത്തിൽ പങ്കുചേരുവാനും നിങ്ങളെ ദൈവം പ്രാപ്തരാക്കട്ടെ.

സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

നിങ്ങളുടെ വത്സല പിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
26-09-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 ഒക്ടോ. 15-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3036/K-5/KCBC/OL/DS 16.9.2017

# ലോകമിഷൻ ദിനസന്ദേശം – 2017

## *പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ*

## ഫ്രാൻസിസ് മാർപാപ്പാ

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടുതന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ് സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

### വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിതപ്രവർത്തനവും

1. സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരിവർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്വാർത്തയാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കു

കയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടുംകൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടുന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പിതാവായ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽനിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

2. പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf യോഹ 1:14).

### പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും

3. അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശുക്രിസ്തു തന്നെ സുവിശേഷവത്കരണവും പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ - രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷപ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടുംകൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും

ഫലപുഷ്ടമാക്കുന്നത് - മഴ ഭൂമിയെ എന്നപോലെ തന്നെ. "അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്" (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

4. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു" ബെനഡിക്റ്റ് 16-ാമൻ, *ദേവൂസ് കാരിത്താസ് എസ്ത്*, 1). സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനുംവേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടിക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടിയുള്ള ഭക്ഷണമായിത്തീരുന്നു. അത് "അമർത്ത്യതയുടെ ഔഷധമാണ്" (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

5. യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവപരമായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവുകൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തിക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവ

ത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുടങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മിക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തുവിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുടെ വിലാപത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജനങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അളവറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളിവുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

**പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു**

6. സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മികതയാൽ സജീവമാക്കപ്പെടുന്നു. "സുവിശേഷത്തിന്റെ പ്രകാശം ആവശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ" (*എവാഞ്ചെലീ നൂൻസ്യാന്തി,* 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

7. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീതമായ

ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വ പൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരുവുകളിലാ യിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമു ള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നു. സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നത് (അവിടെത്തന്നെ, 49).

### യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ

8. യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരി ടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കു ന്നു...യുവജനം തെരുവീഥികളിൽ വചനപ്രഘോഷകരായിരിക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷപൂർവം ഓരോ തെരു വിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും അവർ യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കുന്നു." (അവിടെ ത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസ വും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിത മായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തരവാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവ നാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

### പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം

9. എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈ റ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ ആധ്യാ ത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും

മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസി നീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു.  വിശ്വാസ പ്രചരണസംഘം നിർദേശിക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്തസമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്നവിധം പ്രവർത്തിക്കാൻ തന്നെ.

## സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം

10. പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാസത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ് വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് “ഞാൻ സമ്മതിക്കുന്നു” എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻമേൽ വിജയം വരിക്കുന്ന സദ്‌വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017, പെന്തക്കൂസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** പരിശുദ്ധ പിതാവിന്റെ ഈ സന്ദേശം ഒക്ടോ. 15-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ പ്രധാനാശയങ്ങൾ സംക്ഷിപ്തമായി വിശദീകരിച്ചു കൊടുക്കുകയോ ചെയ്യണം.

# കച്ചേരി കാര്യം

## 1. പുതിയ നിയമനങ്ങൾ

1. ഫാ. തോമസ് നാട്ടുനിലത്ത് എംഎസ്റ്റി– അസി. വികാരി, കണിച്ചാർ

## 2. മിഷൻ ഞായർ

ഒക്ടോബർ 22–നാണ് ഈ വർഷത്തെ മിഷൻ ഞായർ ആഘോഷിക്കുന്നത്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രാർത്ഥനയും സംഭാവനയുംവഴി സഹായിക്കാൻ ഈ ദിവസം നമുക്ക് പരിശ്രമിക്കാം. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച ആഗോളമിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനായിട്ടാണ് നല്കുന്നത്. ഉദാരമായി സംഭാവന ചെയ്യാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും അന്നു ലഭിക്കുന്ന തുക താമസിയാതെ തന്നെ അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യുമല്ലോ. ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ പതിവുപോലെ മിഷൻ ഫണ്ട് സമാഹരിക്കാൻ ഉത്സാഹിക്കണം.

## 3. മെത്രാഭിഷേക കർമ്മം

നിയുക്ത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേകം നവംബർ 8ന് രാവിലെ 9 മണിക്ക് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽവച്ച് നടക്കും. വിശദാംശങ്ങൾ ഈ ബുള്ളറ്റിനിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## 4. പുതിയ കോൺവെന്റ്

പാടാംകവല ഇടവകയിൽ ഡോട്ടേഴ്സ് ഓഫ് മേരി സന്ന്യാസിനീ സമൂഹത്തിന്റെ ഒരു പുതിയ ഭവനം ആരംഭിച്ചിരിക്കുന്നു. സി. അനിറ്റാ തോമസ് ആണ് മദർ സുപ്പീരിയർ.

അഡ്രസ് : സി. അനിറ്റ തോമസ് ഡി.എം.
ഡി.എം. കോൺവെന്റ്, പാടാംകവല
ചന്ദനക്കാംപാറ പി.ഒ. – 670633, ഫോൺ : 0460 2214475

## 5. അഖണ്ഡാരാധന

അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായുള്ള അഖണ്ഡാരാധന ഒക്ടോബർ–നവംബർ മാസങ്ങളിൽ നടത്താനുള്ള ഇടവകകളുടെയും സന്ന്യാസഭവനങ്ങളുടെയും ലിസ്റ്റ് ഈ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 6. പുതിയ ഫോൺ നമ്പറുകൾ

പാലത്തുംകടവ് പള്ളി – 8078792995

ഫാ. മാത്യു തെക്കേക്കുളം – 9400140999

## 7. അഭിനന്ദനങ്ങൾ

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽനിന്നും മനഃശാസ്ത്രത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കിയിരിക്കുന്ന ബഹു. റെന്നി അരീപ്ലാക്കൽ അച്ചന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. വിവാഹമോചനങ്ങൾ തടയുന്നതിനുള്ള മനഃശാസ്ത്രപദ്ധതിയാണ് അച്ചന്റെ തീസിസിന്റെ വിഷയം.

## 8. ആദരാഞ്ജലികൾ

**1. ഫാ. സെബാസ്റ്റ്യൻ പാലക്കീൽ:** അവിഭക്ത തലശ്ശേരി രൂപതയിലെ



വൈദികനായിരുന്ന ഫാ. സെബാസ്റ്റ്യൻ പാലക്കീൽ 2017 സെപ്റ്റംബർ 2-ാം തീയതി നിര്യാതനായി. അച്ചൻ കഴിഞ്ഞ 3 വർഷങ്ങളായി മാനന്തവാടി വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

പാലാ രൂപതയിലെ കുടക്കച്ചിറ ഇടവക വള്ളോപ്പിള്ളി-പാലക്കീൽ സ്കറിയായുടെയും അന്നമ്മയുടെയും 8 മക്കളിൽ ഏഴാമനായി 1938 മാർച്ച് 17ന് അച്ചൻ ജനിച്ചു. 1964 മാർച്ച് 14ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. മാനന്തവാടി രൂപതയിലെ മാർട്ടിൻനഗർ, തൃശ്ശിലേരി, പയ്യമ്പള്ളി, കുറുമ്പാല, പുതുശ്ശേരിക്കടവ്, കൊട്ടിയൂർ, കല്ലോടി, തരിയോട്, കബനിഗിരി, റിപ്പൺ, നടവയൽ, ചെന്നലോട്, തലശ്ശേരി രൂപതയിലെ പുളിങ്ങോം, കോഴിച്ചാൽ, രാജഗിരി, തോട്ടത്താടി, ധർമ്മസ്ഥലം, കളഞ്ച, നെല്ലിയാടി, ജഡിക്കൽ, പുറവയൽ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. ഭദ്രാവതി രൂപത നിലവിൽ വരുന്നതിന് മുൻപ് കർണ്ണാടകയിലെ എൻ.ആർ. പുര മിഷൻ റീജിയണിലെ എപ്പിസ്കോപ്പൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മൃതസംസ്ക്കാര ശുശ്രൂഷയുടെ ആദ്യഭാഗം അഭിവന്ദ്യ മാർ ഞറളക്കാട്ടു പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. സെപ്റ്റം. 4ന് നടന്ന മൃതസംസ്ക്കാര ശുശ്രൂഷയോടനുബന്ധിച്ചുള്ള വി. ബലിയ്ക്കു അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യകാർമ്മികനായിരുന്നു. മൃതസംസ്കാര ശുശ്രൂഷയിൽ വചനസന്ദേശം നൽകിയത് സെമിനാരിയിൽ അച്ചന്റെ സഹപാഠിയായിരുന്ന ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം

പിതാവായിരുന്നു. ബഹു. പാലക്കീൽ അച്ചൻ എല്ലാവരോടും സൗമ്യമായി ഇടപഴകുകയും ഗൗരവതരമായ കാര്യങ്ങൾപോലും ആരേയും വേദനിപ്പിക്കാതെ പരിഹരിക്കുകയും ചെയ്ത പ്രിയ സുഹൃത്തായിരുന്നുവെന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. അനേകം വൈദികരും സന്യാസിനികളും ആയിരക്കണക്കിന് വിശ്വാസികളും അന്തിമ ശുശ്രൂഷയിൽ പങ്കുചേർന്നു. ജനപ്രതിനിധികളും സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ഒട്ടേറെ പ്രമുഖരും അന്തിമോപചാരം അർപ്പിച്ചു.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സഹോദരനും ബഹു. സക്കറിയാസ് വള്ളോപ്പിള്ളിയച്ചന്റെ സഹോദരനുമായ ഫാ. സെബാസ്റ്റ്യൻ മലബാറിന്റെ വികസന പ്രക്രിയയിൽ നിസ്തുലമായ സംഭാവനകൾ നല്കിയ വ്യക്തിയാണ്. അച്ചന്റെ ശുശ്രൂഷകളെ നന്ദിയോടെ അനുസ്മരിക്കുകയും നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**2. അന്നക്കുട്ടി മുണ്ടമറ്റത്തിൽ (82):** ഫാ. തോമസ് മുണ്ടമറ്റത്തിന്റെ വത്സല മാതാവ് ശ്രീമതി അന്നക്കുട്ടി ജോസഫ് 2017 സെപ്റ്റംബർ 11-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരം സെപ്റ്റംബർ 12ന് ചന്ദനക്കാംപാറ ചെറുപുഷ്പം പള്ളി സിമിത്തേരിയിൽ നടന്നു. സന്തപ്ത കുടുംബാംഗങ്ങൾക്ക് അനുശോചനം നേരുകയും പരേതക്ക് നിത്യസമ്മാനം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**3. ശ്രീ. മാത്യു ഫിലിപ്പ് ഇരുപ്പക്കാട്ട് (61):** ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ടിന്റെ സഹോദരൻ ശ്രീ. മാത്യു ഫിലിപ്പ് 2017 സെപ്റ്റം. 16ന് നിര്യാതനായി. മൃതസംസ്ക്കാരം സെപ്റ്റംബർ 18ന് മാലോം സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ നടന്നു. സന്തപ്ത കുടുംബാംങ്ങളെ അനുശോചനം അറിയിക്കുന്നു. പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**4. ഫാ. ജോർജ് (അപ്പച്ചൻ) തോട്ടത്തിൽ സി.എസ്.ടി. (49):** ഫാ. ജോൺസൺ തോട്ടത്തിലച്ചന്റെ സഹോദരനും സി.എസ്.ടി. സെന്റ് തോമസ് പ്രൊവിൻസ് അംഗവുമായ ഫാ. ജോർജ് (അപ്പച്ചൻ) തോട്ടത്തിൽ 2017 സെപ്റ്റം. 22-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷ സെപ്റ്റം. 25-ാം തീയതി തിങ്കളാഴ്ച കോട്ടൂർ സെന്റ് തോമസ് ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. അച്ചന്റെ വിയോഗത്തിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളെയും സന്യാസസമൂഹത്തെയും അനുശോചനം അറിയിക്കുകയും അച്ചന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# നിയുക്ത സഹായമെത്രാന്റെ മെത്രാഭിഷേകം

തലശ്ശേരി അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. ജോസഫ് പാംപ്ലാനിയുടെ മെത്രാഭിഷേക കർമ്മങ്ങൾ 2017 നവംബർ 8-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് തലശ്ശേരി കത്തീഡ്രൽ മൈതാനിയിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽവച്ച് നടത്താൻ പാസ്റ്ററൽ കൗൺസിലിലും മറ്റ് ആലോചനാ സമ്മേളനങ്ങളിലുംവച്ച് തീരുമാനിക്കുകയുണ്ടായി.

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവാണ് മെത്രാഭിഷേക കർമ്മത്തിലെ മുഖ്യകാർമ്മികൻ. മാർ ജോർജ് വലിയമറ്റം പിതാവും പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും സഹകാർമ്മികരായിരിക്കും. വി. കുർബാനയുടെ മദ്ധ്യേയുള്ള വചനസന്ദേശം നൽകുന്നത് സി.ബി.സി.ഐ. പ്രസിഡന്റ് മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയൂസ് കാർഡിനൽ ക്ലീമീസ് പിതാവാണ്. ആശംസാസന്ദേശങ്ങൾ നല്കുന്നത് കെ.സിബി.സി. പ്രസിഡന്റ് ആർച്ചുബിഷപ് സൂസൈപാക്യം,

➔ ---------------------------

## 9. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ബർത്തലോമ്യോ മഴുവഞ്ചേരി സി.എം.ഐ. | - | 01-10-2006 |
| 2. | റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ | - | 04-10-1994 |
| 3. | റവ. ഫാ. ജോസഫ് കച്ചിറമറ്റം | - | 07-10-2001 |
| 4. | റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ | - | 21-10-2013 |
| 5. | റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. | - | 23-10-1982 |
| 6. | റവ. ഫാ. മാത്യു കാനക്കാട്ട് | - | 24-10-2007 |
| 7. | റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി | - | 26-10-2010 |
| 8. | റവ. ഫാ. അഡ്രിയാൻ സി.എം.ഐ. | - | 26-10-1978 |
| 9. | റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. | - | 28-10-1986 |
| 10. | റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ | - | 30-10-2002 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

ബിഷപ് മാർ ലോറൻസ് മുക്കുഴി, അതിരൂപതാ എ.കെ.സി.സി. പ്രസിഡന്റ് എന്നിവരായിരിക്കും.

മെത്രാഭിഷേക ചടങ്ങുകൾ ഭംഗിയായി ക്രമീകരിക്കാൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ ഉൾപ്പെടുത്തി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് രക്ഷാധികാരിയും മോൺ. ജോർജ് എളൂക്കുന്നേൽ സഹരക്ഷാധികാരിയും മോൺ. അലക്സ് താരാമംഗലം ജനറൽ കൺവീനറുമായി സംഘാടകസമിതി രൂപീകരിച്ചു. ഫാ. ജോസഫ് കാക്കരമറ്റം, ഫാ. തോമസ് തെങ്ങുംപള്ളിൽ എന്നിവർ കൺവീനർമാരായിരിക്കും. കൂടാതെ വിവിധ സബ്കമ്മിറ്റികളെയും തിരഞ്ഞെടുക്കുകയുണ്ടായി. ഈ കമ്മിറ്റികളിൽ അതിരൂപതാ കേന്ദ്രത്തിൽനിന്നുള്ള വൈദികർ ചെയർമാന്മാരും പാസ്റ്ററൽ കൗൺസിൽ തിരഞ്ഞെടുത്ത അല്മായപ്രതിനിധികൾ കൺവീനർമാരുമാണ്.

**സബ്കമ്മിറ്റികളും ഭാരവാഹികളും**

1. ക്ഷണം - ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്
   ശ്രീ. ദേവസ്യ കൊങ്ങോല
2. സ്വീകരണം - ഫാ. ജേക്കബ് വെണ്ണായപ്പള്ളി
   അഡ്വ. മനോജ് കണ്ടത്തിൽ
3. പ്രോഗ്രാം - ഫാ. തോമസ് തെങ്ങുംപള്ളിൽ
   ഡോ. ജോസ്ലറ്റ് മാത്യു
4. ഗതാഗതം - ഫാ. സോണി വടശ്ശേരി
   ശ്രീ. എബിൻ കുര്യാക്കോസ്
5. പന്തൽ, വേദിക്രമീകരണം - ഫാ. മാത്യു തെക്കേമുറി
   ശ്രീ. സ്ക്കറിയ നെല്ലംകുഴി
6. ആരാധനക്രമം - ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ
7. ഗായകസംഘം - ഫാ. ജോസഫ് വയലുങ്കൽ
8. ഭക്ഷണം - ഫാ. ആന്റണി പരതേപതിക്കൽ
   ശ്രീ. ജോണി തോമസ്
9. താമസം - ഫാ. ജോർജ് കാഞ്ഞിരക്കാട്ട്
   ശ്രീ. തോമസ് പാറയ്ക്കൽ
10. പരസ്യം - ഫാ. ജെയിംസ് ചെല്ലങ്കോട്ട്
11. ഫോട്ടോ, വീഡിയോ - ഫാ. ജോൺ തുരുത്തിപ്പള്ളിൽ
    ശ്രീ. ജോർജ് തയ്യിൽ
12. ജലവിതരണം - ഫാ. ജോസഫ് നൂറാമ്മാക്കൽ
    ശ്രീമതി സിസിലി പുഷ്പക്കുന്നേൽ

13. സന്നദ്ധ പ്രവർത്തകർ - ഫാ. മാത്യു ശാസ്താംപടവിൽ
ശ്രീ. സിജോ അമ്പാട്ട്

14. വൈദ്യസഹായം - സി. ഡോ. സീലിയ എസ്എബിഎസ്

**നിർദ്ദേശങ്ങൾ**

1. മെത്രാഭിഷേക ചടങ്ങുകൾ നവംബർ 8ന് രാവിലെ 9 മണിക്ക് വിശിഷ്ടാതിഥികൾക്കുള്ള സ്വീകരണത്തോടെ ആരംഭിക്കും.

2. പാസ്റ്ററൽ കൗൺസിൽ തീരുമാനിച്ചതനുസരിച്ച് പ്രാതിനിധ്യസ്വഭാവത്തിലാണ് ദൈവജനത്തിന്റെ പങ്കാളിത്തം നിശ്ചയിച്ചിരിക്കുന്നത്. താഴെ പറയുന്ന ക്രമത്തിൽ മാത്രം ഇടവകകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| 300 കുടുംബങ്ങളിൽ താഴെയുള്ള ഇടവകകൾ | - 10 പേർ |
| 300 - 600 ,, | - 15 പേർ |
| 600 - 900 ,, | - 20 പേർ |
| 900 - മുകളിൽ കുടുംബങ്ങളുള്ള ഇടവകകൾ | - 25 പേർ |
| കുരിശുപള്ളികൾ | - 5 പേർ |

പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ ഇടവകയിലെ സന്യാസ സമൂഹങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണം. കൈക്കാരന്മാർ, കോ-ഓർഡിനേറ്റർ, സൺഡേസ്കൂൾ പ്രതിനിധി, സ്കൂൾ പ്രതിനിധി തുടങ്ങിയവരെ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

3. തലശ്ശേരി അതിരൂപതയിലെ എല്ലാ ബഹു. വൈദികരും കർമ്മങ്ങളിൽ ആദ്യന്തം പങ്കെടുക്കണമെന്നും ദൈവജനത്തെ തിരഞ്ഞെടുത്ത് പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണമെന്നും താത്പര്യപ്പെടുന്നു. ബഹു. വൈദികർ കാപ്പ ഉൾപ്പെടെയുള്ള തിരുവസ്ത്രങ്ങൾ കൊണ്ടുവരാൻ ശ്രദ്ധിക്കണം.

4. വാഹനം പാർക്കിങ്, ഗതാഗതം തുടങ്ങിയവയെ സംബന്ധിച്ച് അടുത്ത മാസത്തെ ബുള്ളറ്റിനിൽ അറിയിപ്പ് നല്കുന്നതാണ്.

**മോൺ. അലക്സ് താരാമംഗലം**
ജനറൽ കൺവീനർ, സംഘാടക സമിതി

| അതിരൂപതാ അസംബ്ലിയ്ക്ക് ഒരുക്കമായുള്ള അഖണ്ഡാരാധന സമയക്രമം | | |
|---|---|---|
| ദിവസം | 6 am-12 pm 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
| ഒക്ടോ.1 | കുടിയാന്മല കുന്നോത്ത് | സിഎച്ച്എഫ് ബദിയടുക്ക<br>എസ്കെഡി ചെടിക്കുളം<br>സിഎംഐ ഇരിട്ടി |
| ,, 2 | കുന്നുംകൈ കുട്ടാപറമ്പ | സിഎച്ച്എഫ് ധർമ്മടം<br>എസ്കെഡി ചെങ്ങോം<br>സിഎംഐ കാഞ്ഞങ്ങാട് |
| ,, 3 | ലിസ്സിഗിരി മാടത്തിൽ | സിഎച്ച്എഫ്, കടുമേനി<br>എസ്കെഡി, ഇരിട്ടി<br>സിഎംഐ, പുഷ്പഗിരി |
| ,, 4 | മാലോം മാമ്പോയിൽ | സിഎച്ച്എഫ്, പാത്തൻപാറ<br>എസ്കെഡി, ജോസ്മൗണ്ട്<br>എംസിബിഎസ് നെല്ലിക്കുറ്റി |
| ,, 5 | മാനടുക്കം മണക്കടവ് | സിഎച്ച്എഫ്, പയ്യന്നൂർ<br>എസ്കെഡി, കാലാങ്കി<br>എംസിബിഎസ്, പരിയാരം |
| ,, 6 | മണ്ഡളം മണ്ഡപം | സിഎച്ച്എഫ്, തിരുമേനി<br>എസ്കെഡി, കാഞ്ഞങ്ങാട്<br>എംസിബിഎസ്, എണ്ണപ്പാറ |
| ,, 7 | മാങ്ങോട് മണിക്കടവ് | സിഎച്ച്എഫ്, തളിപ്പറമ്പ<br>എസ്കെഡി, കാപ്പിമല<br>വട്ടിയറ, എംസിബിഎസ് |
| ,, 8 | മണിപ്പാറ മഞ്ഞളാംപുറം | എസ്എംഎസ്, അട്ടക്കണ്ടം<br>ഡിപിഎം, മണ്ടളം<br>കോട്ടൂർ, സിഎസ്ടി |
| ,, 9 | മേരിഗിരി മേരിപുരം | എസ്എംഎസ്, ബാലേശുഗിരി<br>ഡിപിഎം, നെടുവാലൂർ<br>സിഎസ്ടി, കന്നിക്കളം |
| ,, 10 | മാട്ടറ മാവുംചാൽ | എസ്എംഎസ്, ചൂരപ്പടവ്<br>ഡിപിഎം, പെരുമ്പുന്ന<br>സിഎസ്ടി, ഇരിക്കൂർ |

| ദിവസം | 6 am-12 pm 12 pm–6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|
| ഒക്ടോ. 11 | മേലേചൊവ്വ മുടയരഞ്ഞി | എസ്എംഎസ്, കരുണാപുരം<br>ഡിപിഎം, പെരുമ്പുന്നഹോസ്പിറ്റൽ<br>സിഎസ്ടി, ഇരിട്ടി |
| ,, 12 | മുളപ്ര മുള്ളേരിയ | എസ്എംഎസ്, പരിയാരം<br>ഡിപിഎം, ചായ്യോത്ത്<br>സിഎസ്ടി, നെല്ലിക്കുന്ന് |
| ,, 13 | മുണ്ടാനൂർ നടുവിൽ | എസ്എംഎസ്, പുളിങ്ങോം<br>എസ്ഡി, ഒറ്റത്തൈ<br>ഒഎഫ്എം(ക്യാപ്) കണ്ണൂർ |
| ,, 14 | നാട്ടക്കൽ നെടുംപുറംചാൽ | എസ്ഡി, പടന്നക്കാട്<br>എംഎസ്എംഐ, മേലേചൊവ്വ<br>ഒഎഫ്എം, നാട്ടക്കൽ |
| ,, 15 | നെടുവാലൂർ നീലേശ്വരം | എസ്ഡി, തലശ്ശേരി<br>എഎസ്എംഐ, കാലിച്ചാനടുക്കം<br>ഒഎഫ്എം, (ക്യാപ്) പയ്യന്നൂർ |
| ,, 16 | നെല്ലിക്കാംപൊയിൽ നെല്ലിക്കുന്ന് | എഎസ്എംഐ, കെട്ടോടി<br>ഡിഎം, എടാട്ട്<br>ഒഎഫ്എം (ക്യാപ്) പട്ടാരം |
| ,, 17 | നെല്ലിക്കുറ്റി നെല്ലിപ്പാറ | ഡിഎം, ഇരിട്ടി<br>എസ്എംസി, ചാവറഗിരി<br>ഒഎഫ്എം(ക്യാപ്) വെള്ളരിക്കുണ്ട് |
| ,, 18 | നെല്ലിയടുക്കം നിർമ്മലഗിരി | ഡിഎം, പടന്നക്കാട്<br>എസ്എംസി, കരയത്തുംചാൽ<br>ഒസിഡി, മണ്ഡപം |
| ,, 19 | ഓടൻതോട് ഒറ്റത്തൈ | എസ്എംസി, തയ്യേനി<br>സിഎസ്എൻ, ചെമ്പന്തൊട്ടി<br>ഒസിഡി, പേരാവൂർ |
| ,, 20 | പച്ചാണി പാടാംകവല | എസ്എംസി, കോലുവള്ളി<br>എംഎൽഎഫ്, കണ്ണിവയൽ<br>വിസി, എടത്തൊട്ടി |
| ,, 21 | പടന്നക്കാട് പടിമരുത് | എംഎൽഎഫ്, മുണ്ടാനൂർ<br>എസ്ജെഎൽ, നിർമ്മലഗിരി<br>വിസി, കാലിച്ചാനടുക്കം |

| ദിവസം | 6 am-12 pm 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|
| ഒക്. 22 | പടിയൂർ പാടിയോട്ടുചാൽ | എംഎസ്ജെ, മണ്ടളം<br>ഡിഎസ്ടി, ചെമ്പേരി<br>സിഎസ്എസ്ആർ, എടൂർ |
| ,, 23 | പടുപ്പ് പൈസക്കരി | ഡിഎസ്ടി കുടിയാന്മല<br>എസ്എബി, പടിയൂർ<br>ഒഎഫ്എം, (മൈനർ) പെരുമ്പുന്ന |
| ,, 24 | പാലത്തുംകടവ് പാലാവയൽ | ഡിഎസ്ടി, നെടുംപുറംചാൽ<br>സിഎഫ്എംഎസ്എസ്, പടിമരുത്<br>എസ്ഡിബി, അങ്ങാടിക്കടവ് |
| ,, 25 | പനത്തടി പാണത്തൂർ | ഡിഎസ്ടി, കോടോപ്പള്ളി<br>സിഎഫ്എംഎസ്എസ്, പടിമരുത്<br>എസ്ഡിബി, അങ്ങാടിക്കടവ് |
| ,, 26 | പറമ്പ പരപ്പ | എംഎംഎം, ചെറുപുഴ<br>സിഎസ്ജെബി, പൂപറമ്പ<br>ഐഎംഎസ്, പേരട്ട |
| ,, 27 | പരിയാരം പാത്തൻപാറ | എംഎംഎം, ചെമ്പേരി<br>എൽഎസ്ടി, കരിക്കോട്ടക്കരി<br>സിഎഫ്ഐസി, പനത്തടി |
| ,, 28 | പയ്യന്നൂർ പയ്യാവൂർ | എസ്ഡിപി, ബിരിക്കുളം<br>സിഎസ്എസ്ഇ, കോട്ടൂർ<br>എച്ച്ജിഎൻ, കരുണാപുരം |
| ,, 29 | പേരട്ട പേരാവൂർ | എസ്ഡിപി, വിമലഗിരി<br>സിഎസ്എസ്ഇ, വെള്ളരിക്കുണ്ട്<br>എസ്എച്ച് ഫാദേഴ്സ്, കേളകം |
| ,, 30 | പെരിങ്ങാല പെരിങ്കരി | എസഎസ്എംഎസ്എ,വെള്ളരിക്കുണ്ട്<br>എംഎസ്എംഎച്ച്സി,കരുവഞ്ചാൽ<br>ടിഒആർ, കാര്യപ്പള്ളി |
| ,, 31 | പെരുമ്പടവ് പെരുമ്പുന്ന | എംഎസ്എംഎച്ച്സി, പെരിയാട്ടടുക്കം<br>എസ്സിഎസ്സി, ചെമ്പേരി<br>ഒഎസ്ബി, കരിവേടകം |
| നവം. 1 | പൊന്മല പൂളക്കുറ്റി | വരക്കാട് എഫ്എംഎ<br>ഡിഎസ്ജെ ചീക്കാട്<br>ഒഎസ്ബി മണ്ഡപം |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| നവം. 3 | പുലിക്കുരുമ്പ | പുളിങ്ങോം | ഒഎസ്എ പെരിങ്കരി<br>എംഎസ്എംഐ പരിയാരം<br>സാൽവത്തോറിയൻസ് കൊട്ടോടി |
| ,, 4 | പുഞ്ച | പുന്നക്കുന്ന് | ഡിഎംഎൽ പൊന്ന്യം<br>എംഎസ്എംഐ രണ്ടാംകടവ്<br>എംഎസ്ടി പരിയാരം |
| ,, 5 | പുറവയൽ | രാജഗിരി | എഫ്എസ്എസ്ഇ<br>എംഎസ്എംഐ റയറോം<br>ഒഎസ്എസ്ടി കാസർഗോഡ് |
| ,, 6 | രാജമുടി | രണ്ടാംകടവ് | സിഎസ്സി മാവുംഞ്ചാൽ<br>എംഎസ്എംഐ ശാന്തിനഗർ<br>സിഎംഎഫ് കുന്നോത്ത് |
| ,, 7 | രത്നഗിരി | രയറോം | എഫ്എസ്സി കണ്ണൂർ<br>എംഎസ്എംഐ ശ്രീകണ്ഠാപുരം<br>സിഎസ്ജെബിപി ബദിയടുക്ക |
| ,, 8 | ശാന്തിനഗർ | സ്നേഹഗിരി | ഒഎസ്എഫ്, ചായ്യോത്ത്<br>എസ്കെഡി, ലിസ്സിഗരി<br>സിആർഎം, കിളിയന്തറ |
| ,, 9 | ശ്രീകണ്ഠാപുരം | താബോർ | ആർഎ, ചേപ്പറമ്പ<br>എംഎസ്എംഐ, തലശ്ശേരി<br>എംഎംബി, ബാലേശുഗിരി |
| ,, 10 | തടിക്കടവ് | ആനമഞ്ഞൾ | എഫ്എസ്ഐ, പനത്തടി<br>എസ്ഡി, ചെമ്പേരി<br>എംഎംബി, കാഞ്ഞങ്ങാട് |
| ,, 11 | തളിപ്പറമ്പ | തയ്യേനി | യുഎംഐ, കാഞ്ഞിരടുക്കം<br>എസ്ഡി, കരുവഞ്ചാൽ, ശാന്തിഭവൻ<br>സിഎസ്ടി, കൂട്ടുമുഖം |
| ,, 12 | തേർമല | തലശ്ശേരി | എസ്ജെഎസ്എം, വാണിയപ്പാറ<br>എസ്ഡി, കാവുന്തല<br>പട്ടാരം ഒഎം |
| ,, 13 | തിരുമേനി | തോമാപുരം | എൽഎസ്ഡിപി, വിളമന<br>എസ്ഡി, മാമ്പോയിൽ<br>എഫ്എസ്എം, അങ്ങാടിക്കടവ് |
| ,, 14 | ഉദയഗിരി | ഉദയപുരം | സിപിഎസ്, മുടയരഞ്ഞി<br>എസ്ഡി, മണ്ഡപം<br>എംപിവി, കുന്നോത്ത് |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| ,, 15 | ഉളിക്കൽ | ഉരുപ്പുംകുറ്റി | എംജെ, പരിയാരം<br>എഎസ്എംഐ, വെമ്പുവ<br>എൽഡബ്ല്യൂഎസ്എച്ച്, മഞ്ഞളാംപുറം |
| ,, 16 | വാണിയപ്പാറ | വരക്കാട് | എഫ്എംഎസ്എസ്, ബദിയടുക്ക<br>എഎസ്എംഐ, പൂളക്കുറ്റി<br>ഡിഡബ്ല്യൂ, ഒടുവള്ളി |
| ,, 17 | വട്ടിയറ | വായാട്ടുപറമ്പ് | എസ്സിവി, കുട്ടാപറമ്പ<br>ഡിഎം, ആടാപറമ്പ<br>ജെഎംജെ, പയ്യാവൂർ |
| ,, 18 | വെള്ളരിക്കുണ്ട് | വെളിമാനം | സിഎസ്എം, പരിയാരം<br>ഡിഎം, ബെഡൂർ<br>ഡിഎസ്എച്ച്ജെ, കല്ലുവയൽ |
| ,, 19 | മട്ടന്നൂർ | വാഴമല | സിഎസ്എം, മുളപ്ര<br>സിഎസ്എൻ, അരിവിളഞ്ഞപൊയിൽ<br>ഡിസി, മാടത്തിൽ |
| ,, 20 | വെള്ളരിയാനം | വെമ്പുവ | ഒഎസ്എൽ, കരിക്കോട്ടക്കരി<br>സിഎസ്എൻ, രാജഗിരി<br>സിജെ, ആലക്കോട് |
| ,, 21 | വെണ്ണക്കല്ല് | വിജയഗിരി | എസ്എസ്എസ്, പെരിങ്ങാല<br>എംഎൽഎഫ്, ചട്ടമല<br>ഒപി, പൊയ്ൽ |
| ,, 22 | വിജയപുരം | വിളക്കന്നൂർ | എസ്ഡിവി, ചീമേനി<br>എസ്ജെഎൽ, കാർത്തികപുരം<br>പൊന്ന്യം സെമിനാരി |
| ,, 23 | വിളമന | വിമലഗിരി (പരപ്പ) | ജെഎസ്, രാജമുടി<br>എംഎസ്ജെ, ചെറുപുഴ<br>എസ്സിജെജി, അമ്മംകുളം |
| ,, 24 | വിമലശ്ശേരി | ഹൊസങ്കടി | എസ്സിഎച്ച്എസ്എ, കടുമേനി<br>എസ്എബിഎസ്, തോമാപുരം<br>ആർച്ച്ബിഷപ്പ് ഹൗസ്<br>കരുണാലയം ചെമ്പേരി |
| ,, 25 | വെള്ളാട് | | എംഎസ്എംഎച്ച്സി, കോലുവള്ളി<br>എച്ച്എസ്എം, വായാട്ടുപറമ്പ്<br>എസ്സിഎസ്സി, കല്ലുമുതിരക്കുന്ന്<br>എഫ്ഡിഎസ്എച്ച്ജെ, പുന്നക്കുന്ന്<br>സന്ദേശഭവൻ |

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

## 07-09-2017

തലശ്ശേരി അതിരൂപതയുടെ 16-ാമത് പാസ്റ്ററൽ കൗൺസിലിന്റെ 7-ാമത് സമ്മേളനം 2017 സെപ്റ്റംബർ മാസം 7-ാം തീയതി വ്യാഴാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് ചേർന്നു. രാവിലെ 10.15ന് നസ്രത്ത് സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ഗ്രെയ്സ് മേരി എൻ.എസ്. നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം ആരംഭിച്ചു. മോൺ. അലക്സ് താരാമംഗലം യോഗാംഗങ്ങളെ സ്വാഗതം ചെയ്യുകയും പുതുതായി നിയമിതനായ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിക്ക് അഭിനന്ദങ്ങളും ആശംസകളും അറിയിക്കുകയും ചെയ്തു. കഴിഞ്ഞ യോഗ റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. മനോജ് എം. കണ്ടത്തിൽ അവതരിപ്പിച്ചു. റിപ്പോർട്ട് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

തുടർന്ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. 16-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗമാണ് ഇതെന്നും കഴിഞ്ഞ മൂന്നുവർഷമായി കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കിയ എല്ലാ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നുവെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. തലശ്ശേരിക്ക് ആദ്യമായി ഒരു സഹായമെത്രാനെ ലഭിച്ചതിലുള്ള സന്തോഷം പിതാവ് പങ്കുവച്ചു. 2016 ഏപ്രിൽ മുതൽ ആരംഭിച്ച നടപടിക്രമങ്ങളാണ് ഇപ്പോൾ പൂർത്തിയായിരിക്കുന്നത്. തലശ്ശേരി അതിരൂപതയിലെ വൈദികരുടെയും ദൈവജനത്തിന്റെയും ആഗ്രഹം മനസ്സിലാക്കിക്കൊണ്ടാണ് ഈ തീരുമാനം എടുത്തതെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. മെത്രാഭിഷേക കർമ്മങ്ങൾ നവംബർ മാസം 8-ാം തീയതി നടത്താമെന്ന നിർദ്ദേശവും അഭിവന്ദ്യ പിതാവ് മുന്നോട്ടു വച്ചു. ഈ പാസ്റ്ററൽ കൗൺസിൽ ചർച്ച ചെയ്യുന്ന രണ്ടാമത്തെ വിഷയം നവംബർ അവസാനം നടക്കാൻ പോകുന്ന അതിരൂപതായോഗമാണ്. അടുത്ത പത്ത് വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി ഈ അസംബ്ലിയിൽ രൂപീകരിക്കണമെന്ന് പിതാവ് പറഞ്ഞു. കത്തോലിക്കാ കോൺഗ്രസിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇടതുപക്ഷ ചിന്താഗതി വർദ്ധിച്ചു വരുന്നതിനെക്കുറിച്ചും കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന സർക്കാർ നയത്തെക്കുറിച്ചും അഭിവന്ദ്യ മെത്രാപ്പോലീത്ത തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു.

തുടർന്ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. അബ്രാഹം പോണാട്ടും അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീജ കാറുകുളവും നിയുക്ത സഹായ മെത്രാന് അഭിനന്ദനങ്ങൾ അർപ്പിച്ചു

കൊണ്ട് സംസാരിച്ചു. മറുപടി പ്രസംഗത്തിൽ മാർ ജോസഫ് പാംപ്ലാനി പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും ബഹു. വൈദികരുടെയും സ്നേഹത്തിനും പിന്തുണക്കും നന്ദി അറിയിച്ചു.

തുടർന്ന് നിയുക്ത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിയുടെ മെത്രാഭിഷേക കർമ്മം എങ്ങിനെ നടത്തണം എന്ന ചർച്ച അതിരൂപതാ ചാൻസലർ റവ. ഡോ. തോമസ് തെങ്ങുംപള്ളിയുടെ നേതൃത്വത്തിൽ നടന്നു. 2017 നവംബർ 8-ാം തീയതി രാവിലെ മെത്രാഭിഷേകകർമ്മങ്ങൾ നടത്താമെന്നും കത്തീഡ്രൽ മൈതാനിയിൽ പന്തൽ നിർമ്മിച്ച് അവിടെവച്ച് നടത്തുന്നതാണ് ഉചിതമെന്നും തീരുമാനിച്ചു. പരമാവധി ആളുകളെ പങ്കെടുപ്പിക്കണമെന്നും പങ്കാളിത്തസ്വഭാവത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം ചുരുക്കണമെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ യോഗാംഗങ്ങൾ പ്രകടിപ്പിച്ചു. ലളിതമായി മെത്രാഭിഷേക ചടങ്ങുകൾ നടത്താനാണ് താത്പര്യമെന്ന് അഭിവന്ദ്യ പാംപ്ലാനി പിതാവ് ചർച്ചയിൽ ഇടപെട്ടുകൊണ്ട് പറഞ്ഞു. ചർച്ച ഉപസംഹരിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് ഇടവകകളുടെ വലിപ്പമനുസരിച്ചുള്ള പ്രാതിനിധ്യം നല്കാമെന്നും അറിയിച്ചു. തുടർന്ന് മെത്രാഭിഷേകത്തിനുള്ള ഒരുക്കങ്ങൾ നടത്താനുള്ള വിവിധ കമ്മിറ്റി കൺവീനർമാരായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. ക്ഷണം-ശ്രീ. ദേവസ്യ കൊങ്ങോല, സ്വീകരണം - ശ്രീ. മനോജ് കണ്ടത്തിൽ, ഗതാഗതം- ശ്രീ. എബിൻ കുര്യാക്കോസ്, സ്റ്റേജ്, പന്തൽ - ശ്രീ. സ്കറിയ നെല്ലംകുഴി, ഭക്ഷണം - ശ്രീ ജോണി വടക്കേക്കര, താമസം - ശ്രീ. തോമസ് പാറയ്ക്കൽ, പരസ്യം - ശ്രീ. ജോർജ് തയ്യിൽ, റ്റി. പി. ജോസ്, വോളന്റിയേഴ്സ് - ശ്രീ. സിജോ അമ്പാട്ട്, വെള്ളം - ശ്രീമതി സിസിലി പുഷ്പകുന്നേൽ, വൈദ്യസഹായം-ഡോ. സി. സീലിയ എസ്.എ.ബി. എസ്.

തുടർന്ന് അതിരൂപതായോഗത്തിൽ പങ്കെടുക്കാനുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പും അതിരൂപതാ യോഗത്തിൽ ഉരുത്തിരിയേണ്ട കർമ്മ പദ്ധതിയെക്കുറിച്ചുള്ള ചർച്ചയും നടന്നു. മാർ ജോസഫ് പാംപ്ലാനി വിഷയാവതരണം നടത്തി. 26 പുരുഷന്മാരും 14 സ്ത്രീകളുമുൾപ്പെടെ 40 പേരെ അതിരൂപതായോഗത്തിലേക്ക് തിരഞ്ഞെടുത്തു. തുടർന്ന് അതിരൂപതാ യോഗത്തിൽ അവതരിപ്പിക്കേണ്ട കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെക്കുറിച്ച് യോഗാംഗങ്ങൾ അഭിപ്രായങ്ങൾ അറിയിച്ചു. അതിരൂപതയ്ക്ക് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണം, കാർഷിക വിഭവങ്ങൾ സംസ്ക്കരിക്കാനും വിപണനം ചെയ്യാനുമുള്ള കേന്ദ്രം തുടങ്ങണം, കോച്ചിംഗ് - കരിയർ ഗൈഡൻസ് കേന്ദ്രങ്ങൾ തുടങ്ങണം, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം, ഒരു രാഷ്ട്രീയ കാര്യസമിതിക്ക് രൂപം കൊടുക്കണം, ഇന്റർനെറ്റ് സാക്ഷരത നല്കണം, കുട്ടികളുടെ ഇടയിൽ വളർന്നുവരുന്ന

ലഹരി ഉപയോഗത്തിനെതിരേ ജാഗ്രത വേണം തുടങ്ങിയ നിർദ്ദേശങ്ങൾ അംഗങ്ങൾ മുമ്പോട്ടുവച്ചു. ഡോ. അഗസ്റ്റിൻ വെട്ടിക്കൽ, ശ്രീ. തോമസ് മാണി, ശ്രീ. സജി വരമ്പുങ്കൽ, മോൺ. മാത്യു എം. ചാലിൽ, ഡോ. ജോസ്‌ലറ്റ് മാത്യു, ശ്രീ. ജോണി വടക്കേക്കര, ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീമതി ഐ.സി. മേരി, ശ്രീ. ഡി.പി. ജോസ്, ഡോ. കെ.വി. ഫിലോമിന തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഏർപ്പെടുത്തിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡിന് അർഹനായ മോൺ. മാത്യു എം. ചാലിൽ, സീറോ-മലബാർ യൂത്ത് എക്സലൻസ് അവാർഡിന് അർഹനായ ശ്രീ. സിജോ അമ്പാട്ട്, ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. മാത്യു ജോസഫ് വരമ്പുങ്കൽ എന്നിവരെ പാസ്റ്ററൽ കൗൺസിൽ അനുമോദിച്ചു.

സർക്കാരിന്റെ വികലമായ മദ്യനയത്തിനെതിരെ ശ്രീ. മാത്യു പായിക്കാട്ടും മാധ്യമപ്രവർത്തക ഗൗരി ലങ്കേഷിന്റെ വധത്തെ അപലപിച്ച് ശ്രീ. ജോണി വടക്കേക്കരയും അവതരിപ്പിച്ച പ്രമേയങ്ങൾ യോഗം അംഗീകരിച്ചു.

ചർച്ചകളിൽ സജീവമായി പങ്കെടുത്ത എല്ലാവർക്കും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് തന്റെ സമാപന സന്ദേശത്തിൽ നന്ദി അറിയിച്ചു. അതിരൂപതായോഗത്തിനുള്ള ഒരുക്കങ്ങളും ചർച്ചകളും നന്നായി പുരോഗമിക്കുന്നതിൽ അഭിവന്ദ്യ പിതാവ് സംതൃപ്തി രേഖപ്പെടുത്തി. അസംബ്ലിക്ക് ഒരുക്കമായി നടക്കുന്ന അഖണ്ഡാരാധനയിൽ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേക കർമ്മങ്ങളുടെ വിജയത്തിനുവേണ്ടികൂടി പ്രാർത്ഥിക്കണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. മനോജ് എം. കണ്ടത്തിൽ കൃതജ്ഞതാപ്രകാശനം നടത്തി. ഉച്ചക്ക് 1.30ന് യോഗം സമാപിച്ചു. 116 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

**അഡ്വ. മനോജ് കണ്ടത്തിൽ**
സെക്രട്ടറി

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Mathew Paravarakath | 10,000 |
| 2. | Rev. Fr. Francis Rathappilly | 7,500 |

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് **ഒക്ടോബർ 30ന്** മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ക്ലാസ് ടീച്ചർ കുട്ടികളെ അസൈൻമെന്റ് എഴുതാൻ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെ കൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളുള്ള വിഷയവിവരണം 8 പേജ് ഉണ്ടായിരിക്കണം.** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. കുട്ടികൾ എഴുതിയ അസൈൻമെന്റിൽ ഓഫീസിൽ നിന്ന് നല്കിയി രിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ക്ലാസ് ടീച്ചറും ഹെഡ്മാസ്റ്ററും പരിശോധിച്ച് തിരുത്തലുകൾ വരുത്തിയതിന് ശേഷമാണ് ഓഫീസിലേക്ക് അയക്കേണ്ടത്.

**വിഷയം: "കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ"**

**അധ്യായങ്ങൾ**
1. വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ
2. സാംസ്ക്കാരിക രംഗത്തെ സംഭാവനകൾ
3. ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. കുട്ടികളുടെ മാമ്മോദീസ പേര്,

സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2018 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് നവംബർ 31ന് മുമ്പായി എല്ലാ ഫൊറോനകളിലും രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. അതിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

### 6. മിഷൻ ഞായർ ഒക്ടോബർ 22

ആഗോളമിഷൻ ഞായറായ ഒക്ടോബർ 22-ാം തീയതി എല്ലാ ഇടവകകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

### 7. മതാധ്യാപകദിനം നവംബർ 4

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 5-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

### 8. രാജത്വതിരുനാൾ - നവംബർ 26

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 26-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 9. ആസ്പെക്ട്

2017-2018 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് **'ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും'** എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് (അധ്യായം നാല് മുതൽ) ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

### 10. ഡയറക്ടറച്ചന്റെ സന്ദർശനം

വട്ടിയറ ഇടവക സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് – 2017

നമ്മുടെ അതിരൂപതയിൽ ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 24-ാം തീയതി നടത്തപ്പെട്ടു. 30117 പേർ ഈ വർഷം പരീക്ഷയിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് പരീക്ഷയുടെ അതിരൂപതാതല ഉദ്ഘാടനം പാലാവയൽ സെന്റ് ജോൺസ് ഇടവകയിൽവച്ച് നടത്തപ്പെട്ടു. ഏറ്റവും നല്ല രീതിയിൽ പരീക്ഷ നടത്താൻ സഹായിച്ച വികാരിയച്ചന്മാർക്കും സഹകരിച്ച എല്ലാ മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ! ഓൺലൈൻ വഴിയായി ഭൂരിപക്ഷം ഇടവകകളും രജിസ്ട്രേഷൻ ചെയ്തിരുന്നു. അവർക്കും പ്രത്യേകം നന്ദി.

## 2. ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയം

ഉത്തരസൂചികകൾ, മേഖലാ കേന്ദ്രമാക്കി പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവരെ ഒരുമിച്ച് കൂട്ടി വിതരണം ചെയ്യുന്നതായിരിക്കും. ഒക്ടോബർ 1-ാം തീയതിയോ 8-ാം തീയതിയോ ഇടവകകളിൽ മാർക്ക് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓരോ വിഭാഗത്തിലും സമ്മാനാർഹരായവരുടെ സെമിഫൈനൽ കോഴിക്കോട്വച്ച് നവം.12 ഞായർ 2.30–4 മണിവരെ നടത്തപ്പെടുന്നു. സെമിഫൈനലിൽ വിജയിക്കുന്നവർക്കായി സംസ്ഥാനതല മത്സരം നവം. 23–25 തീയതികളിൽ എറണാകുളത്ത് പി.ഒ.സിയിൽവച്ച് നടത്തപ്പെടുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച പാലാവയൽ, ചെമ്പേരി, തോമാപുരം എന്നീ ഇടവകകൾക്ക് പ്രത്യേകാഭിനന്ദനങ്ങൾ!

## 3. ല്യൂമെൻ എക്ലേസിയ – പരീക്ഷാക്രമം

| | |
|---|---|
| ദൈവശാസ്ത്ര പ്രവേശിക | – 01.10.2017 (2.30 – 4.30) |
| സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം | – 22.10.2017 (2.30 – 4.30) |

## 4. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ഒക്ടോ. 2 | തൃശ്ശൂർ FCC പ്രൊവിൻഷ്യൽ ഹൗസ് | 9.30–4.30 | ഗ്രീക്ക് തത്വചിന്തയും ദൈവശാസ്ത്രവും |

**5. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2017**

**കൃതികൾ ക്ഷണിക്കുന്നു**

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. രചനകളിൽ **പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

**ഗ്രൂപ്പ് നമ്പർ 1:** അല്മായർ

**വിഷയം: സുവിശേഷപ്രഘോഷണം കുടുംബങ്ങളിലൂടെ**

**ഗ്രൂപ്പ് നമ്പർ 2:** സെമിനാരി വിദ്യാർത്ഥികൾ

**വിഷയം: വചനപ്രഘോഷണം: നവമാധ്യമസാധ്യതകൾ**

**ഗ്രൂപ്പ് നമ്പർ 3:** സന്ന്യാസിനികൾ

**വിഷയം: വചനപ്രേഷിതത്വവും സന്ന്യസ്തരും**

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്.

| മത്സര ഇനം | രജി. ഫീസ് | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം - 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

**6. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ഷോർട്ട്ഫിലിം മത്സരം: ല്യൂമെൻ**

**നിബന്ധനകൾ**

**വിഷയം:** സുവിശേഷങ്ങളിലെ ഉപമകൾ. സുവിശേഷങ്ങളിലെ ഏതെങ്കിലും ഒരു ഉപമ സമകാലികമായി അവതരിപ്പിക്കണം. വിദ്വേഷം പരത്തുന്നതോ, വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നതോ, ലൈംഗിക അതിപ്രസരമുള്ളതോ ആയ രംഗങ്ങൾ ഉണ്ടാകരുത്. സൃഷ്ടികൾ മൗലികമായിരിക്കണം. അതായത്, മറ്റുചിത്രങ്ങളിൽനിന്ന് പകർത്തിയതോ, ഏതെങ്കിലും മത്സരത്തിലോ, സോഷ്യൽ മീഡിയയിലോ അവതരിപ്പിച്ചതോ ആയിരിക്കരുത്.

**പങ്കെടുക്കുന്നവർ:**

1. **പാരിഷ് കാറ്റഗറി :** ഇടവകയിൽനിന്ന് വികാരിയച്ചന്റെ സാക്ഷ്യപത്രം
2. **ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറി :** കോളേജുകൾ, സെമിനാരികൾ, തുടങ്ങി സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനാധികാരിയുടെ സാക്ഷ്യപത്രത്തോടെ

**സമയദൈർഘ്യം :** ടൈറ്റിൽസും എൻഡ്ക്രെഡിറ്റും ഉൾപ്പെടെ 5-8 മിനിറ്റ്

**ഭാഷ :** മലയാളം, ഇംഗ്ലീഷ്

**എൻട്രി:** പങ്കെടുക്കുന്ന വിവരം ഒക്ടോബർ 15ന് മുമ്പ് നേരിട്ട്, അഥവാ secretary@keralabiblesociety.com എന്ന മെയിലിൽ അറിയിക്കണം.

**മത്സരാർത്ഥി:** നിർമാതാവിനെയാണ് മത്സരാർത്ഥിയായി പരിഗണിക്കുന്നത്. മത്സരത്തിനായി സമർപ്പിക്കുന്ന ഹ്രസ്വചിത്രം നിർമാതാവിന്റെ പേരിലായിരിക്കും രജിസ്റ്റർ ചെയ്യുന്നത്.

**അവസാന തീയതി:** കോപ്പികൾ 2017 നവംബർ 10നോ അതിനുമുമ്പോ Secretary, KCBC Bible Commission, Pastoral Orientation Centre, Palarivattom, Cochin - 682 025 എന്ന വിലാസത്തിൽ രജിസ്റ്റർ പോസ്റ്റായോ, നേരിട്ടോ സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസ് 250 രൂപ KCBC Bible Commission എന്ന പേരിൽ DD ആയി അയക്കണം.

**വിധി നിർണയം:** പ്രമേയം, അഭിനയം, സംവിധാനം, സാങ്കേതികത്വം, ആസ്വാദനനിലവാരം എന്നീ ഘടകങ്ങൾ വിധിനിർണയത്തിനു പരിഗണിക്കുന്നു. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

**അവാർഡുകൾ:** മികച്ച ഷോർട്ട്ഫിലിം - സംവിധായകൻ - നടൻ - നടി എന്നിങ്ങനെ അവാർഡുകൾ നല്കുന്നതായിരിക്കും. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി അവാർഡിനർഹമാകുന്ന ഷോർട്ട് ഫിലിമുകൾക്ക് യഥാക്രമം 25000, 15000, 10000 രൂപയും പ്രശസ്തിഫലകവും സർട്ടിഫിക്കറ്റും

നല്കുന്നതാണ്. മത്സരത്തിലേക്ക് പ്രവേശനം നേടിയ എല്ലാ ടീമുകൾക്കും സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

**പ്രദർശനം:** ഷോർട്ട്ഫിലിം ഫെസ്റ്റ് 2018 ജനുവരി 13 ശനിയാഴ്ച നടത്തപ്പെടുന്നു. എൻട്രികൾ സമർപ്പിച്ച ടീം അംഗങ്ങൾ ഫിലിം അവാർഡു ചടങ്ങിൽ പങ്കെടുക്കേണ്ടതാണ്.

എൻട്രി ഫോമും നിബന്ധനകളും www.keralabiblesociety.com എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാം.

## 7. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

## 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ച ശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പ് നെറ്റ്ക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒക്ടോബർ 1,8,15,22,29 (ഞായർ) | 21.00 – 22.00 (09.00 10.00 pm) |
| ഒക്ടോബർ 3,10,17,24,31 (ചൊവ്വ) | 21.00 – 22.00 (09.00 10.00 pm) |
| ഒക്ടോബർ 6,13,20,27 (വെള്ളി) | 21.00 – 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട് ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുപ്രേഷിതരേ,

ദൈവാനുഭവത്തിന്റെ അനുഗ്രഹദായകമായ മാസമാണല്ലോ ഒക്ടോബർ. **കർമ്മല മലയിൽ** കത്തിജ്വലിച്ച വി. കൊച്ചുത്രേസ്യായുടെയും; എന്റെ ദൈവം എന്റെ സമസ്തവും എന്ന് ഉദ്ഘോഷിച്ച വി. ഫ്രാൻസീസ് അസ്സീസിയുടെയും തിരുനാൾ, സംഘടനസ്ഥാപിതമായ 59-ാം വാർഷികം, ജപമാലമാസം, മിഷൻ ഞായർ. ഈ ദിനങ്ങളോരോന്നും ഏറ്റവും തീക്ഷ്ണത യോടെ ആചരിച്ച് ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കി മറ്റുള്ളവർക്ക് മാതൃക യും പ്രചോദനവുമായി മാറാൻ പരിശ്രമിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : കാവൽ മാലാഖ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. കൊച്ചുത്രേസ്യ, വി. ഫ്രാൻസിസ് അസ്സീസി |
| പ്രാർത്ഥനാനിയോഗം | : പ്രേഷിത പ്രവർത്തനങ്ങൾക്ക് |
| സുകൃതജപം | : ഈശോയുടെ കഷ്ടാനുഭവമേ, എന്നെ ധൈര്യപ്പെടുത്തേണമേ |
| സപ്തതി സുകൃതം | : 70 എത്രയും ദയയുള്ള മാതാവേ... |

## ശാഖകൾ ശ്രദ്ധിക്കാൻ

ഒക്ടോ. 1 ഞായർ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻ മാസാരംഭം, ശാഖയിൽ പതാക ഉയർത്തുന്നു. അംഗത്വ നവീകരണം അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

3 ചൊവ്വ : സി.എം.എൽ 71-ാം സ്ഥാപകദിനാചരണം, ശാഖകളിൽ പതാക ഉയർത്തി അഭിവാദനം ചെയ്യുക

4 ബുധൻ : വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ

12 വ്യാഴം : വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി ദിനാചരണം

21 ശനി : മിഷൻ ഞായറിനോടനുബന്ധിച്ചുള്ള ഭവനസന്ദർശനം, പ്രാർത്ഥന, മിഷൻപിരിവ്

22 ഞായർ : മിഷൻ ഞായർ-അസാധാരണ സമ്മേളനം പൊതു ദിവ്യകാരുണ്യ സ്വീകരണം, പ്രേഷിതറാലി

## മേഖലകൾ ശ്രദ്ധിക്കാൻ

അതിരൂപത കൗൺസിൽ-വാർഷികം, എക്സിക്യൂട്ടീവ്, ബിഎംജി സെമിനാർ, ജീവകാരുണ്യകൂപ്പൺ...

## അതിരൂപതാ കൗൺസിൽ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതകൗൺസിലും വാർഷികവും ഒക്ടോബർ 2-ാം തീയതി തിങ്കളാഴ്ച നെല്ലിക്കാംപൊയിൽ ഫൊറോന പള്ളിയിൽവച്ച് നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതാ തലത്തിൽ ഒന്നുംരണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ചനേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും കൗൺസിൽ - വാർഷിക സമ്മേളനത്തിൽവച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ-മേഖലാ ഭാരവാഹികളും വൈസ് ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മി പ്പിക്കുന്നു... രജിസ്ട്രേഷൻഫീസ് 1 കുട്ടിക്ക് 50 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ...

### പ്രോഗ്രാം

9.00am രജിസ്ട്രേഷൻ, 9.15 വി. കുർബാന, 10.00 കാപ്പി, പതാക ഉയർത്തൽ 10.15ന് പ്രാർത്ഥന, 10.20ന് രംഗപൂജ, കൗൺസിൽ വാർഷിക ഉദ്ഘാടനം, നിയുക്തസഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി. കണക്ക്, റിപ്പോർട്ട് അവതരണം, കലാപരിപാടികൾ. 1.30pm പ്രേഷിത റാലി (ഉളിക്കൽ പള്ളിയിലേക്ക്) 2.30 രംഗപൂജ, സപ്തതിവാർഷിക നല്ലിടയൻ പദ്ധതി ഉദ്ഘാടനം അഭിവന്ദ്യ ഞറളക്കാട്ട് പിതാവ്. ആദരിക്കൽ, ബെസ്റ്റ് ശാഖ, മേഖല അവാർഡ് ദാനം, സമ്മാനദാനം 4.00 pm നന്ദി.

## മിഷൻഞായർ മിഷൻവാരാചരണം

ഒക്ടോബർ 1 മുതൽ 7 വരെ മിഷൻ വാരമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുംവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 22-ാം തീയതി മിഷൻഞായർ സമുചിതമായി ആഘോഷിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ കുന്നോത്ത് മേഖലയിലെ വാണിയപ്പാറ ശാഖയിൽവച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിത തീക്ഷ്ണതയും ഉജ്ജ്വലിപ്പിക്കാൻതക്കവിധം മിഷൻവാരാരംഭ ദിവസംമുതൽ ഒരാഴ്ചത്തേയ്ക്ക് വി. കുർബാനയ്ക്ക്ശേഷം പതാകവന്ദനം, വി. കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർഥന, മിഷൻ ഗ്രാമത്തിനുവേണ്ടി പ്രാർഥന, മിഷൻ റാലി, പ്രാർഥിക്കാൻ ലഭിച്ചിരിക്കുന്ന മിഷൻ ഗ്രാമവുമായി സൗഹൃദബന്ധം, തുടങ്ങിയവ നടത്തുകയും ശാഖാതല പ്രവർത്തനങ്ങൾ ശക്തമാക്കാൻ മിഷൻപിരിവ് നടത്തുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

## മിഷൻ കലണ്ടർ

ഇനിയും ആരെങ്കിലും മിഷൻകലണ്ടർ കൊണ്ടുപോകുവാൻ ഉണ്ടെങ്കിൽ എത്രയുംപെട്ടെന്ന് ഓഫീസിൽനിന്ന് വാങ്ങുവാൻ ശ്രദ്ധിക്കു

മല്ലോ. ഈ വർഷത്തെ മിഷൻപിരിവിന്റെ 2% മിഷൻകലണ്ടറിന്റെ തുക എന്നിവ പതിവുപോലെ ഡിസംബർ മാസത്തിനുള്ളിൽ ഓഫീസിൽ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

## മികച്ച മേഖല, ശാഖ

2016-17 പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച ഒന്നാമത്തെ മേഖല യായി പൈസക്കരിയും, നെല്ലിക്കാപൊയിൽ, കുന്നോത്ത് രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. മികച്ച ശാഖയായി കണിച്ചാർ, വാണിയപ്പാറ, ശാന്തിഗിരി എന്നീശാഖകൾ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച മേഖലകൾക്കും ശാഖകൾക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

## ജീവകാരുണ്യകൂപ്പൺ

മിഷൻലീഗ് സംഘടനാ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ തയ്യാറാ ക്കിയിട്ടുണ്ട്. ഓരോ മേഖലയിലേയ്ക്കുമുള്ള കൂപ്പൺ ഒക്ടോബർ 2ന് നെല്ലിക്കാംപൊയിൽവച്ച് നൽകുന്നതായിരിക്കും. ഒക്ടോബർ 8ന് ശാഖകളിൽ വിതരണം ചെയ്യാൻതക്കവണ്ണം കൂപ്പണുകൾ ശാഖകളിൽ എത്തിക്കാൻ മേഖലാഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. ഓരോ കുറ്റിയിലും 26-ാമത്തെ കൂപ്പൺ വിൽക്കുന്ന കുട്ടികൾക്കുള്ളതായിരിക്കും. 26-ാമത്തെ കൂപ്പണുകൾക്ക് പ്രത്യേക നറുക്കെടുപ്പ് ഉണ്ടായിരിക്കുന്നതാണ്.

### നിർദ്ദേശങ്ങൾ

- ❖ 26 ലീഫുകളായിരിക്കും ഒരു കുറ്റിയിൽ ഉണ്ടായിരിക്കുക
- ❖ 25 ലീഫുകളും വിൽക്കുന്ന കുട്ടിക്ക് 26-ാംമത്തെ ലീഫ് ഫ്രീയായി മുറിച്ചെടുക്കാവുന്നതാണ്.
- ❖ 400ൽ പരം സമ്മാനങ്ങളോടൊപ്പം ഓരോ മേഖലയ്ക്കും ഒരു സൈക്കിൾ വീതം സമ്മാനം
- ❖ മുൻ വർഷങ്ങളിലേതുപോലെ മേഖലകൾ കൂപ്പൺ വിഹിതമായി അടച്ചിരുന്ന തുക ഈ വർഷം രൂപതയിൽ അടയ്ക്കേണ്ടതില്ല. പകരം ഒരു സൈക്കിൾ മേഖലകൾ സ്പോൺസർ ചെയ്യേണ്ടതാണ്.
- ❖ ഒരു ലീഫിന് 2 രൂപ കുട്ടിക്കും 2 രൂപ ശാഖയ്ക്കും 2 രൂപ മേഖലയ്ക്കും എടുക്കാവുന്നതാണ്.
- ❖ നഷ്ടപ്പെടുന്ന കുറ്റിയുടെ മുഴുവൻ തുകയും മേഖലകൾ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.
- ❖ ഓരോ 5000 രൂപയ്ക്കും ഒരു സമ്മാനം എന്ന നിലയിൽ സമ്മാനങ്ങൾ ഉണ്ടായിരിക്കും.

- ❖ എല്ലാ സമ്മാനങ്ങളും നറുക്കിട്ടായിരിക്കും തീരുമാനിക്കുന്നത്.
- ❖ ദയവായി ഓരോ ലീഫിലും കൃത്യമായി അഡ്രസ്സും ഫോൺനമ്പരും എഴുതാൻ ശ്രദ്ധിക്കുമല്ലോ.
- ❖ ഒക്ടോബർ 8-ാം തീയതി ശാഖകളിൽ വിതരണം ചെയ്യാൻ തക്കവിധം ശാഖകളിൽ കൂപ്പൺ എത്തിക്കേണ്ടതാണ്.
- ❖ നവംബർ 30-ാം തീയതിക്കുമുമ്പായി തുകയും മുഴുവൻ കുറ്റികളും ശാഖ തിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.
- ❖ നറുക്കെടുപ്പ് ഡിസംബർ 12-ാം തീയതി അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ തളിപ്പറമ്പിൽവെച്ച് നടക്കുന്നതായിരിക്കും.

## കൈയ്യെഴുത്ത്മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമല്ലോ (നിബന്ധനകൾ: മാർഗ്ഗരേഖ പേജ് 44-45) ഈ വർഷത്തെ പഠനവിഷയമായ സപ്തതി നിറവിൽ "ദൈവവിളി സമൃദ്ധിക്കായ്" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. കൈയ്യെഴുത്തു മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജനുവരി 26.

## ഉപന്യാസമത്സരം

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണജൂബിലി സ്മാരക അവാർഡിനായി അതിരൂപതാതലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി ഉപന്യാസ മത്സരം നടത്തുന്നു.

### നിബന്ധനകൾ

- ❖ വിഷയം-സപ്തതി നിറവിൽ ദൈവവിളി സമൃദ്ധിക്കായ്
- ❖ ഉപന്യാസം 10 പേജിൽ കവിയരുത്
- ❖ വികാരിയച്ചന്റെ കത്തും അംഗത്വകാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ❖ ഒരു ഇടവകയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം
- ❖ ഒന്നാം സമ്മാനം 2001 രൂപ, രണ്ടാംസമ്മാനം 1001 രൂപ
- ❖ രചനകൾ നവംബർ 30നു മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം.

## സാഹിത്യശില്പശാല

അതിരൂപതാതല സാഹിത്യമത്സര വിജയികൾക്ക് സംസ്ഥാന മത്സരത്തിനൊരുക്കമായി സംഘടിപ്പിച്ച സാഹിത്യശില്പശാല സെപ്റ്റംബർ 20ന് സന്ദേശഭവനിൽ വെച്ച് നടന്നു. നിർമ്മലഗിരി കോളെജ് മലയാളം പ്രൊഫ. ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത് ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. സംസ്ഥാന രചനാ മത്സരത്തിൽ പങ്കെടുക്കുവാനുള്ള 36 കുട്ടികൾ സാഹിത്യശില്പശാലയിൽ പങ്കെടുത്തു.

## കുഞ്ഞേട്ടൻ ഫാൻസിഡ്രസ്സ് മത്സരവിജയികൾ

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 8-ാം ചരമവാർഷികത്തോടനുബന്ധിച്ച് ശാഖകളിൽ നടത്തിയ കുഞ്ഞേട്ടൻ ഫാൻസിഡ്രസ്സ് മത്സരത്തിൽ വിവിധശാഖകളിൽ നിന്നുള്ള കുട്ടികൾ താൽപര്യപൂർവ്വം പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹിപ്പിച്ച ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും അഭിനന്ദനങ്ങൾ. വിജയികൾക്കുള്ള സമ്മാനങ്ങൾ ഒക്ടോബർ 2ന് മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികസമ്മേളനത്തിൽ നെല്ലിക്കാപൊയിൽവച്ച് നൽകുന്നതായിരിക്കും. കൂടാതെ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനം നൽകുന്നതായിരിക്കും.

I^st^ കുര്യൻ പാറപ്പുറത്ത് (മുണ്ടാനൂർ ശാഖ), II^nd^ ജോയൽ കിഴക്കേടത്ത് (ആര്യപ്പറമ്പ് ശാഖ), III^rd^ എഫിൻ സുനിൽ (അങ്ങാടിക്കടവ് ശാഖ).

## അതിരൂപത മിഷൻ കലോത്സവം

ഈ വർഷത്തെ അതിരൂപത മിഷൻ കലോത്സവം ഒക്ടോബർ 14 ശനിയാഴ്ച ചെമ്പേരി ഹൈസകൂളിൽ വെച്ച് നടത്തുന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്. രാവിലെ 9മണിക്ക് ഉദ്ഘാടനശേഷം 9.30 നു തന്നെ മത്സരങ്ങൾ ആരംഭിക്കും ഓരോ സ്റ്റേജിലും ഒരു മത്സരം കഴിഞ്ഞാലുടൻ അടുത്തമത്സരം ആരംഭിക്കുന്നതായിരിക്കും.

## കലാമത്സരത്തിൽ മേഖലകൾ പങ്കെടുക്കാൻവരുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക

1. എല്ലാ മേഖലാഡയറക്ടർമാരും വൈസ്ഡയറക്ടർമാരും ടീം അംഗങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
2. എല്ലാ മേഖലക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ഇദ്ദേഹമായിരിക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ്മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചാൻസ്നമ്പർ, ചെസ്നമ്പർ, തുടങ്ങിയ ടീം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ചുകൊടുക്കേണ്ടത് ഈ ടീം മാനേജർ ആയിരിക്കും.
3. പരിപാടിയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ പരിപാടി കഴിഞ്ഞ് 15 മിനിറ്റിനുള്ളിൽ ബഹു. മേഖലാഡയറക്ടർ അച്ചൻ ശുപാർശ ചെയ്ത പരാതി ടീം മാനേജർക്ക് അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്.
4. എല്ലാവരുടെയും സമയം വിലപ്പെട്ടതാകായാൽ മത്സരസ്റ്റേജുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ദയവായി മേഖലകൾ സ്റ്റേജ് ക്രമീകരണങ്ങളും മത്സരങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ചാൻസ് നമ്പർ കൈയ്യിൽ കിട്ടിയ ശേഷം ഏതെങ്കിലും സാഹചര്യത്തിൽ മത്സരാർത്ഥിക്ക് സ്റ്റേജിലെത്താൻ സാധിക്കുന്നില്ലെങ്കിൽ ടീം മാനേജർ തക്കകാരണം ബോധിപ്പിച്ചാൽ ഏറ്റവും ഒടുവിലായി അടുത്ത ചാൻസ് നൽകുന്നതായിരിക്കും.

| സ്റ്റേജ് 1 | സ്റ്റേജ് 2 | സ്റ്റേജ് 3 | സ്റ്റേജ് 4 | സ്റ്റേജ് 5 | സ്റ്റേജ് 6 | സ്റ്റേജ് 7 |
|---|---|---|---|---|---|---|
| 10.00 AM | 10.00 AM | 10.00 AM | 10.00 AM | 10.00 AM | 10.00 AM | 10.00 AM |
| **ഉദ്ഘാടന സമ്മേളനം** | **സംഗീതം** ജൂണിയർ ഗേൾസ് | **ബൈബിൾ വായന** സബ് ജൂണിയർ ബോയ്സ് | **പ്രസംഗം** സൂപ്പർ സീനിയർ ഗേൾസ് | **പ്രസംഗം** സൂപ്പർ സീനിയർ ബോയസ് | **സംഗീതം** സൂപ്പർ സീനിയർ ഗേൾസ് | **ക്വിസ്സ്** ജൂണിയർ സീനിയർ സൂപ്പർ സീനിയർ |
| 11.00 AM | 11.00 AM | 11.00 AM | 11.00 AM | 11.00 AM | 11.00 AM | 11.00 AM |
| **സംഗീതം** സീനിയർ ഗേൾസ് | **സംഗീതം** ജൂണിയർ ബോയ്സ് | **ബൈബിൾ വായന** സബ് ജൂണിയർ ഗേൾസ് | **പ്രസംഗം** സീനിയർ ഗോൾസ് | **പ്രസംഗം** സീനിയർ ബോയ്സ് | **സംഗീതം** സബ് ജൂണിയർ ബോയ്സ് | **പ്രസംഗം** സബ് ജൂണിയർ ഗേൾസ് |
| 12.00 PM | 12.00 PM | 12.00 PM | 12.00 PM | 12.00 PM | 12.00 PM | 12.30 PM |
| **സംഗീതം** സീനിയർ ബോയ്സ് | **സംഗീതം** സൂപ്പർ സീനിയർ ബോയ്സ് | **പ്രസംഗം** സബ് ജൂണിയർ ബോയ്സ് | **പ്രസംഗം** ജൂണിയർ ഗേൾസ് | **പ്രസംഗം** ജൂണിയർ ബോയ്സ് | **സംഗീതം** സബ് ജൂണിയർ ഗേൾസ് | സമാപന സമ്മേളനം |

## അതിരൂപത സാഹിത്യമത്സര വിജയികൾ

| | പേര് | ശാഖ | മേഖല |
|---|---|---|---|
| **ചെറുകഥാരചന-ജൂണിയർ ബോയ്സ്** | | | |
| I | ജോസഫ് നിലക്കപ്പള്ളി | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| II | ഡോമിനിക്ക് മേച്ചേരിത്തകിടിയിൽ | മഞ്ഞളാംപുറം | പേരാവൂർ |
| III | ഫിലിപ്പ് നിലക്കപ്പള്ളി | തളിപ്പറമ്പ് | തളിപ്പറമ്പ് |
| **ചെറുകഥാരചന - ജൂണിയർ ഗേൾസ്** | | | |
| I | മരിയ തെക്കേൽ | ഉദയഗിരി | ആലക്കോട് |
| II | എലിസബത്ത് തച്ചാറുകുടിയിൽ | മണ്ടപം | തോമാപുരം |
| III | മറിയം തുണ്ടത്തിൽ | ചീമേനി | കാഞ്ഞങ്ങാട് |
| **ചെറുകഥാരചന-സീനിയർ ബോയ്സ്** | | | |
| I | വർഗ്ഗീസ് കണിച്ചിറയിൽ | കുടിയാൻമല | ചെമ്പേരി |
| II | ജെയിംസ് അട്ടാറിമാക്കൽ | വെള്ളാട് | വായട്ടുപറമ്പ് |
| III | പൗലോസ് പൂവത്തുമ്യാലിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| **ചെറുകഥാരചന-സീനിയർ ഗേൾസ്** | | | |
| I | മേരി തകിടിയേൽ | പെരിങ്ങാല | മേരിഗിരി |
| II | തെരേസ ചേന്നാട്ട് | കരിക്കോട്ടക്കരി | എടൂർ |
| III | ത്രേസ്യ ചാലിൽ | ദീപഗിരി | ചെമ്പേരി |
| **ചെറുകഥാരചന-സൂപ്പർസീനിയർ ബോയ്സ്** | | | |
| I | കുര്യാക്കോസ് അനന്തക്കാട്ട് | എള്ളുകൊച്ചി | പനത്തടി |
| II | തോമസ് തെക്കേമലയിൽ | ആനപ്പന്തി | കുന്നോത്ത് |
| III | തോമസ് ചെങ്ങാലിക്കുന്നേൽ | കണ്ണിവയൽ | തോമാപുരം |
| **ചറുകഥാരചന-സൂപ്പർസീനിയർ ഗേൾസ്** | | | |
| I | കൊച്ചുത്രേസ്യാ ചക്യാത്ത് | കോട്ടൂർ | ചെമ്പന്തൊട്ടി |
| II | ത്രേസ്യാമ്മ കണ്ണാംകുളം | മേലെചൊവ്വ | തളിപ്പറമ്പ് |
| III | ഡിബിൾ മേച്ചേരിതകിടിയിൽ | മഞ്ഞളാംപുറം | പേരാവൂർ |
| **കവിത-ജൂനിയർ ബോയ്സ്** | | | |
| I | ജേക്കബ് പാട്ടശ്ശേരിയിൽ | കോട്ടൂർ | ചെമ്പന്തൊട്ടി |
| II | അഗസ്റ്റ്യൻ തറപ്പേൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| III | സെബാസ്റ്റ്യൻ ചിറക്കത്തൊട്ടിയിൽ | വെളിമാനം | എടൂർ |
| **കവിത-ജൂനിയർ ഗേൾസ്** | | | |
| I | മേരി നിരവത്തിനാൽ | പാണത്തൂർ | പനത്തടി |
| II | മേരി പുത്തൻപറമ്പിൽ | ആനമഞ്ഞൾ | വെള്ളരിക്കുണ്ട് |
| III | മേരി വട്ടംതൊട്ടിയിൽ | മുടയരഞ്ഞി | കുന്നോത്ത് |
| **കവിത-സീനിയർ ബോയ്സ്** | | | |
| I | ജോസഫ് പാമ്പക്കൽ | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| II | സോജൻ കളപ്പുരയ്ക്കൽ | മഞ്ഞളാംപുറം | പേരാവൂർ |
| III | ഇമ്മാനുവേൽ കോഴിക്കുന്നേൽ | തടിക്കടവ് | വായാട്ടുപറമ്പ് |

**കവിത-സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | മേരി നിരവത്തിനാൽ | പാണത്തൂർ | പനത്തടി |
| II | മേരി പുത്തൻപറമ്പിൽ | ആനമഞ്ഞൾ | വെള്ളരിക്കുണ്ട് |
| III | മേരി വട്ടംതൊട്ടിയിൽ | മുടയരഞ്ഞി | കുന്നോത്ത് |

**കവിത-സൂപ്പർസീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ജോസഫ് പാമ്പക്കൽ | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| II | സോജൻ കളപ്പുരയ്ക്കൽ | മഞ്ഞളാംപുറം | പേരാവൂർ |
| III | ഇമ്മാനുവേൽ കോഴിക്കുന്നേൽ | തടിക്കടവ് | വായാട്ടുപറമ്പ |

**കവിത-സൂപ്പർസീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | റോസ്മേരി കല്ലുപുതപ്പറമ്പിൽ | കരിക്കോട്ടക്കരി | എടൂർ |
| II | ട്രീസ ഒറ്റപ്ലാക്കൽ | കല്ലുവയൽ | നെല്ലിക്കാംപൊയിൽ |
| III | അനിതപോൾ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |

**ഉപന്യാസം-ജൂനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | അലൻ പതിപ്പള്ളിൽ | എടൂർ | എടൂർ |
| II | ജോസഫ് കുന്നത്തോലയിൽ | കള്ളാർ | പനത്തടി |
| III | തോമസ് എട്ടൂണി | ദീപഗിരി | ചെമ്പേരി |

**ഉപന്യാസം-ജൂനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | ആഗ്നസ് പേന്താനത്ത് | കല്ലുവയൽ | നെല്ലിക്കാംപൊയിൽ |
| II | മരിയ കദളിക്കുന്നേൽ | വെളിമാനം | എടൂർ |
| III | ആൻമേരി വട്ടക്കുന്നേൽ | മഞ്ഞളാംപുറം | പേരാവൂർ |

**ഉപന്യാസം-സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | മാത്യു ഇഞ്ചാനയിൽ | ചന്ദനക്കാംപാറ | പൈസക്കരി |
| II | ജോസഫ് കവലത്ത് | വിജയപുരം | വായാട്ടുപറമ്പ് |
| III | ജോൺ നാകമറ്റം | പടിമരുത് | പനത്തടി |

**ഉപന്യാസം-സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | അന്നമ്മ പുന്നപ്പറയിൽ | കരിക്കോട്ടക്കരി | എടൂർ |
| II | റാണിമരിയ പന്തപ്പള്ളിൽ | മാലോം | വെള്ളരിക്കുണ്ട് |
| III | മേരി തറപ്പേൽ | കോഴിച്ചാൽ | ചെറുപുഴ |

**ഉപന്യാസം-സൂപ്പർസീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ജോബി കുറ്റിക്കാട്ട് | പൊൻമല | ചെമ്പേരി |
| II | ജോയി വട്ടക്കുന്നേൽ | മഞ്ഞളാംപുറം | പേരാവൂർ |
| III | എമ്മാനുവേൽ ചെല്ലംകോട്ട് | പടന്നക്കാട് | കാഞ്ഞങ്ങാട് |

**ഉപന്യാസം-സൂപ്പർസീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | മേരി നെല്ലിക്കുന്നേൽ | കുന്നോത്ത് | കുന്നോത്ത് |
| II | മേരി ഊഴിയമണ്ണത്ത് | മണിക്കടവ് | നെല്ലിക്കാംപൊയിൽ |
| III | അന്നമ്മ വിലങ്ങുപാറ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |

## മിഷൻദർശൻ-2017-18

2017 നവംബർ 4ന് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെടുന്ന സി. റാണി മരിയയുടെ പ്രത്യേകമാധ്യസ്ഥ്യം അപേക്ഷിച്ചു കൊണ്ട് തലശ്ശേരി മിഷൻലീഗ് 2017 ഒക്ടോബർ 2 മുതൽ 2018 ഒക്ടോബർ 12വരെ മിഷൻദർശൻ 2017-18 വ്യത്യസ്തങ്ങളായ പരിപാടികളോടെ ആചരിക്കുന്നു. മിഷൻദർശൻ ദൈവവിളിയുടെ യഥാർത്ഥമഹത്വം അനേകായിരങ്ങൾ തിരിച്ചറിയാനി ശാഖകളിൽ വ്യത്യസ്തങ്ങളായ പരിപാടികളോടെ മിഷൻദർശൻ 2017-18 ആചരിക്കുവാൻ ബഹു. ഡയറക്ടർ അച്ചന്മാരും വൈസ്ഡയറക്ടേഴ്സുംഭാരവാഹികളും ശ്രദ്ധിക്കുമല്ലോ...

## പുഞ്ചിരി-ശാഖാശാക്തികരണ സെമിനാർ

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂത ഇടവകതലത്തിൽ സംഘടന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തുന്ന 'പുഞ്ചിരി' സെമിനാർ മേരിഗിരി ഫൊറോനയിലെ ചെറുപാറ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽവച്ച് നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ജൂണിയർ പ്രസിഡന്റ് ജോസഫ് കാറുവയലിൽ പതാക ഉയർത്തി തുടർന്ന് ആഗോള മിഷനുവേണ്ടിയും പ്രത്യേകിച്ച് കലുഷിതമായ വടക്കേ ഇന്ത്യയിലെ സമാധാനത്തിനുവേണ്ടിയും മിഷൻലീഗ് അംഗങ്ങൾ പ്രാർഥന നടത്തി. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് പുഞ്ചിരി സെമിനാർ ഉദ്ഘാടനം ചെയ്ത്, വി. കുർബാന അർപ്പിക്കുകയും ക്ലാസ്സുകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. ഇടവക വികാരി ഫാ. ജോസഫ് റാത്തപ്പള്ളി, ആനിമേറ്റർ സി. റോസ് തോമസ് സിഎംസി, ഹെഡ്മാസ്റ്റർ സിബി പാഴൂപറമ്പിൽ, സിജോ കിഴക്കേചെത്തിപ്പുഴ, ട്രീസ ഞാറ്റുതൊട്ടിയിൽ, കുര്യൻ പുതിനപ്ര, റോസ്മരിയ മുളങ്ങാശ്ശേരി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

## മിഷൻപച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടത്തിൽ പങ്കെടുക്കുവാൻ രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. ഇനിയും ഏതെങ്കിലും ശാഖകൾ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ എത്രയുംവേഗം ഓഫീസിൽ അറിയിക്കേണ്ടത്. രജിസ്റ്റർ ചെയ്യാത്ത ശാഖകളെ മത്സരത്തിന് പരിഗണിക്കുന്നതല്ല.

പേരാവൂർ, മഞ്ഞളാംപുറം, പെരിങ്ങാല, ദീപഗിരി, നെടുവാലൂർ, വെമ്പുവ, വെള്ളാട്, കീഴ്പള്ളി, കാസർഗോഡ്, കോഴിച്ചാൽ, ബളാൽ, കനകക്കുന്ന്, മാലോം, കണിച്ചാർ, വിമലശ്ശേരി, തളിപ്പറമ്പ്...

## ദിയാക്കോണിയ

അതിരൂപതയിലെ ഭക്തസംഘടനാ പ്രവർത്തനങ്ങൾ ഉജ്ജ്വലിപ്പിക്കുന്നതിന്റെ ഭാഗമായി 31.8.17ന് പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച്

കാഞ്ഞങ്ങാട്, പനത്തടി, മേഖലകളിലെ സംഘടനാ ഭാരവാഹികൾ ക്കായും 16.9.17ന് തളിപ്പറമ്പ്, പേരാവൂർ മേഖലകളിലെ സംഘടനാഭാരവാഹികൾക്കായും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നേതൃത്വപരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. മീറ്റിംഗുകൾക്ക് റവ. ഫാ. സ്കറിയ വടശ്ശേരി, റവ. ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, ഫാ. ജോബി കോവാട്ട് എന്നിവർ നേതൃത്വം നല്കി. കൂടാതെ തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി നയിച്ച ഓറിയന്റേഷൻ ക്ലാസ്സ് സംഘടനാഭാരവാഹികളെ കൂടുതൽ നേതൃത്വഗുണമുള്ളവരാക്കി. ക്ലാസ്സിനുശേഷം കുട്ടികൾ ഗ്രൂപ്പുകളായിതിരിഞ്ഞ് ചർച്ച നടത്തുകയും അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സംഗമത്തിൽ സഹകരിച്ച എല്ലാവർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി...

ഓരോ മേഖലയിലും പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

**കാഞ്ഞങ്ങാട് മേഖല**

ഹൊസങ്കടി - 0
കാഞ്ഞങ്ങാട് - 0
പൊയിനാച്ചി - 0
പെരിയ - 0
ചായ്യോത്ത് - 0
കാസർഗോഡ്- 0
മുള്ളേരിയ - 0
ചീമേനി - 0
കാലിച്ചാനടുക്കം - 1
നീലേശ്വരം - 0
കാഞ്ഞിരടുക്കം -0
ഉദയപുരം - 0
എണ്ണപ്പാറ - 0
പടന്നക്കാട് - 0
നെല്ലിയടുക്കം- 0
ബദിയടുക്ക - 0

**വെള്ളരിക്കുണ്ട് മേഖല**

കൊന്നക്കാട് - 0
നാട്ടക്കല്ല് - 0
അമലഗിരി - 0
അട്ടക്കണ്ടം - 1
ബിരിക്കുളം - 0
കനകപ്പള്ളി - 0
മാലോം - 2
ഭീമനടി - 0
പുന്നക്കുന്ന് - 0
കരുണാപുരം - 0
വെള്ളരിക്കുണ്ട് - 3
വിമലഗിരി - 0
ആനമഞ്ഞൾ - 1
ചുള്ളി - 2
പറമ്പ - 2
ബളാൽ - 0
പുഞ്ച - 0
കാലിച്ചാമരം - 0

**പനത്തടി മേഖല**

പാണത്തൂർ - 4
പനത്തടി - 0
അടോട്ടുകയം - 4
പടിമരുത് - 0
മാനടുക്കം - 3
പടുപ്പ് - 1
കൊട്ടോടി - 0
കള്ളാർ - 4
മേരിപുരം - 0

**തളിപ്പറമ്പ് മേഖല**

തളിപ്പറമ്പ് - 1
പരിയാരം - 3
കണ്ണൂർ - 4
നെടുവാലൂർ - 2
മേലെചൊവ്വ - 4
ബാലേശുഗിരി - 2

**പേരാവൂർ മേഖല**

കണിച്ചാർ - 5
പൂളക്കുറ്റി - 5
ചെട്ടിയ്യാംപറമ്പ് - 5
നെടുംപുറംചാൽ - 3
രാജമുടി - 3
ചെങ്ങോം - 5
മഞ്ഞളാംപുറം - 4
പേരാവൂർ - 5
ആര്യപറമ്പ - 2
കോളയാട് - 5
പെരുമ്പുന്ന - 2

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച ആർപ്പൂക്കരയിൽ വച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## മദർതെരേസ അനുസ്മരണം

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് തലശ്ശേരി അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ കണിച്ചാർ ശാഖയിലെ ബാലഭവൻ സന്ദർശിക്കുകയും കുട്ടികളുമായി സൗഹൃദസംഭാഷണം നടത്തുകയും വസ്ത്രങ്ങൾ നൽകുകയും ചെയ്തു.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ 19-ാം ചരമവാർഷികവും അനുസ്മരണവും തലശ്ശേരി അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ വാണിയപ്പാറ ശാഖയിൽവെച്ച് നടത്തി. ശാഖാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു.

### പ്രത്യേക ശ്രദ്ധയ്ക്ക്

ഒക്ടോബർ 28ന് നടത്താനിരിക്കുന്ന മിഷൻഗെയിംസ് ഇരിക്കൂർ ഉപജില്ലാ കലോത്സവം വന്നതിനാലും പൈസക്കരിയിൽ അസൗകര്യം ആയതിനാലും മറ്റൊരു തീയതിയിലേക്ക് മാറ്റിവെച്ചിരിക്കുന്നു... തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും...

## മേഖലാ വാർത്തകൾ

### പൈസക്കരി മേഖല

6.8.2017ന് പൈസക്കരി മേഖലയുടെ നേതൃത്വത്തിൽ പ്രീസ്റ്റ്ഹോം സന്ദർശിച്ചു. വിവിധശാഖകളിൽനിന്നും കലാപരിപാടികൾ അവതരിപ്പിച്ചു. ഫാ. ജോസഫ് നിരപ്പേൽ നേതൃത്വം നൽകി.

27.8.2017ന് പൈസക്കരിമേഖലാ സമിതിയുടെ ആഭിമുഖ്യത്തിൽ ചാണകക്കുണ്ട് അഗതിമന്ദിരം സന്ദർശിക്കുകയും വിവിധസാധനങ്ങൾ സംഭാവന നൽകുകയും ചെയ്തു.

### കാഞ്ഞങ്ങാട് മേഖല

6.9.2017 ബുധനാഴ്ച രാവിലെ ഫാ. ഷിന്റോ ആലപ്പാട്ടിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ കാഞ്ഞങ്ങാട് മേഖലാ കൗൺസിൽ വാർഷികം നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി പതാക ഉയർത്തി വാർഷികാഘോഷത്തിന് തുടക്കം കുറിച്ചു. മേഖലാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന പരിപാടികൾ ഫാ. ഷിന്റോ ആലപ്പാട്ട്

ഉദ്ഘാടനകർമ്മം നിർവഹിച്ചു. മേഖലാ ഡയറകടർ ഫാ. ജോസഫ് കുരിശിൻ മൂട്ടിൽ സ്വാഗതവും, മേഖലാസെക്രട്ടറി റിപ്പോർട്ടും അവതരിപ്പിച്ചു. കൂടാതെ അതിരൂപത പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി മുഖ്യപ്രഭാഷണവും, ശ്രീമതി ലൗലി കൊച്ചിക്കുന്നേൽ, മാസ്റ്റർ എവിൻ വട്ടംകണ്ടത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കൂടാതെ X, XII ക്ലാസ്സിൽ മതബോധന രംഗത്ത് ശാഖാതലത്തിൽ ഒന്നാംസ്ഥാനം നേടിയകുട്ടികൾക്കും, സാഹിത്യ മത്സരവിജയികൾക്കും, മദർതെരേസാ ക്വിസ് വിജയികൾക്കും, മികച്ച ശാഖയ്ക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. പച്ചക്കറി വിത്ത് വിതരണ ഉദ്ഘാടനം മേഖലാപ്രസിഡന്റ് നിർവഹിച്ചു. അതേതുടർന്ന് ബിഎംജി കുട്ടികൾക്ക് ഫാ. സിറിൾ ഒഎഫ്എം ഓറിയന്റേഷൻ ക്ലാസ്സ് എടുത്തു തുടർന്ന് ഓണാഘോഷപരിപാടികൾ നടന്നു. ശേഷം മേഖലാ വൈസ് ഡയറക്ടർ സി. നിസാമേരി എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിച്ചുകൊണ്ട് മേഖലാ കൗൺസിൽ വാർഷികം സമാപിച്ചു.

## മേരിഗിരി മേഖല

മേരിഗിരി ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ഓണാഘോഷ പരിപാടികൾ കരുവഞ്ചാൽ പ്രീസ്റ്റ്ഹോമിൽവച്ച് നടത്തപ്പെട്ടു.

ഫൊറോന വികാരി ഫാ. ജോസ് കളരിക്കൽ ഓണസന്ദേശം നല്കി. ഇടവകയിലെ വിവിധ ശാഖകൾ അണിനിരന്ന കലാപരിപാടികൾ അരങ്ങേറി. ബഹു. വൈദികർക്ക് ഓണക്കോടി നൽകി ആദരിച്ചു.

വി. എവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് എവുപ്രാസ്യ മ്മയുടെ ആധ്യാത്മിക ജീവിതം ദൈവവിളി പ്രോത്സാഹനം എന്നപേരിൽ ചെറുപാറ സിഎംസി കോൺവെന്റ് സന്ദർശിക്കുകയും അവരുമായി അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. പരിപാടിയിൽ മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

## മെഗാ ഫാമിലി മീറ്റ്

സപ്തതി നിറവിലായ മിഷൻലീഗിന്റെ മെഗാ ഫാമിലി മീറ്റ് മേരിഗിരി ചെറുപുഷ്പം ഓഡിറ്റോറിയത്തിൽ നടന്നു. റവ. ഡോ. ജോൺസൺ അന്ത്യാകുളം, രൂപതാ പ്രസിഡന്റ് ബേബി പ്ലാശ്ശേരിൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. 11 ഇടവകകളിൽ നിന്നായി 70 കുടുംബങ്ങളിൽ നിന്ന് 140 പേർ പങ്കെടുത്തു. മേഖലാ ഡയറടർ ഫാ. തോമസ് വാളിപ്ലാക്കൽ പ്രസിഡന്റ് ബിജു ചെറുകരകുന്നേൽ, വൈസ് ഡയറക്ടർ സി. എയ്ഞ്ചൽ മരിയ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം കൊടുത്തു.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരി. അമ്മയിൽനിന്നും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എപ്പോഴും അമ്മയുടെ സംരക്ഷണയിൽ ആയിരിക്കുവാനുമായി ജപമാല ചൊല്ലി പ്രാർഥിക്കുവാനും ഇടവകദേവാലയത്തിലെ കൊന്ത നമസ്കാര ത്തിൽ പങ്കെടുക്കുവാനും കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ...

## 'നിറംകൊടുക്കാമോ' സെപ്റ്റംബർ മാസത്തെ വിജയികൾ

I ഡോണ കുമ്പളന്താനം - വെള്ളരിക്കുണ്ട്
II റോസ്മരിയ വെട്ടുപറമ്പിൽ - കണിച്ചാർ
III ജോമരിയ പടിഞ്ഞാറേക്കര - പെരിങ്ങാല

## 'നിങ്ങൾക്കറിയമോ' വിജയികൾ

I ആൻ കളരിമുറിയിൽ - കണ്ണിവയൽ
II ആൽബർട്ട് മാപ്പുറത്ത് - ചെറുപുഴ
III അൽക്ക മരിയ മൂത്തേടം - ദീപഗിരി

## ഈശോയെപ്പോലെ ആത്മശക്തിയിൽ വളരാം ...

ഒക്ടോബർ മാസത്തിൽ ഉണ്ണിയുടെ കൂട്ടുകാരായ കുഞ്ഞുമക്കൾ ഉണ്ണീശോയെപ്പോലെ ആത്മശക്തിയിൽ വളരുവാൻ പരിശ്രമിക്കുകയാണ്... ഏതുകാര്യവും ഉറച്ചതീരുമാനമെടുത്ത് ധൈര്യപൂർവ്വം ചെയ്യാൻ സാധി ക്കുന്നതിനെയാണല്ലോ ആത്മശക്തി എന്നു പറയുന്നത്. ഉണ്ണിയോട് ചേർന്നുനിന്നുകൊണ്ട് ആത്മശക്തി എന്ന പുണ്യത്തിൽ വളർന്നുവരുവാൻ കൃപതരണമേ എന്ന് പ്രാർഥിക്കാം. ഒക്ടോബർ മാസത്തിലെ ചിത്രത്തിന് നിറംകൊടുത്തും, ഉപമയിലെ ചിത്രങ്ങൾക്ക് അനുയോജ്യമായ അടിക്കുറി പ്പുകൾ തയ്യാറാക്കിയും ഓഫീസിലേക്ക് അയച്ചുതരുമല്ലോ... ബഹു. വൈസ് ഡയറക്ടേഴ്സ് എല്ലാവരും തന്നെ ശ്രദ്ധിച്ച് കൃത്യമായി കുട്ടികളെക്കൊണ്ട് ചെയ്യിപ്പിച്ച് അയച്ചുതരുന്നതിന് പ്രത്യേകം അഭിനന്ദനങ്ങൾ. മത്സര ങ്ങൾക്കായി കുട്ടികളെ ഒരുക്കിതുടങ്ങണമെന്നും ഓർമ്മിപ്പിക്കുന്നു....

സ്നേഹപൂർവ്വം,

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

**പ്രാർഥനാശംസകൾ!**

## യുവോത്സവ് -2017

തലശ്ശേരി അതിരൂപതാ കലോത്സവം യുവോത്സവ് 2017 മേരിഗിരി ഫൊറോനയുടെ ആതിഥേയത്വത്തിൽ മേരിഗിരി ലിറ്റിൽഫ്ളവർ പാരീഷ് ഹാളിൽവച്ച് ഒക്ടോബർ 18ന് നടത്തപ്പെടുന്നു. കലാമത്സരങ്ങളുടെ നിയമാവലിയും മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും സെപ്റ്റംബറിലെ ഗിരിദീപത്തിൽ കൊടുത്തിട്ടുണ്ട്. (യുവജനശുശ്രൂഷ പേജ് 45-49) മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ മേഖലകളും ഒക്ടോബർ 1ന് മുമ്പായി നിർബന്ധമായും പേര് നൽകേണ്ടതാണ്. ലിസ്റ്റിലെ അവസാന തീയതി ഒക്ടോബർ 5ന് ആയിരിക്കും. പങ്കെടുക്കുന്നവർക്കു ഐഡി കാർഡ് നിർബന്ധമായിരിക്കും. ഒക്ടോബർ 1നു മുമ്പ് ഐഡി കാർഡ് അതിരൂപതയിൽനിന്നു വാങ്ങേണ്ടതാണ്.

## സങ്കീർത്തനപാരായണം

ഈ വർഷത്തെ കലോത്സവത്തിൽ സങ്കീർത്തന പാരായണം എന്ന ഒരു ഐറ്റംകൂടി ചേർത്തിരുന്നല്ലോ. സംസ്ഥാനത്തുനിന്ന് ഈ വർഷം സങ്കീർത്തനപാരായണം ഇല്ല എന്നറിയച്ചതനുസരിച്ച് ഈ ഐറ്റം ക്യാൻസലാക്കിയ വിവരം അറിയിക്കുന്നു.

## സ്വാഗതസംഘം രൂപീകരിച്ചു

ഒക്ടോബർ 18ന് നടക്കാനിരിക്കുന്ന അതിരൂപതാകലോത്സവത്തിനായി മേരിഗിരി ഫൊറോനയിൽ സ്വാഗതസംഘം രൂപീകരിച്ചു. മേരിഗിരി ഫൊറോന വികാരി ബഹു. ജോസ് കളരിക്കലച്ചൻ ഉദ്ഘാടനം ചെയ്തു. മേരിഗിരി ഫൊറോന ഡയറക്ടർ ബഹു. ജിൻസ് വാളിപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ ചേർന്നയോഗത്തിൽ അതിരൂപതാ ഡയറക്ടർ ബഹു. സോണി വടശ്ശേരി അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ആനിമേറ്ററും സമിതി അംഗങ്ങളായ പ്രസിഡന്റ്-എബിൻ, അജിൻ, ജോയൽ എന്നിവർ പങ്കെടുത്തു.

## സ്പെഷൽ സെനറ്റ്

ആഗസ്റ്റ് 26ന് സന്ദേശഭവനിൽവച്ച് കൂടിയ സ്പെഷ്യൽ സെനറ്റിൽ വച്ച് ട്രഷററെയും ജോയിന്റ് സെക്രട്ടറിയെയും തെരഞ്ഞെടുത്തു.

അതിരൂപതയുടെ ട്രഷററായിരുന്ന ശ്രീ ജോർജ് സെബാസ്റ്റ്യൻ ഉപരിപഠനത്തിനായി പോയതിനാലും, ജോയിന്റ് സെക്രട്ടറി അഞ്ജു ആനക്കല്ലിൽ ജോലിക്കായി പോയതിനാലുമാണ് ഇലക്ഷൻ നടത്തിയത്.

## പുതിയഭാരവാഹികൾ

| | | |
|---|---|---|
| ട്രഷറർ | : | ശ്രീ ജോയൽ തൊട്ടിയിൽ – പൈസക്കരി |
| ജോ. സെക്രട്ടറി | : | കുമാരി – ജെസ്നി ജോസ് – പേരാവൂർ |
| ഓഡിറ്റേഴ്സ് | : | ശ്രീ ലിജേഷ് ഫ്രാൻസീസ് – പനത്തടി |
| | | കുമാരി റയ്മേൾ തേക്കുംപുറത്ത് – പേരാവൂർ |
| വനിതാസിൻഡിക്കേറ്റ് | : | കുമാരി മരിയ പുളിയ്ക്കൽ – ചെമ്പന്തൊട്ടി |
| | | കുമാരി – മരിയ വടക്കേമുറിയിൽ – കുന്നോത്ത് |
| അഡീഷണൽ ചാർജ് | : | അജിൻ അറയ്ക്കപ്പറമ്പിൽ – ജനറൽ സെക്രട്ടറി |

പുതിയതായി സ്ഥാനമേറ്റ എല്ലാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിലേക്ക് സ്വാഗതവും, അഭിനന്ദനങ്ങളും അറിയിക്കുന്നു.

## സംസ്ഥാന അഗതിദിനാചരണം

സെപ്റ്റംബർ 3ന് കണ്ണൂർ രൂപതയുടെ ആതിഥേയത്വത്തിൽ ഹോളിമൗണ്ടിൽവച്ച് നടന്ന അഗതിദിനാചരണത്തിൽ ബഹു. ഡയറക്ടർ സോണി വടശ്ശേരി അച്ചനും ആനിമേറ്റർ സി. സെലിൻ ചെല്ലംകോട്ടും പ്രസിഡന്റ് എബിൻ കുര്യാക്കോസ്, അജിൻ, ജോയൽ, എയ്ഞ്ചൽ, ജെസ്നി എന്നിവർ പങ്കെടുത്തു.

## അതിരൂപതാഅഗതിദിനാചരണം

തലശ്ശേരി അതിരൂപതയുടെ മദർതെരേസ അനുസ്മരണ പൈസക്കരി ഫൊറോനയുടെ ആതിഥേയത്വത്തിൽ വെമ്പുവ തെരേസഭവനിൽവച്ച് സെപ്റ്റംബർ 5ന് നടത്തി. അതിരൂപതാപ്രസിഡന്റ് ശ്രീ. എബിൻ കുമ്പയ്ക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന അനുസ്മരണ യോഗം കെസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട് ഉദ്ഘാടനം ചെയ്തു. പൈസക്കരി ഫൊറോന ഡയറക്ടർ ബഹു. ജോബിൻ കാഞ്ഞിരത്തിങ്കലച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത, ഫൊറോനാഭാരവാഹികൾ ആശംസകളർപ്പിച്ചു. അഗതിദിനം ഏറ്റെടുത്തുനടത്തിയ പൈസക്കരി മേഖല ഡയറക്ടർ ബഹു. ജോബിൻ കാഞ്ഞിരത്തിങ്കലച്ചനും പ്രസിഡന്റ് ശ്രീ ജോയലിനും ആനിമേറ്റേഴ്സിനും എല്ലാ ഭാരവാഹികൾക്കും സഹകരിച്ച യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## സത്യമറിയാൻ

തലശ്ശേരി അതിരൂപത കെസിവൈഎം, ഗുഡ്നസ് ചാനലുംകൂടി നടത്തുന്ന സത്യമറിയാൻ എന്ന പ്രോഗ്രാമിന്റെ ഷൂട്ടിങ്ങ് സെപ്റ്റംബർ 18ന്

ചെറുപുഴ രാജഗിരിയിൽ വച്ചും 19ന് കോളയാട് സെന്റ് അൽഫോൻസ പള്ളിയിൽ വച്ചും നടത്തപ്പെട്ടു. എല്ലാ തിങ്കളാഴ്ചയും രാത്രി 8.30നും വ്യാഴാഴ്ച ഉച്ചയ്ക്ക് 12.30നും ഞായറാഴ്ച 3.30നും ഗുഡ്നസ് ടിവിയിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട് എന്ന് അറിയിക്കുന്നു.

## ദിയാക്കോണിയ

തലശ്ശേരി അതിരൂപതയിലെ ഭക്തസംഘടനാ ഭാരവാഹികളുടെ റീജണൽ സമ്മേളനം ദിയാക്കോണിയ 2017. ആദ്യറൗണ്ട് പേരാവൂർ ഫൊറോനയിൽവച്ച് സെപ്റ്റംബർ 16ന് പൂർത്തിയായി. തുടർ കാര്യപാരിപാടികൾ പിന്നീട് അറിയിക്കുന്നതായിരിക്കും. സെപ്റ്റംബർ 16ന് രാവിലെ തളിപ്പറമ്പിലും, ഉച്ചയ്ക്കുശേഷം പേരാവൂരിലും ദിയാക്കോണിയ നടത്തപ്പെട്ടു. സഹകരിച്ച എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ദിയക്കോണിയയിൽ പങ്കെടുത്തവരുടെ ലിസ്റ്റ്

സെപ്റ്റംബറിലെ ഗിരിദീപത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റിൽ വിളമന യൂണിറ്റിൽനിന്നും ആരും പങ്കെടുത്തിട്ടില്ല എന്നാണ് ലിസ്റ്റിൽ വന്നത് കെസിവൈഎംന്റെ 7 പേരും, സിഎംഎൽന്റെ 5 പേരും പങ്കെടുത്ത വിളമന യൂണിറ്റിന് പ്രത്യേകം അഭിനന്ദനങ്ങൾ.

**ആഗസ്റ്റ് - 31**

| **പടന്നക്കാട്** | | **വെള്ളരിക്കുണ്ട്** | | **കാഞ്ഞങ്ങാട്** | |
|---|---|---|---|---|---|
| പനത്തടി | - 4 | അട്ടക്കണ്ടം | - 1 | കാഞ്ഞങ്ങാട് | - 1 |
| പുല്ലടി | - 4 | വിമലഗിരി | - 4 | ചായോത്ത് | - 6 |
| മാനടുക്കം | - 1 | പറമ്പ | - 1 | നീലേശ്വരം | - 4 |
| കൊട്ടോടി | - 2 | കാലിച്ചാമരം | - 1 | | |

ബാക്കി ഇടവകകളിൽനിന്ന് ആരും പങ്കെടുത്തില്ല.

**സെപ്റ്റംബർ - 16**

| **തളിപ്പറമ്പ്** | | **പേരാവൂർ** | | | |
|---|---|---|---|---|---|
| കണ്ണൂർ | - 0 | പെരുമ്പുന്ന | - 1 | മട്ടന്നൂർ | - 0 |
| പരിയാരം | - 0 | മഞ്ഞളാംപുറം | - 3 | വാഴമല | - 0 |
| ബാലേശുഗിരി | - 0 | കോളയാട് | - 3 | രാജമുടി | - 0 |
| അമ്മംകുളം | - 0 | നെടുംപുറഞ്ചാൽ | - 0 | നിർമ്മലഗിരി | - 0 |
| തലശ്ശേരി | - 0 | പൂളക്കുറ്റി | - 4 | കൊളക്കാട് | - 4 |
| പയ്യന്നൂർ | - 1 | ചെങ്ങോം | - 0 | ചെട്ടിയാംപറമ്പ് | - 5 |
| തളിപ്പറമ്പ | - 2 | മടപ്പുരച്ചാൽ | - 0 | കണിച്ചാർ | - 5 |
| നെടുവാലൂർ | - 2 | എടത്തൊട്ടി | - 0 | ആര്യപ്പറമ്പ് | - 6 |
| മേലെചൊവ്വ | - 4 | മേൽമുരിങ്ങോടി | - 0 | പേരാവൂർ | - 6 |

## യൂണിറ്റ് വാർത്തകൾ

### യൂത്ത് എലൈവ്

ഒറ്റത്തൈ ഇടവകയിൽ അതിരൂപതാ ഡയറക്ടർ സന്ദർശനം നടത്തി, വി. കുർബാനയർപ്പിച്ചു. യുവജനക്ലാസ്സിൽ നൂറോളം കുട്ടികൾ പങ്കെടുത്തു. ഇടവക വികാരി ഫാ. ഷിബു കീച്ചങ്കരിയച്ചനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**ചൂരപ്പടവ് :** ചൂരപ്പടവ് ഇടവകയിൽ അതിരൂപതാ ഡയറക്ടർ സന്ദർശനം നടത്തി. വി. കുർബാനയർപ്പിച്ച് ക്ലാസ്സെടുത്തു.

### യുവജനസംഗമം

**കടുമേനി :** ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കടുമേനി ഇടവക യുവജനസംഗമം നടത്തി. അതിരൂപതാ ഡയറക്ടർ ക്ലാസ്സെടുത്തു. ഇടവക വികാരി ജോർജ് തൈക്കുന്നുംപുറം അച്ചനും ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

> *"ഒരാളുടെ ഹൃദയത്തിൽനിന്നു മറ്റൊരാളുടെ ഹൃദയത്തിലേക്ക് നാം നടത്തുന്ന യാത്രയാണ് ഓരോ വാക്കും സംസാരവും. ഒരാളെ തകർക്കാനും ഉയർത്താനും സംസാരത്തിനും കഴിയും. നമ്മുടെ വാക്കുകൾ മറ്റൊരാളെ വേദനിപ്പിക്കുമെങ്കിൽ പറയാതിരിക്കുക. എന്നാൽ വേദന ഉളവാക്കുമെങ്കിലും അയാൾക്ക് വളർച്ചക്കുകാരണ മെങ്കിൽ ക്ഷമ യാചിച്ച് അവ പറയുക."*
>
> (വിജയം നിങ്ങൾക്കു സ്വന്തം വാല്യം ഒന്ന്)

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

വിവാഹിതർ തങ്ങളുടെ സാമൂഹിക കടമകളെക്കുറിച്ച് അവബോധമുള്ളവരായി തീരേണ്ടതുണ്ട്. കവി കുറിക്കുന്നു:

"നിന്റെ കരങ്ങൾ എന്നെ പരിലാളിക്കുന്നു
എന്റെ ദിനങ്ങളെ സഫലമാക്കുന്ന
പൊരുത്തവും അവയത്രേ
നിന്റെ കരങ്ങൾ നീതി നിർവ്വഹിക്കുന്നു.
അതിനാൽ ഞാൻ നിന്നെ സ്നേഹിക്കുന്നു.
നീ എന്റെ സ്നേഹവും, എന്റെ ചങ്ങാതിയും
പങ്കാളിയും എന്റെ സർവ്വസ്വവുമാണ്
അതിനാൽ ഞാൻ നിന്നെ സ്നേഹിക്കുന്നു.
തെരുവോരങ്ങളിൽ തോളോട് തോൾ ചേർന്ന്
നീങ്ങുമ്പോൾ നാമിരുപേരല്ല; നാമൊന്നാണ്"

സ്നേഹത്തിന്റെ ശക്തി അനുഭവിക്കുന്ന ദമ്പതികൾക്ക് പുറന്തള്ളപ്പെട്ടവരുടെ മുറിവുകൾ വച്ചുകെട്ടാനും കണ്ടുമുട്ടലിന്റെ സംസ്ക്കാരം വളർത്താനും നീതിക്കുവേണ്ടി പോരാടാനും കഴിയണം. ലോകത്തെ ആകർഷിക്കാനും മറ്റുള്ളവരെ സഹോദരീ സഹോദരന്മാരായി കണ്ട് സഹായിക്കാനുമുള്ള ദൗത്യമാണ് ദൈവം കുടുംബത്തിന് നൽകിയിരിക്കുന്നത്. ഈ ഉത്തരവാദിത്വം ഏറ്റെടുത്ത് സ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷികളായി മാറാൻ നമുക്ക് പരിശ്രമിക്കാം.

## എം.ജി.സി – 2017

799, 800 എന്നീ എം.ജി.സി കോഴ്സുകൾ ആഗസ്റ്റ് 22-24, സെപ്റ്റംബർ 12-14 എന്നീ തീയതികളിൽ യഥാക്രമം തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ചർച്ച് എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 125 ആൺകുട്ടികളും 121 പെൺകുട്ടികളും ഉൾപ്പെടെ ആകെ 246 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## എം.ജി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ചർച്ച് എന്നീ സെന്ററുകളിൽവച്ച് ആഗസ്റ്റ് 24 സെപ്റ്റംബർ 14 തീയതികളിൽ എം ജി സി

799, 800 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് കോവാട്ട് ക്ലാസ്സ് നയിക്കുകയുണ്ടായി.

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം. ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാ പിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

**എം.ജി.സി ബുക്ക് ചെയ്യേ വിധം**

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.ജി. സി രജി സ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കൂടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

ഏതെങ്കിലും കാരണവശാൽ കോഴ്സിന് വരാൻ സാധിക്കുന്നില്ല എ ങ്കിൽ നേരിട്ട് ഓഫീസിൽ വിളിച്ച് Cancel ചെയ്യേണ്ടതാണ്. മറ്റൊരാളുടെ അവസരം നഷ്ടമാക്കരുതേ.

**അതിരൂപതാ സംഘടനാ നേതൃസംഗമം (ദിയാക്കോണിയ)**

അതിരൂപതയിലെ വിവിധ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ

കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് പരിശീലനം നൽകുന്നതിനായി സംഘടനാ ഭാരവാഹികൾക്കായി തോമാപുരം, ചെറുപുഴ,മേഖലയിൽ ആഗസ്റ്റ് 19 നും പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് മേഖലയിൽ ആഗസ്റ്റ് 31 നും, തളിപ്പറമ്പ്, പേരാവൂർ എന്നീ മേഖലകളിൽ സെപ്റ്റംബർ 16 നും നേതൃത്വപരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. പ്രാർത്ഥനയോടെ ആരം ഭിച്ച സംഗമം റവ.ഫാ.ജോർജ് വണ്ടർകുന്നേൽ ചെറുപുഴയിലും, മോൺ. ജോർജ് എളൂക്കുന്നേൽ പടന്നക്കാടും, റവ. ഫാ. ജോസഫ് കൊച്ചുകരോട്ട് പേരാവൂരും, റവ.ഫാ.അബ്രാഹം പോണാട്ട് തളിപ്പറമ്പിലും ഉദ്ഘാടനം ചെയ്തു. തുടർന്ന് മാർ. ജോസഫ് പാംപ്ലാനിയും റവ. ഫാ. ജോബി കോവാട്ടും ക്ലാസുകൾ നയിച്ചു. സംഘടനാ ഭാരവാഹികളെ നേതൃത്വഗുണ മുള്ളവരാക്കി മാറ്റാൻ കഴിയുന്ന രീതിയിലായിരുന്നു ക്ലാസുകൾ. തുടർന്ന് സംഘടനകൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തുകയും അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മാതൃവേദി, കെ.സി.വൈ.എം, മിഷൻലീഗ് ഭാരവാഹികളെ സമന്വയിപ്പിച്ചു നടത്തിയ പരിപാടിയിൽ 7 മേഖലകളിൽ നിന്നുമായി 700 ഓളം അംഗങ്ങൾ പങ്കെടുത്തു. അതിൽ 386 പേർ മാതൃവേദി അംഗങ്ങൾ ആയിരുന്നു. സംഗമത്തിൽ സഹകരിച്ച ആനിമേറ്റർ സിസ്റ്റേഴ്സിനും സംഘടനാഭാരവാഹികൾക്കും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പ്രത്യേക നന്ദി അറിയിക്കുന്നു.

### പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു

**തളിപ്പറമ്പ് മേഖല**

തലശ്ശേരി - 3
പയ്യന്നൂർ - 5
ബാലേശുഗിരി - 5
മേലേച്ചൊവ്വ - 4
നെടുവാലൂർ - 3
തളിപ്പറമ്പ് - 8
പരിയാരം - 4
അമ്മംകുളം - 3
കണ്ണൂർ - 5

**പേരാവൂർ മേഖല**

ചെട്ടിയാംപറമ്പ് - 5
കൊളക്കാട് - 5
ചെങ്ങോം - 5
പൂളക്കുറ്റി - 5
കല്ലുമുതിരക്കുന്ന് - 3
പെരുമ്പുന്ന - 4
എടത്തൊട്ടി - 6
കണിച്ചാർ - 5
നിർമ്മലഗിരി - 4
നെടുംപുറഞ്ചാൽ - 4
മടപ്പുറച്ചാൽ - 6
മഞ്ഞളാംപുറം - 4
രാജമുടി - 3
ഓടന്തോട് - 6
ആര്യപ്പറമ്പ് - 6
കോളയാട് - 6
പേരാവൂർ - 7

**കാഞ്ഞങ്ങാട് മേഖല**

കാഞ്ഞങ്ങാട് - 7
പൊയിനാച്ചി - 0
പെരിയ - 0
ചായ്യോത്ത് - 6
കാസർഗോഡ് - 0
മുള്ളേരിയ - 0
ദേലംപാടി - 0
ചീമേനി - 5
കാലിച്ചാനടുക്കം - 4
നീലേശ്വരം - 4
കാഞ്ഞിരടുക്കം - 5
ഉദയപുരം - 5
എണ്ണപ്പാറ - 5
പടന്നക്കാട് - 6
നെല്ലിയടുക്കം - 5
ഹൊസങ്കടി - 3
ബദിയടുക്ക - 3

**തോമാപുരം മേഖല**

- അതിരുമാവ് - 2
- ആയന്നൂർ - 3
- ബെഡൂർ - 2
- ചട്ടമല - 4
- ചാവറഗിരി - 4
- കടുമേനി - 3
- കമ്പല്ലൂർ - 5
- കണ്ണിവയൽ - 5
- കാവുംന്തല - 3
- കുന്നുംകൈ - 0
- മണ്ഡപം - 5
- പാലാവയൽ - 6
- തയ്യേനി - 4
- തോമാപുരം - 5
- വരക്കാട് - 5

**വെള്ളരിക്കുണ്ട് മേഖല**

- കൊന്നക്കാട് - 4
- അമലഗിരി - 0
- അട്ടക്കണ്ടം - 6
- ബിരിക്കുളം - 2
- കനകപ്പള്ളി - 4
- മാലോം - 2
- ഭീമനടി - 3
- പുന്നക്കുന്ന് - 4
- കരുണാപുരം - 2
- വെള്ളരിക്കുണ്ട് - 3
- വിമലഗിരി - 4
- ആനമഞ്ഞൾ - 4
- ചുള്ളി - 3
- പറമ്പ - 3
- ബളാൽ - 3
- പുഞ്ച - 2
- കാലിച്ചാമരം - 2
- നാട്ടക്കല്ല് - 3

**പനത്തടി മേഖല**

- കന്നിലെടുക്കം - 5
- പാണത്തൂർ - 0
- പനത്തടി - 0
- പുല്ലടി - 0
- അടോട്ടുകയം - 4
- പടിമരുത് - 2
- മാനടുക്കം - 1
- പടുപ്പ് - 5
- കൊട്ടോടി - 5
- കള്ളാർ - 3
- മേരിപുരം - 3

**ചെറുപുഴ മേഖല**

- അരവഞ്ചാൽ - 2
- ചെറുപുഴ - 6
- ചൂരപ്പടവ് - 5
- ജോസ്ഗിരി - 6
- കോലുവള്ളി - 5
- കോഴിച്ചാൽ - 3
- മുളപ്ര - 5
- പാടിയോട്ടുചാൽ - 4
- പുളിങ്ങോം - 3
- രാജഗിരി - 3
- ഉമ്മറപൊയിൽ - 4
- താബോർ - 4
- തിരുമേനി - 6

## ഒക്ടോബർ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 1. ഒക്ടോബർ 2 - ഗാന്ധിജയന്തി

ഗാന്ധിജയന്തിയോടനുബന്ധിച്ച് ഒക്ടോബർ 7-ാം തീയതി നമ്മുടെ ഇടവകയിലെ പള്ളി, പള്ളിമുറി, പൊതുസ്ഥലങ്ങൾ തുടങ്ങിയവ അമ്മമാരുടെ നേതൃത്വത്തിൽ വൃത്തിയാക്കാൻ പരിശ്രമിക്കുക. ഇടവകയിലെ മറ്റ് അംഗങ്ങളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ഈ പ്രവർത്തനം ഭംഗിയായി ചെയ്യാൻ ശ്രദ്ധിക്കണേ.

### 2. ഒക്ടോബർ 4 - വി. ഫ്രാൻസിസ് അസ്സീസി

പരി. മാർപാപ്പയുടെ തിരുനാൾ ദിനമായ അന്ന് അമ്മമാർ വി. കുർബ്ബാനയിൽ സംബന്ധിച്ച് പരി. പിതാവിനും അദ്ദേഹത്തിന്റെ നിയോഗത്തിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും സമാധാനത്തിന്റെ സന്ദേശവാഹകനായ ഫ്രാൻസിസ് അസ്സീസി പുണ്യവാളന്റെ മാദ്ധ്യസ്ഥം തേടുവാനും ശ്രദ്ധിക്കണേ.

**3. ഒക്ടോബർ 7 – ബൈബിൾ ക്വിസ് – ബിബ്ലിയ**

2017 വർഷത്തെ മാതൃവേദി അതിരൂപതാ ബൈബിൾ ക്വിസ്സ് മത്സരം തലശ്ശേരി സന്ദേശഭവനിൽവച്ച് ഒക്ടോബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ നടത്തപ്പെടുന്നു. മേഖലാ ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും നേതൃത്വത്തിൽ അതാതു മേഖലകളിൽ ബൈബിൾ ക്വിസ് നടത്തി 1, 2 സ്ഥാനങ്ങൾ ലഭിച്ചവരുടെ പേര്, വീട്ടുപേര്, അംഗത്വ നമ്പർ എന്നിവ സെപ്റ്റംബർ 30 ന് മുമ്പ് രൂപതയിൽ എത്തിക്കുന്ന വരെയാണ് അതിരൂപതാ മത്സരത്തിലേക്ക് പരിഗണിക്കുക.

**4. ഒക്ടോബർ 28 – അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

സീറോമലബാർ മാതൃവേദിയുടെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോ. 28-ാം തീയതി രാവിലെ 10 മണി മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നതാണ്. അതിരൂപതാ ഭാരവാഹികളും മേഖലാ പ്രസിഡന്റുമാരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**5. ജപമാലമാസം– ചെയിൻ റോസറി :** മാതൃവേദി അംഗങ്ങളുടെ യോഗം കൂടി പരിശുദ്ധഅമ്മയ്ക്ക് പ്രത്യേകം സമർപ്പിതമായിരിക്കുന്ന ഒക്ടോബർ മാസത്തിൽ അതിരൂപതാ അസംബ്ലിയുടെ വിജയത്തിനുവേണ്ടി യൂണിറ്റ് തലത്തിൽ ചെയിൻ റോസറി നടത്തുക. 31 ദിവസവും ഒരമ്മ ഒരു ജപമാല വീതം ചൊല്ലത്തക്കവിധം ഇത് ക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണേ.

**6. അതിരൂപതാ വിഹിതം**

അതിരൂപതാ വിഹിതം അടച്ചിട്ടില്ലാത്ത യൂണിറ്റുകൾ ഒക്ടോബർ 31-ാം തീയതിക്കു മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## മാതൃവേദി പുതിയ യൂണിറ്റ് സ്ഥാപനം – മട്ടന്നൂർ

മട്ടന്നൂർ ഹോളിട്രിനിറ്റി ഇടവകയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട് 2017 സെപ്റ്റംബർ 17-ാം തീയതി സീറോ മലബാർ മാതൃവേദിയുടെ പുതിയ യൂണിറ്റ് സ്ഥാപിച്ചു. ബഹു. അച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് അമ്മമാർക്ക് ക്ലാസ് നടത്തുകയും ചെയ്തു. കുടുംബപ്രേഷിതോന്മുഖമായ പ്രവർത്തനങ്ങൾക്ക് ഇടവകയിൽ പുതിയ ചുവടുവയ്പ്പുകൾ നടത്തുന്ന ബഹു. മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചനും മാതൃവേദിയിൽ അംഗങ്ങളായി ചേർന്നവർക്കും ഭാരവാഹികൾക്കും സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

## സമ്പൂർണ്ണ മാതൃവേദി – കച്ചേരിക്കടവ്

സെപ്റ്റംബർ 1-ാം തീയതി വെള്ളിയാഴ്ച കച്ചേരിക്കടവ് സെന്റ്

ജോർജ് ഇടവകയെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് സമ്പൂർണ്ണ മാതൃവേദി ഇടവകയായി വി. കുർബ്ബാന മദ്ധ്യേ പ്രഖ്യാപിച്ചു. തുടർന്ന് വചനപ്രഘോഷണവും ജാഗരണ പ്രാർത്ഥനയും നടത്തുകയുണ്ടായി. ക്ലാസിലും തുടർന്നുള്ള ആരാധനയിലും ഇടവകാംഗങ്ങൾ ഭക്തിപൂർവ്വം പങ്കുകൊണ്ടു. ഇടവക വികാരി ഫാ. ജെയ്സൺ കൂനാനിക്കലിനും ആനിമേറ്റർ സി. എലിസബത്ത് സി.എം.സിക്കും ഭാരവാഹികൾക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദനങ്ങൾ.

## ശാഖാസന്ദർശനം, ക്ലാസ് - ചൂരപ്പടവ്

ചൂരപ്പടവ് ഹോളിക്രോസ് ഇടവകയിൽ ആഗസ്റ്റ് 20-ാം തീയതി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ സന്ദർശനം നടത്തുകയും രാവിലെ വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മാതാക്കൾക്കായി എടുത്ത ക്ലാസിൽ 80 ഓളം പേർ സംബന്ധിച്ചു. ഇടവകയിൽ തീഷ്ണതയോടെ ആത്മീയ നേതൃത്വം നൽകുന്ന വികാരി ജോസഫ് മഞ്ഞളാംകുന്നേൽ അച്ചനും, ആനിമേറ്റർ സി. ഡോണിയ എസ്.എം. എസ്സിനും അനുമോദനങ്ങൾ.

## അനുകരണീയ മാതൃക

### 1. കുന്നോത്ത് മേഖല

**മദർതെരേസ ദിനാചരണം:** മദർതെരേസയുടെ ദിനാചരണത്തോടനുബന്ധിച്ച് കുന്നോത്ത് മേഖലയിലെ എല്ലാ ഇടവകയിൽനിന്നും പ്രതിനിധികളായി 32 പേർ മദർതെരേസയുടെ ദൈവാലയമായ പാടാംകവലയിലേക്ക് സെപ്റ്റംബർ 5-ാം തീയതി തീർത്ഥയാത്ര നടത്തി. മേഖല ഡയറക്ടർ ഫാ. ജേക്കബ് കരോട്ട്, മേഖലാ ആനിമേറ്റർ, മേഖലാ ഭാരവാഹികൾ എന്നിവർ തീർത്ഥാടനത്തിന് നേതൃത്വം കൊടുത്തു. ഈ ആത്മീയയാത്ര ജീവിതത്തിൽ വലിയ ദൈവാനുഭവത്തിന് കാരണമായി.

### 2. വിജയഗിരി (കാപ്പിമല) യൂണിറ്റ്

**സൗജന്യ മെഡിക്കൽ ക്യാമ്പ്:** വിജയഗിരി സെന്റ് ജോസഫ് ദേവാലയത്തിലെ മാതൃവേദി സംഘടനയുടെ ആഭിമുഖ്യത്തിൽ ശ്രേയസ് മലബാർ അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് സംഘം, സ്നേഹഗിരി സ്വാശ്രയസംഘം, ഉദയസ്വാശ്രയ സംഘം ആലക്കോട് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യകമ്പ്യൂട്ടറൈസ്ഡ് കാഴ്ചപരിശോധനയും തിമിരരോഗനിർണ്ണയവും 2017 ആഗസ്റ്റ് 20 ഞായറാഴ്ച രാവിലെ 10 മണിക്ക് വിജയഗിരി പാരീഷ് ഹാളിൽവച്ച് നടത്തി. ക്യാമ്പിൽ പങ്കെടുത്തവർക്ക് ആവശ്യമുള്ള കണ്ണടയും നൽകി. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച് ശ്രീ. സാബു അലക്സ് സ്വാഗതം പറയുകയും വിജയഗിരി വികാരി റവ. ഫാ. സ്കറിയ പൂവത്താനിക്കുന്നേൽ ആദ്ധ്യക്ഷം വഹിക്കുകയും ആലക്കോട് ഗ്രാമപഞ്ചായത്ത് മെമ്പർ

ശ്രീ. ജോസ് അള്ളുംപുറം ഉദ്ഘാടനം നടത്തുകയും വിജയഗിരി മാതൃവേദി പ്രസിഡണ്ട് ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ ആശംസകൾ നേരുകയും ശ്രീമതി ഷൈല നന്ദി പറയുകയും ചെയ്തു. കാഴ്ച പരിശോധനയ്ക്ക് ഡോ. രാജേഷ് രാഘവ്, ഡോ. ബിന്ദു രാജ് എന്നിവർ നേതൃത്വം കൊടുത്തു. ഈ ക്യാമ്പിന് നേതൃത്വം നൽകിയ വികാരി റവ. ഫാ. സ്കറിയ പൂവത്താനിക്കുന്നേലിനും സി. ലൂസിയ എസ്.കെ.ഡിയ്ക്കും എല്ലാ മാതൃവേദി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

**അംഗത്വ സ്വീകരണം:** പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് മാതൃവേദിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും ചില യൂണിറ്റുകൾ സമ്പൂർണ്ണ മാതൃവേദിയാക്കുന്നതിനും പ്രത്യേക താൽപര്യമെടുത്തതിൽ ഏറെ സന്തോഷമുണ്ട്. മറ്റ് ഇടവകകൾക്കും കൂടി പ്രചോദനാത്മകമായ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ അഭിനന്ദനങ്ങൾ നേരുന്നു. കഴിയുന്നിടത്തോളം അമ്മമാരെ ഇനിയും മാതൃവേദിയിൽ ചേർക്കുമല്ലോ.

## ഫാമിലി അപ്പൊസ്റ്റോലേറ്റ് കലണ്ടർ – 2018

ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ 2018 വർഷത്തെ കലണ്ടർ പ്രസിദ്ധീകരിച്ച് മാതൃവേദിയുടെ മേഖലാ കേന്ദ്രങ്ങളിൽ ഏല്പിച്ചിട്ടുണ്ട്. വികാരിയച്ചന്മാർ ചാരിറ്റി കളക്ഷനായി മാതൃവേദി യൂണിറ്റുകൾക്ക് ഇത് ഉപയോഗിക്കുന്നതിനെക്കുറിച്ച് പള്ളിയിലറിയിക്കുമല്ലോ. 1 കലണ്ടറിന് 13 രൂപ വീതം മേഖലാതലത്തിൽ ശേഖരിച്ച് നവംബർ 30 ന് മുമ്പ് രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കണെ.

## മരിയൻ മെഗാ ബൈബിൾ ക്വിസ് 2017

ഫാത്തിമ മാതാവിന്റെ ദർശനത്തിന്റെ 100–ാം വാർഷികത്തോടും തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ രജതജൂബിലിയോടും അനുബന്ധിച്ച് പരി. അമ്മയെക്കുറിച്ച് കൂടുതൽ അറിയുവാനും പഠിക്കുവാനും മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുവാനും അമ്മമാർക്ക് ഒരു സുവർണ്ണാവസരം ഒരുക്കുന്നു. 2017 ഡിസംബർ 8ന് തലശ്ശേരി സന്ദേശഭവനിൽവച്ച് അതിരൂപതാതലത്തിൽ നടത്തപ്പെടുന്ന മെഗാ ബൈബിൾ ക്വിസ്സിലേക്ക് എല്ലാ ഇടവകകളിൽ നിന്നുമുള്ള അമ്മമാരെ സ്വാഗതം ചെയ്യുന്നു.

പഠനഭാഗം : പരി. അമ്മയെക്കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ 25%, പരി. മറിയത്തിന്റെ പ്രത്യക്ഷീകരണങ്ങൾ 25%, പരി. അമ്മയോടുള്ള പ്രാർത്ഥനകൾ 10%, മരിയ വിജ്ഞാനീയം (ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം) 40%.

- ഒരു യൂണിറ്റിൽ നിന്നും 2 പേർ വീതം അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം.
- പങ്കെടുക്കുന്നവർ അതിരൂപതാ ഓഫീസിൽ ഒക്ടോബർ 15ന് മുമ്പ് രജിസ്റ്റർ ചെയ്യണം.
- രജിസ്ട്രേഷൻ ഫീസ് 50 രൂപ.

| | |
|---|---|
| ഒന്നാം സമ്മാനം | : 5000 രൂപ |
| രണ്ടാം സമ്മാനം | : 3000 രൂപ |
| മൂന്നാം സമ്മാനം | : 1500 രൂപ |
| നാലാം സമ്മാനം | : 750 രൂപ |
| അഞ്ചാം സമ്മാനം | : 250 രൂപ |

**സർവ്വേ 2017**

30 വയസ്സ് കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത യുവതീയുവാക്കൾ, ഏകസ്ഥ ജിവീതം നയിക്കുന്നവർ, വിഭാര്യർ, വിധവകൾ, ബധിരരും മൂകരും (പുരുഷന്മാർ, സ്ത്രീകൾ) ആയിട്ടുള്ളവർ, താമസയോഗ്യമായ വീടുകളില്ലാത്തവർ, അന്യമതത്തിൽപ്പെട്ടവരുമായി വിവാഹിതരായവർ എന്നിവരുടെ ഒരു സ്ഥിതിവിവരക്കണക്ക് എടുക്കുന്നതിന്റെ ഫോമുകൾ ഇടവകകളിൽ എത്തിച്ചിരുന്നു. ആഗസ്റ്റ് 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ തിരിച്ചേൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ചില യൂണിറ്റുകളിൽ നിന്നും ഇനിയും ലഭിച്ചിട്ടില്ല. ഒക്ടോബർ 10ന് മുമ്പ് ഇനിയും തന്നിട്ടില്ലാത്ത യൂണിറ്റുകൾ തിരിച്ചേൽപ്പിക്കുമല്ലോ. ഈ കണക്കുകൾ പ്രകാരം പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്കായുള്ള പ്രത്യേക കർമ്മപദ്ധതികൾ എപ്പാർക്കിയൽ അസംബ്ലിയിൽ അവതരിപ്പിക്കുവാനുള്ള ഈ ശ്രമത്തിന് ദയവായി സഹകരിക്കണെ.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**

ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## ഗുരുദീപ്തി

2017-18 അധ്യയന വർഷം സ്ഥിരനിയമനം ലഭിച്ച അധ്യാപകർക്ക് സെപ്റ്റംബർ 6,7 തീയതികളിൽ സന്ദേശഭവനിൽ ഓറിയന്റേഷൻ ക്ലാസ് നടത്തി. 6-ാം തീയതി 10 മണിക്ക് ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. സജീവ് സി.ഡി. സാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സന്ദേശഭവൻ അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. ജോസഫ് കാക്കരമറ്റം ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ആമുഖഭാഷണം നടത്തി. കാത്തലിക് എജ്യുക്കേഷൻ പോളിസിയെക്കുറിച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ക്ലാസെടുത്തു. നിയുക്ത മെത്രാൻ മാർ ജോസഫ് പാംപ്ലാനി, ഫാ. ജെയിംസ് ചെല്ലങ്കോട്ട്, റവ. ഫാ. സാബു കുമ്പുക്കൽ, ശ്രീ. ബെന്നി പുത്തൻനട എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീ. ജോബി ജോൺ, ശ്രീ. മാത്യു ജോസഫ്, ശ്രീ. ബിജു കുറുമൂട്ടം എന്നീ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികൾ ട്രെയിനിംഗിനു നേതൃത്വം നൽകി.

## സിസ്റ്റേഴ്സ് സംഗമം

കോർപ്പറേറ്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിന്റെ സംഗമം സെപ്റ്റംബർ 21 ന് നടത്തി. സമ്മേളനത്തിൽ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് അധ്യക്ഷം വഹിച്ച് ആമുഖഭാഷണം നടത്തി. എംഎസ്എംഐ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ മേരി ജോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ വിദ്യാലയ പ്രേഷിതത്തിൽ സമർപ്പിതരുടെ പങ്ക് എന്ന വിഷയത്തെ ആധാരമാക്കി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് ക്ലാസെടുത്തു. റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

## പുതിയ സ്കൂൾ കെട്ടിടം വെഞ്ചരിച്ചു

നെല്ലിപ്പാറ ഹോളി ഫാമിലി എൽ.പി.സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ചു. സെപ്തംബർ 4-ാം തീയതി തിങ്കളാഴ്ച 3.30 ന് അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും നിർവ്വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് സമ്മേളനത്തിൽ അധ്യക്ഷം വഹിച്ചു. പുതിയ മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ഫിലിപ്പ് ചേന്നാട്ടച്ചനും ഇടവകാ സമൂഹത്തിനും പ്രത്യേകം നന്ദി.

## പിറ്റിഎ, മദർ പിറ്റിഎ പ്രസിഡന്റുമാരുടെ സമ്മേളനം

പുതിയ അധ്യയന വർഷം സ്കൂൾ വികസനത്തിൽ പ്രധാനധ്യാപകരോടൊപ്പം സഹകരിക്കാൻ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പി.റ്റി.എ., എം.പി.റ്റി.എ. പ്രസിഡണ്ടുമാരുടെ സമ്മേളനം ഓഗസ്റ്റ് 4 - ചെമ്പേരി ഹൈസ്കൂൾ, ഓഗസ്റ്റ 7 - തോമാപുരം ഹൈസ്കൂൾ, ഓഗസ്റ്റ 8 - വയത്തൂർ യു പി, ഓഗസ്റ്റ് 10 - എടൂർ ഹൈസ്കൂൾ എന്നീ സെന്ററുകളിൽവച്ച് നടത്തുകയുണ്ടായി. കോർപ്പറേറ്റ് മാനേജർ ക്ലാസെടുത്തു. സ്കൂൾ വികസനത്തിൽ രക്ഷിതാക്കളുടെ ഉത്തരവാദിത്വങ്ങളെയും കടമകളെയും ഓർമ്മിപ്പിച്ചു. പ്രസിഡണ്ടുമാർ അവരുടെ ആകാംക്ഷകളും പ്രതീക്ഷകളും തുറന്നു പങ്കുവയ്ക്കുകയുണ്ടായി. ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ പ്രസിഡണ്ടുമാരുടെ സമ്മേളനം വളരെ ഉപകാരപ്രദമാണെന്നവർ അഭിപ്രായപ്പെട്ടു.

## അഭിനന്ദനങ്ങൾ

2016 - 17 വർഷത്തെ മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ വെള്ളരിക്കുണ്ട് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൾ ഡോ. മെൻഡലിൻ മാത്യുവിന് അഭിനന്ദനങ്ങൾ ആശംസകൾ.

## എൽഎസ്എസ് വിജയികൾ

### എടൂർ എൽപി

1. അന്ന മരിയ വർഗീസ് - എടൂർ എൽപി സ്കൂൾ
2. ഹരിനന്ദ ഷാജി - എടൂർ എൽപി സ്കൂൾ

സ്കോളർഷിപ്പ് പരീക്ഷയിൽ വിജയം കൈവരിച്ചവർക്കും പരിശീലനം നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും....

## സദ്ഗമയ പി ടി ചാക്കോ പ്രസംഗമത്സരം വിജയികൾ

### ചെമ്പേരി എച്ച്എസ്എസ് സെന്റർ - ഹയർസെക്കണ്ടറി വിഭാഗം

ഒന്നാം സ്ഥാനം : നീരജ പുതിയവീട്ടിൽ
XII - സേക്രട്ട് ഹാർട്ട് എച്ച്എസ്എസ്, അങ്ങാടിക്കടവ്

രണ്ടാം സ്ഥാനം : അമറ്റ്യൂസ് മരിയ വിഎസ്
XII - ബിവിജെഎം എച്ച്എസ്എസ്, പെരുമ്പടവ്

മൂന്നാം സ്ഥാനം : അമല ജെയിംസ്
XII - മേരിഗിരി എച്ച്എസ്എസ്, തേർത്തല്ലി

### വായാട്ടുപറമ്പ് എച്ച്എസ് സെന്റർ - എൽ പി വിഭാഗം

ഒന്നാം സ്ഥാനം : ആമി ബിജി
IV - നിർമ്മല എൽപിഎസ് വെള്ളരിക്കുണ്ട്

രണ്ടാം സ്ഥാനം : ആദിത്യൻ സുനിൽ
IV - മാമ്പോയിൽ എൽപിഎസ്
മൂന്നാം സ്ഥാനം : ലയ മരിയ ബെന്നി
III - സെന്റ് ജോസഫ്സ് യുപിഎസ് വായാട്ടുപറമ്പ്

**യു പി വിഭാഗം**

ഒന്നാം സ്ഥാനം : അന്ന പി ടോം
V - സെന്റ് ജോസഫ്സ് യുപിഎസ് വായാട്ടുപറമ്പ്
രണ്ടാം സ്ഥാനം : മരിയ റോസ് ബിനു
VII - സെന്റ് ജോസഫ്സ് യുപിഎസ് പുലിക്കുരുമ്പ
മൂന്നാം സ്ഥാനം : ആദർശ് സാജൻ
VI - സെന്റ് ജോൺസ് എച്ച്എസ് പാലാവയൽ

**എച്ച് എസ് വിഭാഗം**

ഒന്നാം സ്ഥാനം : അനുപ്രിയ ജോസ്
X - ദേവമാതാ എച്ച്എസ് പൈസക്കരി
രണ്ടാം സ്ഥാനം : ലിസ് റോസ്
VIII - ക്യൂൻ മേരി എച്ച്എസ് കുടിയാന്മല
മൂന്നാം സ്ഥാനം : ജോസ്ന കെ എസ്
X - സെന്റ് മേരീസ് എച്ച്എസ് ചെറുപുഴ

**എടൂർ എച്ച്എസ് സെന്റർ - എൽ പി വിഭാഗം**

ഒന്നാം സ്ഥാനം : ആതിര റ്റി
IV - വയത്തൂർ യുപിഎസ് ഉളിക്കൽ
രണ്ടാ സ്ഥാനം : അൽസ റോസ് ആന്റണി
IV - സെന്റ് മേരീസ് എൽപിഎസ് എടൂർ
മൂന്നാം സ്ഥാനം : ഗ്ലോറി മരിയ റിജു
III - സെന്റ് തോമസ് യുപിഎസ് കരിക്കോട്ടക്കരി

**യു പി വിഭാഗം**

ഒന്നാം സ്ഥാനം : ലയ സന്തോഷ്
V - സെന്റ് മേരീസ് എച്ച്എസ്എസ് എടൂർ
രണ്ടാം സ്ഥാനം : സജിന സജി
VI - വയത്തൂർ യുപിഎസ് ഉളിക്കൽ
മൂന്നാം സ്ഥാനം : മിത്ര നിക്സൺ
VI - സെന്റ് ജോൺസ് യുപിഎസ് തൊണ്ടിയിൽ

**എച്ച് എസ് വിഭാഗം**

ഒന്നാം സ്ഥാനം : ഡാരീസ് ബെന്നി
VIII - സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ് വെളിമാനം

രണ്ടാം സ്ഥാനം : നിവേജ് പുതിയ വീട്ടിൽ
VIII - സെന്റ് തോമസ് എച്ച് എസ് എസ് കിളിയന്തറ
മൂന്നാം സ്ഥാനം : ചെൽസ മരിയ സണ്ണി
IX - സെന്റ് ജോസഫ്സ് എച്ച്എസ്എസ് കുന്നോത്ത്

വിജയികൾക്ക് അഭിനന്ദനങ്ങൾ ആശംസകൾ. മത്സരം ഭംഗിയായി സംഘടിപ്പിച്ച ചെമ്പേരി, വായാട്ടുപറമ്പ്, എടൂർ സെന്ററുകളിലെ പ്രിൻസിപ്പൾ, ഹെഡ്മാസ്റ്റർമാർ, സെന്റർ കോർഡിനേറ്റർമാർ, മത്സരം കൃത്യമായി വിധി നിർണയം നടത്തിയ വിധികർത്താക്കൾ എന്നിവർക്ക് പ്രത്യേകം നന്ദി.

## സ്വാഗതം, വിജയാശംസകൾ

കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 2017-2020 വർഷത്തെ ഭാരവാഹികളായി സി ടി സജീവ് (പ്രസിഡന്റ്) ബീന മാത്യു (വൈസ് പ്രസിഡന്റ്) ജോബി മൂലയിൽ (സെക്രട്ടറി) ടി ജെ എൽസമ്മ (ജോ. സെക്രട്ടറി) എം ടി ജെയിംസ് (ട്രഷറർ) മാത്യു ജോസഫ്, ബിജു കുറുമുട്ടം (സംസ്ഥാന പ്രതിനിധികൾ) എന്നിവർ തെരെഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികൾക്ക് വിജയാശംസകൾ. കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട ശ്രീ. മാത്യു ജോസഫ് സാറിന് (കല്ലുവയൽ എൽ പി സ്കൂൾ എച്ച് എം) അഭിനന്ദനങ്ങൾ.

## കൃതജ്ഞതയോടെ

2014-17 വർഷങ്ങളിലെ അതിരൂപത ടീച്ചേഴ്സ് ഗിൽഡിനു നേതൃത്വം നൽകിയത് ശ്രീ.ഒ.മാത്യു (പ്രസിഡന്റ്) ബെന്നി പുത്തൻനട (സെക്രട്ടറി) സി.ടി സജീവ് (വൈസ് പ്രസിഡന്റ്) റോസിലി കെ എ (ജോ.സെക്രട്ടറി) ഇ.എം ദേവസ്യ (ട്രഷറർ) മാത്യു ജോസഫ് (സംസ്ഥാന പ്രതിനിധി) എന്നിവരാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വിജയോത്സവങ്ങൾ, റിട്ടയർമെന്റ് പ്രോഗ്രാമുകൾ, ബെസ്റ്റ് സ്കൂൾ അവാർഡുകൾ, ഗുരുദീപ്തി അധ്യാപക പരിശീലന പരിപാടികൾ എന്നിവ ഭംഗിയായി നടത്തുന്നതിനായി ഇവർ ഏറെ അധ്വാനിച്ചു. അധ്യാപകരുടെ നിയമനാംഗീകാരത്തിനായി നിവേദനങ്ങളും സമരങ്ങളും തുടർച്ചയായി നടത്തി കുറെയേറെ നിയമനാംഗീകാരം സാധിച്ചെടുക്കുന്നതിന് ഇവർ അക്ഷീണം പ്രയത്നിച്ചു. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള മത്സരങ്ങൾ, അധ്യാപക സംഗമങ്ങൾ, ജൂബിലി സമാപന സമ്മേളനം എന്നിവ ഭംഗിയായി നടത്തുവാൻ ഏറെ ത്യാഗങ്ങൾ ഏറ്റെടുത്തു. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ക്രിയാത്മകമായി നിർവ്വഹിച്ച ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഏറെ ഹൃദ്യമായ നന്ദി.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

## ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് വിവിധ പരീക്ഷകൾ നടത്തുന്നതിനായി സർക്കാർ തിരഞ്ഞെടുത്ത ഒരു പരീക്ഷാ കേന്ദ്രമാണ് എന്നുള്ളത് ഏവർക്കും അറിവുള്ളതാണല്ലോ. P.S.C, U.P.S.C, S.S.C, GATE, ഓൾ ഇന്ത്യ ബാങ്ക് ടെസ്റ്റ്, ഇന്ത്യൻ റെയിൽവെ, ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് തുടങ്ങിയ മത്സരപരീക്ഷകൾ ഈ കേന്ദ്രത്തിൽവച്ച് നിശ്ചിത സമയങ്ങളിൽ നടത്തപ്പെടുന്നു. സർക്കാർ അപേക്ഷകൾ ക്ഷണിക്കുന്നത് ഗസറ്റിലും, മറ്റ് മാധ്യമങ്ങളിലൂടെയും മനസ്സിലാക്കി യഥാസമയം ബന്ധപ്പെട്ടവർക്ക് അപേക്ഷകൾ സമർപ്പിക്കുകയും, അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി പാസ്സായവർക്ക് എല്ലാം എഴുതാവുന്ന പരീക്ഷകൾ ഉണ്ട്. നമ്മുടെ കുട്ടികൾ പ്രസ്തുത പരീക്ഷകൾക്ക് വളരെ കുറച്ചുപേർ മാത്രമേ പങ്കെടുക്കുന്നതായി കാണുന്നുള്ളു. വരും കാലങ്ങളിൽ ഒരു സർക്കാർ ജോലി നേടുക എന്നത് വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. മുകളിൽ പറഞ്ഞ കാര്യം പള്ളിയിൽ അറിയിക്കുകയും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുമല്ലോ.

## വിമൽ ജ്യോതി വിദ്യാർത്ഥികൾ ഊർജ്ജ ഉപഭോഗ കാര്യക്ഷമതാ നിർദ്ദേശവുമായി ഭവന സന്ദർശനപരിപാടി നടത്തി

അന്തർദേശീയ പവ്വർ എനർജി സൊസൈറ്റിയുടെ സഹകരണത്തോടെ വിമൽ ജ്യോതിയിലെ ഇലക്ട്രിക്കൽ വിഭാഗം വിദ്യാർത്ഥികൾ ഏരുവേശ്ശി പഞ്ചായത്തിൽപെട്ട ചെമ്പേരി ടൗണും, പരിസര പ്രദേശങ്ങളും സന്ദർശിച്ച് വീടുകളിലും, സ്ഥാപനങ്ങളിലും വൈദ്യുതി ഉപഭോഗം എങ്ങനെ കാര്യക്ഷമമാക്കാമെന്ന് ജനങ്ങളെ ബോധവത്ക്കരിച്ചു. കേരളാ എനർജി മാനേജ്മെന്റ് സെന്ററിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനു പിന്നിലുണ്ട്. രണ്ട് മാസത്തെ വൈദ്യുതി ബില്ലുകൾ താരതമ്യം ചെയ്ത് ഇതിന്റെ മെച്ചം മനസ്സിലാക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വിമൽ ജ്യോതിയിലെ പവ്വർ എനർജി സൊസൈറ്റിയുടെ 50 വോളണ്ടിയർമാർ പ്രത്യേകം യൂണിഫോം ധരിച്ച് അസി. പ്രൊഫ. പ്രബിൻ ജെയിംസിന്റെ നേതൃത്വത്തിലാണ് ഭവന സന്ദർനപരിപാടി നടത്തിയത്.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽ ജ്യോതി എം.ബി.എ കോളേജിന്റെ 2017ലെ പ്രവേശനോത്സവം ജ്യോതിർഗമയ 2017, പൂർവ്വാധികം മോടിയായി നടത്തപ്പെട്ടു. എൽ.ജി. ഇല

ക്ട്രോണിക്സിന്റെ സീനിയർ ജനറൽ മാനേജർ ഡോ.സുധീർ പി. മുഖ്യാതിഥി ആയിരുന്നു. കോളേജ് സ്ഥാപക ചെയർമാൻ മോൺ. മാത്യു എം. ചാലിൽ മുഖ്യപ്രഭാഷണം നടത്തി. അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജിനു വടക്കേമുളഞ്ഞനാൽ, ബർസാർ റവ. ഫാ. ജോർജ് ആശാരികുന്നേൽ എന്നിവർ ആശംസകൾ നേർന്നു. പ്രിൻസിപ്പാൾ ഡോ.തോമസ് മൈക്കിൾ ഏവർക്കും സ്വാഗതമാശംസിച്ചു.

## ജീസസ് യൂത്ത് ക്യാമ്പസ് മീറ്റ് 2017

ആൾ കേരളാ ജീസസ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ചെമ്പേരി വിമൽ ജ്യോതിയിൽ ജീസസ് യൂത്ത് ക്യാമ്പസ് മീറ്റ് 2017 നടത്തി. കണ്ണൂർ, തലശ്ശേരി, കാസർഗോഡ് സോണുകളാണ് മീറ്റിൽ പങ്കെടുത്തത്. ഒന്നാംവർഷ ഡിഗ്രി വിദ്യാർത്ഥികളായ ഇരുന്നൂറോളം യുവതീയുവാക്കളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. തലശ്ശേരി അതിരൂപതയുടെ നിയുക്ത മെത്രാൻ മാർ. ജോസഫ് പാംപ്ലാനി ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. സുവിശേഷം ജീവിച്ചുകാണിക്കുന്നവരാണ് ജീസസ് യൂത്തിന്റെ സജീവ പ്രവർത്തകർ എന്ന് അദ്ദേഹം സന്ദേശത്തിൽ പ്രത്യേകം എടുത്തുപറഞ്ഞു.

വിമൽ ജ്യോതിയിലെ ഒന്നാം വർഷ കത്തോലിക്കാ വിദ്യാർത്ഥികൾക്കായി അഗാപ്പെ 2017 എന്ന ഇനീഷ്യൽ പ്രോഗ്രാം 23,24 തീയതികളിലായി കോളേജിൽവച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥികളിൽ പ്രാർത്ഥനാ ചൈതന്യം വളർത്തുക എന്നതാണ് ലക്ഷ്യമെന്ന് റവ. ഫാ. ജിനു വടക്കേമുളഞ്ഞനാൽ കുട്ടികളെ ഓർമ്മിപ്പിച്ചു.

## IEEE കമ്പ്യൂട്ടർ സൊസൈറ്റി വർക്ക്ഷോപ്പ്

IEEE കമ്പ്യൂട്ടർ സൊസൈറ്റി വിമൽ ജ്യോതി ചാപ്റ്ററിന്റെ നേതൃത്വത്തിൽ ദ്വിദിന വർക്ക്ഷോപ്പ് നടത്തി. ജോലി ലഭിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് IEEE യുടെ വിദഗ്ധർ ട്രെയിനിംഗ് ക്ലാസ്സുകൾ നയിക്കുന്നത്. പുതുതലമുറ സാങ്കേതിക വിദ്യകളായ ആൻഡ്രോയിഡ് ഡവലപ്മെന്റ്, ആപ്പിൾ ഐ.ഒ.എസ് ഡവലപ്മെന്റ്, വെബ് ഡവലപ്മെന്റ് എന്നിവയിലാണ് പരിശീലനം നടത്തിയത്. മറ്റ് കോളേജുകളിൽ നിന്നായി 25 ഓളം പേർ പങ്കെടുത്ത പ്രോഗ്രാം അഡ്മിനിസ്ട്രേറ്റർ റവ ഫാ. ജിനു വടക്കേമുളഞ്ഞനാൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൾ ഇൻ ചാർജ് മിസ് ലാലി ജെയിംസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് ബർസാർ റവ ഫാ.ജോർജ്ജ് ആശാരികുന്നേൽ ആശംസകൾ നേർന്നു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

അഭിവന്ദ്യരായ വൈദികരെ, ആദരണീയരായ സന്യസ്തരെ, സ്നേഹമുള്ള അല്മായ പ്രേഷിതരെ,

നമ്മുടെ സഭാസ്ഥാപകനും സ്വർഗ്ഗീയമധ്യസ്ഥനുമായ ഫ്രാൻസീസ് പിതാവിന്റെ തിരുനാൾ മംഗളങ്ങൾ ഏവർക്കും ഹൃദയംഗമമായി ആശംസിക്കുന്നു.

**സോദരി മരണമേ സ്വാഗതം!**

തളർന്നുകൊണ്ടിരിക്കുന്ന തിരുസഭയെ നവീകരിക്കുവാനും, അങ്ങനെ ലോകചരിത്രത്തെ ഒരു പുതിയ കാലഘട്ടത്തിലേയ്ക്കാനയിക്കാനും ദൈവം അയച്ച ഒരു മഹാപ്രവാചകനായിട്ടാണ് വി. ബൊനവഞ്ചർ വി. ഫ്രാൻസീസിനെ വിലയിരുത്തുന്നത്. ഫ്രാൻസീസിന്റെ പ്രവർത്തികളിലും വാക്കുകളിലുമെല്ലാം ഈ പ്രവാചകത്വം നിറഞ്ഞുനിൽക്കുന്നതായി ബെനവെഞ്ചർ പറയുന്നു. എങ്കിലും ഇത് ഏറ്റവും പ്രകടമാകുന്നത് അദ്ദേഹത്തിന്റെ മരണത്തിലാണ്. ഭസ്മാഭിഷിക്തമായ തറയിൽ നഗ്നായികിടന്നുകൊണ്ട്, ഏവരേയും അനുഗ്രഹിച്ചു. ഏവർക്കും മാപ്പുകൊടുത്തും, മരണമാകുന്ന സഹോദരി സ്വാഗതം എന്ന് പാടിക്കൊണ്ട് നിത്യജീവിതത്തിലേക്ക് പ്രവേശിച്ചതിനും ഒരു പ്രവാചകമാനം ഉണ്ട്.

വളരെയേറെ ഒരുക്കത്തോടും താല്പര്യത്തോടും വി. ഫ്രാൻസീസിന്റെ തിരുനാളിനും ട്രാൻസിത്തൂസിനും (മരണാനുസ്മരണം) നമ്മൾ ഒരുങ്ങുകയായിരുന്നല്ലോ. നമ്മുടെ പിതാവിന്റെ പുണ്യവഴികൾ ആത്മാർത്ഥമായി പിന്തുടരാനും ജീവിതത്തിലും മരണത്തിലും പ്രവാചകധീരത പുലർത്തി വേറിട്ടശൈലിയുടെ വക്താവായിത്തീരുവാനും ഈ തിരുനാൾ ആഘോഷം നമ്മെ സഹായിക്കട്ടെ. തിരുനാളിനോടനുബന്ധിച്ച് കാരുണ്യപ്രവർത്തികളും പരിഹാരപ്രവൃത്തികളും നടത്തിയ ഭ്രാതൃത്വങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

**ചരിത്ര മുഹൂർത്തം :** 150 വർഷങ്ങൾക്ക് മുമ്പാണ് കേരളത്തിൽ അല്മായ ഫ്രാൻസിസ്കൻ സഭയുടെ വിത്ത് വീണത്. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചനിലൂടെ യാണല്ലോ ഈ വൃക്ഷം ഇവിടെ വേരു പിടിച്ചത്. 150 വർഷത്തെ പ്രാർത്ഥന യിലൂടെയും പ്രവർത്തനത്തിലൂടെയും ഇന്ന് അല്മായ സഭ ഭാരതംമുഴുവൻ പടർന്നു പന്തലിച്ചിരിക്കുന്നു. വ്രതവാഗ്ദാനം ചെയ്ത

15000 അംഗങ്ങളുള്ള ഈ അല്മായ സന്ന്യാസസഭയിലൂടെ മൂന്ന് ദൈവദാസന്മാരെ സഭയ്ക്ക് പ്രദാനം ചെയ്യാനായതിനാൽ നമുക്ക് ദൈവത്തിന് നന്ദിപറയാം. ആഗോള സഭയിൽ 130 രാജ്യങ്ങളിൽ സാന്നിദ്ധ്യമുള്ള അല്മായഫ്രാൻസിസ്കൻ സഭയിലെ അല്മായ സന്യസ്തരുടെ എണ്ണം 4 ലക്ഷത്തോളമാണ്.

ഈ ജൂബിലിയുടെ അവസരത്തിൽ ദൈവം നമുക്ക് വലിയൊരു സമ്മാനം നല്കിയിരിക്കുന്നു. സീറോ-മലബാർ സഭയുടെ ആരാധനക്രമ പാരമ്പര്യത്തിന് യോജിച്ചതായ ഒരു അനുഷ്ഠാനകർമ്മമാണത്. ഇനിമുതൽ സഭാപ്രവേശനം, വ്രതവാഗ്ദാനം, പ്രതിജ്ഞാപനം, വ്രതനവീകരണം മുതലായവയ്ക്കുള്ള അനുഷ്ഠാനകർമ്മം സീറോമലബാർ സഭയിലെ എല്ലാ രൂപതകളിലും ഒരേ രീതിയിലായിരിക്കും. ഈ മേഖലയിൽ പാണ്ഡിത്യമുള്ളവരുടെ സഹായത്തോടെ രൂപം നല്കിയ 'അനുഷ്ഠാനകർമ്മം' സെപ്റ്റംബർ 16-ാം തീയതിയാണ് പ്രാബല്യത്തിൽ വന്നത്.

അങ്കമാലിയിലെ പുണ്യപുരാതനമായ കിഴക്കേപ്പള്ളിയിൽവച്ച് ചേർന്ന, സീറോ-മലബാർ മേഖലയിൽപ്പെട്ട അല്മായ ഫ്രാൻസിസ്കൻ അംഗങ്ങളുടെ സമ്മേളനത്തിൽവച്ച് അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പ്രസ്തുത 'അനുഷ്ഠാനകർമ്മം' അല്മായ സഭയ്ക്ക് അനുവദിച്ചു നൽകി. തുടർന്ന് നടന്ന ആഘോഷമായ ദിവ്യബലിയിൽ കർദ്ദിനാൾ തിരുമേനി സഭാമക്കളെ അഭിനന്ദിക്കുകയും കേരളസഭയിൽ വിശുദ്ധിയുടെ പുളിമാവായി വ്യാപരിക്കുവാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഫ്രാൻസിസ്കൻ പ്രൊവിൻഷ്യാൾമാരും ആത്മീയ സഹായികളായ വൈദികരും, സന്യസ്തരും അല്മായ പ്രതിനിധികളും പങ്കെടുത്ത പ്രസ്തുത സംഗമം അല്മായ സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. മലബാർ മേഖലയിൽ നിന്നും അതിരൂപതാ - റീജിയനൽ മിനിസ്റ്റർമാരുടെ നേതൃത്വത്തിലുള്ള 13 അംഗസംഘം മീറ്റിങ്ങിൽ പങ്കെടുത്തു.

**ഭ്രാതൃത്വതെരഞ്ഞെടുപ്പുകൾ:** ഫ്രാൻസിസ്കൻ പാരമ്പര്യപ്രകാരം, ഏവർക്കും വിധേയപ്പെട്ടുകൊണ്ട് തങ്ങൾക്കേല്പിക്കപ്പെട്ടിരിക്കുന്ന സഹോദരങ്ങൾക്ക് എളിമയോടെ സേവനം ചെയ്യുന്നവരാണ് അധികാരികൾ. ഈയർത്ഥത്തിലാണ് ഫ്രാൻസിസ് അവരെ മിനിസ്റ്റേഴ്സ് എന്ന് വിളിച്ചിരുന്നത്.

ഭ്രാതൃത്വങ്ങളെ കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ശ്രദ്ധാപൂർവ്വം പരിപാലിച്ച മിനിസ്റ്റേഴ്സിനും അവരുടെ സഹപ്രവർത്തകർക്കും നന്ദി പറയുന്നു. ക്രിസ്തുമസ്സിനുമുമ്പായി എല്ലാ യൂണിറ്റുകളിലും ഇലക്ഷൻ നടത്താനുള്ള

ക്രമീകരണങ്ങൾ ഭ്രാതൃത്വ-റീജിയനൽ ഭാരവാഹികൾ നടപ്പാക്കുക. പ്രാർത്ഥിച്ചൊരുങ്ങുകയും ഭ്രാതൃത്വങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് തെരഞ്ഞെടുപ്പിനെ നമ്മൾ സമീപിക്കേണ്ടത്. തെരഞ്ഞെടുപ്പിന്റെ കാര്യം ബഹു. വികാരിയച്ചന്മാരെയും ആനിമേറ്റർ സിസ്റ്റർമാരേയും അറിയിക്കുകയും ഇടവകയിൽ പൊതുവായി അറിയിക്കുവാൻ വികാരിയച്ചനോട് അഭ്യർത്ഥിക്കുകയും ചെയ്യുക. ഡിസംബർ മാസം അവസാനമായിരിക്കും അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എന്നുകൂടി അറിയിക്കുന്നു.

ഏവർക്കും സമാധാനവും സൗഭാഗ്യവും ആശംസിച്ചുകൊണ്ട്,

സാഹോദര്യപൂർവ്വം,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

**കത്തോലിക്കാ മതബോധനഗ്രന്ഥത്തിന്റെ പ്രബോധനപ്രകാരം**
കടലുണ്ടി കാൽവരി ഹിൽസിൽ നടത്തുന്ന
**നിരന്തര പ്രാർത്ഥനാ ജീവിത ധ്യാനം**

എല്ലാ മാസവും മൂന്നാമത്തെ, ശനിയാഴ്ചയുടെ തലേദിവസം വെള്ളിയാഴ്ച വൈകീട്ട് 6ന് ദിവ്യബലിയോടെ ധ്യാനം ആരംഭിക്കുന്നു. ശനിയാഴ്ച 4.30ന് സമാപിക്കുന്നു.

ധ്യാനം, ഭക്ഷണം, താമസം ഫീസ് 150 രൂപ.

പണത്തിന്റെ അഭാവത്തിൽ ഈ പ്രബോധനധ്യാനം ആർക്കും നഷ്ടമാകാതിരിക്കാൻവേണ്ടി ഫീസിളവ് ലഭിക്കുന്നതായിരിക്കും.

താമസസൗകര്യം 50 പേർക്ക് മാത്രം.

3 ദിവസം മുമ്പെങ്കിലും ബുക്ക് ചെയ്യുക

ഫോൺ 9495 639 265

**ഫാ. ഡേവിസ് കാച്ചപ്പിള്ളി, ഡയറക്ടർ**

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15).*

### തളിപ്പറമ്പ് എസി സെമിനാറും കുടുംബസംഗമവും

തളിപ്പറമ്പ് എസിയുടെ ആധ്യാത്മിക സെമിനാറും വാർഷികസമ്മേളനവും കുടുംബസംഗമവും 17.09.2017 ഉച്ചകഴിഞ്ഞ് 2 മണി മുതൽ തളിപ്പറമ്പ് ഫൊറോനപള്ളിയിൽവച്ച് നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് റാത്തപ്പള്ളിൽ സെമിനാറിൽ ക്ലാസ്സ് നയിച്ചു. 05.30ന് ചേർന്ന കുടുംബസംഗമ സമ്മേളനത്തിൽ എസി പ്രസിഡന്റ് ബ്ര. പൗലോസ് പറയിടം അധ്യക്ഷത വഹിച്ചു. സി. ഷൈനി ബെന്നി ജ്ഞാനവായന നടത്തി. റവ. ഫാ. റോയി പീടിയേക്കൽ സി.എം. സംസാരിച്ചു. സമ്മേളനത്തിൽ സംഘടനാകാര്യങ്ങൾ ചർച്ച ചെയ്യുകയും റൂബി ജൂബിലി ഭവനപദ്ധതി വിജയിപ്പിക്കുന്നതിനുംവേണ്ടി എല്ലാ ഭവനങ്ങളും സന്ദർശിച്ച് ഫണ്ട് സ്വരൂപിക്കുവാനും തീരുമാനിച്ചു. സെക്രട്ടറി ബ്ര. ജോർജ് മറ്റം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ബ്ര. ലൂക്കോസ് പള്ളിത്തറ, ബ്ര. ദേവസ്യ ആലുംതടം, ബ്ര. തോമസ് മടക്കാമ്പുറം എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികൾക്ക്ശേഷം 7മണിക്ക് സ്നേഹ വിരുന്നോടെ കുടുംബസംഗമം സമാപിച്ചു.

### പേരാവൂർ എസി ആധ്യാത്മിക സെമിനാറും വാർഷികവും

26.08.17 ശനിയാഴ്ച രാവിലെ 9.30ന് കണിച്ചാർ സെന്റ് ജോർജ് ദേവാലയത്തിൽ റവ. ഫാ. ജോർജ് തെക്കുംചേരിയിൽ അർപ്പിച്ച ദിവ്യബലിയോടെ സെമിനാർ ആരംഭിച്ചു. കണിച്ചാർ കോൺഫറൻസ് പ്രസിഡന്റ് ബ്ര. ബാബു കുന്നേൽ സ്വാഗതം ആശംസിച്ചു. സിസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ ടി ജോസഫ് കാരിക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. സിസിയുടെ റിസോഴ്സ് പേഴ്സൺ ബ്ര. സിബിച്ചൻ അബ്രഹാം പുലിയുറുമ്പിൽ ക്ലാസ്സ് നയിച്ചു.

തുടർന്ന് എസിയുടെ വാർഷിക സമ്മേളനം ആരംഭിച്ചു. എസി പ്രസിഡന്റ് ബ്ര. ബേബി മുളകുകൊടിയാനിക്കൽ അധ്യക്ഷത വഹിച്ചു. എസി വൈസ് പ്രസിഡന്റ് ബ്ര. എമ്മാനുവൽ തോട്ടുങ്കൽ സ്വാഗതം ആശംസിച്ചു. എസി സെക്രട്ടറി 2016-17 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. ജ്ഞാനവായനയ്ക്കുശേഷം റവ. ഫാ. ജോർജ് തെക്കുംചേരി അധ്യാത്മിക സന്ദേശം നൽകി. തുടർന്ന് സിസി പ്രസിഡന്റ് ബാബു കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. സിസിയുടെ റൂബി ജൂബിലി പ്രമാണിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 40 വീടുകളുടെ നിർമ്മാണത്തെപ്പറ്റിയും

അതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനെക്കുറിച്ചും അംഗങ്ങളെ ബോധ്യപ്പെടുത്തി. സിസി. ജനറൽ സെക്രട്ടറി ബ്ര. ബേബി കളരിക്കൽ ആശംസകൾ നേർന്നു സംസാരിച്ചു. വിവിധ കോൺഫറൻസുകളിൽനിന്നായി 75 അംഗങ്ങൾ പങ്കെടുത്തു.

## നെല്ലിക്കാംപൊയിൽ എസി ആധ്യാത്മിക സെമിനാർ

നെല്ലിക്കാംപൊയിൽ എസിയുടെ 2017-18 വർഷത്തെ പ്രഥമ സെമിനാർ 26.8.2017ന് ശനിയാഴ്ച പുറവയൽ സെന്റ് ജോർജ് ഇടവകപാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. എസി പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന സെമിനാറിൽ എസിയിലെ വിവിധ കോൺഫറൻസുകളിൽ നിന്നായി 100ഓളം പ്രവർത്തകർ പങ്കെടുത്തു.

ഫാ. ജോസ് മുണ്ടത്താനത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് സിസി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ നമ്മുടെ റൂബി ജൂബിലി ആഘോഷത്തിന്റെ പ്രധാന പ്രവർത്തനങ്ങളെപ്പറ്റി വിശദമായി സംസാരിക്കുകയും ഭവനനിർമ്മാണ പ്രവർത്തനങ്ങൾ എങ്ങനെ നടത്തണമെന്നും വിശദമായി വിവരിച്ചു.

## എടൂർ ഏരിയാ കൗൺസിലിന്റെ 39-ാമത് വാർഷികവും സെമിനാറും എടൂർ നിർമ്മല കോൺഫറൻസിന്റെ 43-ാമത് വാർഷികവും

09.09.2017 ശനിയാഴ്ച രാവിലെ 9മണിക്ക് എടൂർ ഫൊറോന ദേവാലയത്തിൽവച്ച് റവ. ഫാ. ആന്റണി ചിറ്റേട്ടിന്റെ ദിവ്യബലിയോടെ സെമിനാർ ആരംഭിച്ചു. സെമിനാറിൽ ക്ലാസ്സ് നയിച്ചത് റവ. ഡോ. ജോസഫ് കൊച്ചുപറമ്പിലാണ്. 11.30ന് വാർഷിക സമ്മേളനം ആരംഭിച്ചു. സി. തെയ്യാമ്മ പൂമലയിൽ പ്രാരംഭ പ്രാർത്ഥനയും സി. ലീലാമ്മ ചോളിയിൽ ജ്ഞാനവായനയും നടത്തി. ബ്ര. തോമസ് പള്ളത്തുശ്ശേരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. എസി റിപ്പോർട്ട് ബ്ര. തോമസ് തകിടിയിലും നിർമ്മല കോൺഫറൻസ് റിപ്പോർട്ട് ബ്ര. റെജി കൊടുംപുറത്തും അവതരിപ്പിച്ചു. സമ്മേളനത്തിൽ ബ്ര. മൈക്കിൾ പൊടിമറ്റം അധ്യക്ഷത വഹിച്ചു. എസിയുടെ ആധ്യാത്മിക ഉപദേഷ്ടാവ് വെരി. റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തുടർന്ന് സിസി പ്രസിഡന്റ് ബാബു ജോസഫ് കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. എടൂർ എസിയുടെയും നിർമ്മലാ കോൺഫറൻസിന്റെയും പ്രവർത്തനങ്ങളെക്കുറിച്ചും സിസിയുടെ റൂബി ജൂബിലി ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ചും വളരെ വിശദമായി സംസാരിച്ചു. ആറളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷിജി നടുപ്പറമ്പിൽ മികച്ച കോൺഫറൻസിനുള്ള ക്യാഷ് അവാർഡും ട്രോഫിയും സെന്റ് മേരീസ് കോൺഫറൻസ് മാങ്കോടിന് കൈമാറി.

## കാസർഗോഡ് റീജൻ വിൻസെന്റ് ഡി പോൾ സമ്മേളനം

കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്, ചെറുപുഴ, തോമാപുരം

എന്നീ ഏരിയ കൗൺസിലുകളുടെ മേഖലാ സമ്മേളനം, 21.9.2017ന് പടന്നക്കാട് പാരീഷ്ഹാളിൽവച്ചു നടത്തപ്പെട്ടു. 10.30ന് ആരംഭിച്ച സമ്മേളനത്തിൽ 100 അംഗങ്ങൾ പങ്കെടുത്തു. തോമാപുരം എസി പ്രസിഡന്റ് ബ്ര. ജോർജ് ജോസഫ് എടക്കരമൈലക്കലിന്റെ പ്രാരംഭ പ്രാർത്ഥന യ്ക്കുശേഷം വെള്ളരിക്കുണ്ട് എസി പ്രസിഡന്റ് ബ്ര. ജോസഫ് പറയിടത്തിൽ ജ്ഞാനവായന നടത്തി. കാഞ്ഞങ്ങാട് എസി പ്രസിഡന്റ് ബ്ര. തോമസ് കൊല്ലേലിൽ സ്വാഗതം ആശംസിച്ചു. സിസി വൈസ് പ്രസിഡന്റും പനത്തടി എസി പ്രസിഡന്റുമായ ബ്ര. ജോമി തയ്യിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

മോൺ. ജോർജ് എളൂക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സിസി പ്രസിഡന്റ്, സിസി സീനിയർ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## കരിക്കോട്ടക്കരി വാർഷികാഘോഷവും കുടുംബസംഗമവും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നാല്പത്തിമൂന്നാം വാർഷികാഘോഷവും സെന്റ് മേരീസ് വനിതാ കോൺഫറൻസിന്റെ നാലാം വാർഷികവും കുടുംബസംഗമവും സെമിനാറും കരിക്കോട്ടക്കരി പാരീഷ് ഹാളിൽ നടത്തപ്പെട്ടു. ഫാ. ജാക്സൻ മാവേലി തയ്യിൽ ക്ലാസ് എടുത്തു. കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജോസഫ് ഇട്ട്യപ്പാറ അധ്യക്ഷത വഹിച്ചു. ബ്ര. തോമസ് മാത്യു പള്ളത്തുശ്ശേരി ആമുഖ പ്രഭാഷണം നടത്തി. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ബാബു ജോസഫ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. തോമസ് ചിറ്റിലപ്പിള്ളി അനുഗ്രഹ പ്രഭാഷണം നടത്തി. ബ്ര. തോമസ് കാവുങ്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. എടൂർ എസി പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റം, ജോസഫ് മേമനയിൽ, വത്സമ്മ മണലേൽ, ജയ്മോൻ കുളത്തിനാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. ആദരവ് ഏറ്റുവാങ്ങിയ സെബാസ്റ്റ്യൻ മംഗലത്തിൽ, മേഴ്സി അറക്കൽ എന്നിവർ മറുപടി പ്രസംഗം നടത്തി.

## പുതിയ കോൺഫറൻസ് രൂപീകരിച്ചു

വെള്ളരിക്കുണ്ട് ഫൊറോനയുടെ കീഴിലുള്ള കൊന്നക്കാട് സെന്റ് മേരീസ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ കോൺഫറൻസ് 27.08.2017ന് രൂപീകരിച്ചു. ബഹു. വികാരി ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ സന്ദേശം നൽകി. ഭാരവാഹികൾ പ്രസിഡന്റ്- ബ്ര. ജോസ് അനാനിക്കൽ, വൈ. പ്രസിഡന്റ് -സി. ലൈലാമ്മ കുഞ്ചറിയ പാലയ്ക്കൽ, സെക്രട്ടറി - ബ്ര. ഷാജി കാഞ്ഞമല, ട്രഷറർ-ബ്ര. ജോസഫ് ചെറുശ്ശേരി.

സ്നേഹപൂർവ്വം

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി. പ്രസിഡന്റ്

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## എഡിഎസ്‌യു ബെസ്റ്റ് സ്കൂൾ അവാർഡ് വിതരണം

2016-17 അധ്യയനവർഷത്തിലെ എഡിഎസ്‌യു ബെസ്റ്റ് സ്കൂൾ അവാർഡ് വിതരണ സമ്മേളനം 15.9.17ന് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. എഡിഎസ്‌യു പ്രസിഡന്റ് മാസ്റ്റർ റോഷൻ ബെന്നി അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഭദ്രദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളെജ് പ്രിൻസിപ്പാൾ റവ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ചർച്ച് അസി. വികാരി ഫാ. ലൂക്കോസ് മാടശ്ശേരി, അയ്യൻകുന്ന് പഞ്ചായത്ത് മെമ്പർ ശ്രീമതി റെജി മാത്യു കെസിബിസി മദ്യവിരുദ്ധസമിതി പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു, സേക്രട്ട് ഹാർട്ട് എച്ച്എസ്എസ് പ്രിൻസിപ്പാൾ ശ്രീ എൻ.ഡി. സണ്ണി, എഡിഎസ്‌യു ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ, സേക്രട്ട് ഹാർട്ട് എച്ച്എസ് ഹെഡ്മാസ്റ്റർ ജെയിംസ് പി.യു, യുപിഎസ് ഹെഡ്മിസ്ട്രസ് ശ്രീമതി സൂസമ്മ എൻ.എസ്, എച്ച്എസ്എസ് പിടിഎ പ്രസിഡന്റ് ശ്രീ. സിബി വാഴക്കാല, യുപിഎസ് പിടിഎ പ്രസിഡന്റ് സണ്ണി ഒറ്റപ്ലാക്കൽ തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. എച്ച്എസ്എസ് എഡി എസ്‌യു യൂണിറ്റ് പ്രസിഡന്റ് മാസ്റ്റർ ഒ.ജെ. ജോസ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഹയർ സെക്കന്ററി വിഭാഗത്തിൽ മികച്ച സ്കൂളായി തെരഞ്ഞെടുത്ത അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂളിന് ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എവർ റോളിംഗ് ട്രോഫിയും 2500 രൂപ ക്യാഷ് അവാർഡും ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടും, ഹൈസ്കൂൾ വിഭാഗത്തിന് ഫാ. തോമസ് തൈത്തോട്ടം സുവർണ്ണ ജൂബിലി സ്മാരക റോളിംഗ് ട്രോഫിയും 2000 രൂപ ക്യാഷ് അവാർഡും കുന്നോത്ത് സെന്റ് ജോസഫ് ഹൈസ്കൂളിന് റവ. ഡോ. ഫ്രാൻസിസ് കാരക്കാട്ടും, യുപി വിഭാഗത്തിൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി റോളിംഗ് ട്രോഫിയും 1500 രൂപ ക്യാഷ് അവാർഡും മഞ്ഞളാംപുറം യുപി സ്കൂളിന് ഡോ. ജോസ്‌ലറ്റ് മാത്യുവും, എൽപി വിഭാഗത്തിൽ ശ്രീമതി ത്രേസ്യാമ്മ ഫ്രാൻസിസ് കോക്കാട്ട് സ്മാരക റോളിംഗ് ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡും ഫാ. ജോസഫ് മുണ്ടമറ്റവും സമ്മാനിച്ചു. അവാർഡുകൾ ബന്ധപ്പെട്ട

സ്കൂളുകളിലെ ഹെഡ്മാസ്റ്ററും എഡിഎസ്‌യു അംഗങ്ങളും ചേർന്ന് ഹർഷാരവത്തോടെ ഏറ്റുവാങ്ങി.

അവാർഡ് വിതരണ സമ്മേളനത്തിൽ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂൾ മാനേജർ ഫാ. ജോസഫ് മുണ്ടമറ്റം സ്വാഗതവും എച്ച്എസ്എസ് എഡിഎസ്‌യു ആനിമേറ്റർ ജോഷി പി.എ നന്ദിയും പ്രകാശിപ്പിച്ചു. എഡിഎസ് യു സ്ഥാപക ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രസംഗം നടത്തി.

## ശ്രീ. ആൽബിൻ മാസ്റ്റർ മണ്ടുംപാല എഡിഎസ്‌യു ചീഫ് ആനിമേറ്റർ

9.9.17ന് സന്ദേശഭവനിൽ ചേർന്ന എഡിഎസ്‌യു എക്സിക്യൂട്ടീവ് കമ്മിറ്റി രണ്ടുപതിറ്റാണ്ടിലേറെക്കാലം എഡിഎസ്‌യുവിന്റെ ചീഫ് ആനിമേറ്ററായി പ്രതിബദ്ധതയോടെ പ്രശസ്തമായ സേവനം അർപ്പിച്ച ബഹു. ബേബി മാസ്റ്റർ നെട്ടനാനി വിരമിച്ച ഒഴിവിൽ മഞ്ഞളാംപുറം യുപി സ്കൂൾ അധ്യാപകനായ ശ്രീ. ആൽബിൻ മണ്ടുംപാലയെ എഡിഎസ് യുവിന്റെ പുതിയ ചീഫ് ആനിമേറ്ററായി തെരഞ്ഞെടുത്തു.

ബെസ്റ്റ് സ്കൂൾ അവാർഡ് വിതരണ സമ്മേളത്തിൽ വച്ച് ഡയറക്ടർ അദ്ദേഹത്തെ തെരഞ്ഞെടുത്തകാര്യം പ്രഖ്യാപിക്കുകയും അഭിവന്ദ്യപിതാവ് അദ്ദേഹത്തിന് പുഷ്പം നൽകി അനുമോദിക്കുകയും ചെയ്തു.

## എഡിഎസ്‌യു എക്സിക്യൂട്ടീവ് കമ്മിറ്റി

എഡിഎസ്‌യു എക്സിക്യൂട്ടീവ് കമ്മിറ്റി 2017 സെപ്റ്റംബർ 9ന് ശനിയാഴ്ച പ്രസിഡന്റ് മാസ്റ്റർ റോഷൻ ബെന്നിയുടെ അധ്യക്ഷതയിൽ എഡിഎസ്‌യു കേന്ദ്ര ഓഫീസിൽ ചേർന്നു. ജന. സെക്രട്ടറി മാസ്റ്റർ അഭിനവ് ജോർജ് സ്വാഗതവും ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം ആമുഖ ഭാഷണവും നടത്തി. കുമാരി മെറിൻ ഇഗ്നേഷ്യസ്, കുമാരി ഫാത്തിമ കരിം, സഞ്ജയ് ഷാജി എന്നിവർ പ്രസംഗിച്ചു. എഡിഎസ്‌യു ബ്രോഷറിലെ നടപ്പാക്കിയ പരിപാടികളെസംബന്ധിച്ച് വിലയിരുത്തലുകളും, നടപ്പാക്കാനുള്ള പരിപാടികളുടെ പ്ലാനിംഗ് നടത്തുകയും ചെയ്തു. ഗാന്ധിജയന്തി ദിനാചരണം, കലോത്സവം, നവദർശൻ ക്യാമ്പ് തുടങ്ങിയ പ്രധാനപ്പെട്ട പരിപാടികൾ വൻ വിജയമാക്കി മാറ്റാനുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

## ചീഫ് ആനിമേറ്റർ തെരഞ്ഞെടുപ്പ്

ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വിരമിക്കുന്ന ബഹു. ബേബി നെട്ടനാനി സാറിന്റെ സ്ഥാനത്തേക്ക് ബഹു. ആൽബിൻ മണ്ടുംപാല സാറിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ഏകകണ്ഠമായി

തെരഞ്ഞെടുത്തു. നവവധുവിനോടൊപ്പം എത്തിച്ചേർന്ന ആൽബിൻ സാറിനെ ബൊക്കെ കൊടുത്ത് സ്വീകരിക്കുകയും കേക്കു മുറിച്ച് ആഹ്ലാദം പങ്കുവയ്ക്കുകയും ചെയ്തു. എസ്ക്രിം പങ്കുവച്ചുകൊണ്ട് ഓണം ആഘോഷിച്ചു. എഡിഎസ്‌യു സെക്രട്ടറി കെഎസ് അർജുൻ എല്ലാവർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചു.

## എഡിഎസ്‌യു ലീഡേഴ്സ് മീറ്റ്

പേമാരിയും വെള്ളപ്പൊക്കവുംമൂലം മാറ്റിവച്ച എഡിഎസ്‌യു ലീഡേഴ്സ് മീറ്റ് 2017 ഒക്ടോബർ 13,14 തീയതികളിൽ യഥാക്രമം ഇരിട്ടി, തളിപ്പറമ്പ എന്നീ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതാണ്.

## കെസിബിസി മദ്യവിരുദ്ധ സമിതിക്ക് വനിതാവിഭാഗം

അഭിവന്ദ്യപിതാവിന്റെ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് തളിപ്പറമ്പ് ഫൊറോന ഇടവകയിൽ വനിതകൾക്കുവേണ്ടി 'മുക്തിശ്രീ' എന്ന പേരിൽ കെസിബിസി മദ്യവിരുദ്ധ സമിതിക്ക് വനിതാവിഭാഗം രൂപീകരിച്ച് 9.9.17ന് ബഹു. വികാരി ഫാ. എബ്രാഹം പോണാട്ടച്ചന്റെ അധ്യക്ഷതയിൽ ചേർന്ന വനിതകൂട്ടായ്മ അതിരൂപതയിലെ ആദ്യത്തെ വനിതാ യൂണിറ്റ് സ്ഥാപിച്ചു. 'മുക്തിശ്രീ' യൂണിറ്റിന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും നേരുന്നു.

| | | |
|---|---|---|
| രക്ഷകർത്താവ് | : | ഫാ. എബ്രാഹം പോണാട്ട് |
| സഹരക്ഷകർത്താവ് | : | ഫാ. സുബിൻ റാത്തപ്പള്ളി |
| ആനിമേറ്റർ | : | റവ. സി. ഡോണ മരിയ സിഎംസി |
| പ്രസിഡന്റ് | : | ശ്രീമതി കുഞ്ഞമ്മ തോമസ് തോണിക്കുഴി |
| വൈ. പ്രസിഡന്റ് | : | റോസിലി വെണ്ണായിപ്പള്ളി |
| ജന. സെക്രട്ടറി | : | ശ്രീമതി മേരിക്കുട്ടി തോമസ് കല്ലുകുളം |
| ജോ. സെക്രട്ടറി | : | ,, മോളി ബെന്നി കാക്കനാട്ട് |
| ട്രഷറർ | : | ,, കരോളിൻ ആന്റണി പുരയിടത്തിൽ |
| കമ്മിറ്റിയംഗങ്ങൾ | : | ,, ബിൻസി മണ്ണാപറമ്പിൽ |
| | | ,, മേഴ്സി കടുവാതൂക്കിൽ, അന്നമ്മ കുന്നത്തുശ്ശേരി |
| | | ,, സോമി പുത്തൂർ, സൂസമ്മ ആന്റണി മൂക്കിരിക്കാട്ടിൽ |
| | | ,, റിജി നിലക്കപ്പള്ളി, മോളി പള്ളിത്തറ |
| | | ,, ലിസമ്മ പാലത്ര, ആനി റോബർട്ട് തെരുവപ്പുഴ |

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# എ.കെ.സി.സി.

**അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി 11.9.2017**

കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവി കമ്മറ്റിയോഗം 11.9.2017 തിങ്കളാഴ്ച തലശ്ശേരി കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപത കാര്യാലയത്തിൽ പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്നു. ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് വിഷയാവതരണം നടത്തി. ആരാധനാലയങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും മദ്യശാലകളിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി കുറച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് സെപ്റ്റംബർ 4ന് കരിദിനമായി ആചരിക്കുന്നതിനും അന്നേ ദിവസം രാവിലെ ദിവ്യബലിക്കുശേഷം കറുത്ത ബാഡ്ജ് ധരിച്ച് പ്രതിഷേധറാലിയും പ്രതിഷേധയോഗവും ഇടവകകളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

തലശ്ശേരി അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ ഡോ. ജോസഫ് പാംപ്ലാനിക്ക് സ്വീകരണം നൽകി. അഭിവന്ദ്യ പിതാവ് കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. നമ്മുടെ രൂപതയിലെ മുഴുവൻ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ സജീവമാക്കാൻ നേതാക്കൾ ശ്രമിക്കണമെന്ന് ഓർമ്മിപ്പിച്ചു.

## കരിദിനാചരണം- സെപ്റ്റംബർ 24

**അതിരൂപതാതല ഉദ്ഘാടനം -കുന്നോത്ത്**

ആരാധനാലയങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും മദ്യഷാപ്പുകളിലേക്കുള്ള ദൂരപരിധി 50 മീറ്ററായി കുറച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ്സ് കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ കരിദിനാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം സെപ്റ്റംബർ 24ന് കുന്നോത്ത് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ സഹായമെത്രാൻ ഡോ. ജോസഫ് പാംപ്ലാനി കത്തോലിക്കാ കോൺഗ്രസ്സ് ഭാരവാഹികൾക്ക് കറുത്ത ബാഡ്ജ് നൽകി നിർവ്വഹിച്ചു. ഇടതു സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. മദ്യവ്യവസായികളുടെ താൽപര്യത്തിനനുസരിച്ച് മദ്യനയം തയ്യാറാക്കിയ നടപടി നിഷേധാർഹമാണ്. പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ സാധാരണ ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. കേന്ദ്രസർക്കാർ കോർപ്പറേറ്റുകൾക്കും വൻകിടകമ്പിനികൾക്കുംവേണ്ടി ഭരിക്കുന്ന സർക്കാറായി മാറിക്കഴിഞ്ഞുവെന്ന് അദ്ദേഹം ആരോപിച്ചു.

കരിദിനാചരണത്തിന് ഫൊറോനവികാരി വെരി റവ. ഫാ. ജോസഫ് ചാത്തനാട്ട്, അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ, ബെന്നി പുതിയാംപുറം ഫാ. മാത്യു വെട്ടുവയലിൽ, ബാബു കൊട്ടാരം തുടങ്ങിയവർ നേതൃത്വം നൽകി. അതിരൂപതയിലെ 16 ഫൊറോനയിലെ എല്ലാ ഇടവകകളിലും വിവിധ സംഘടനകളുടെയും പാരീഷ് കൗൺസിലിന്റെയും നേതൃത്വത്തിൽ കരിദിനം ആചരിച്ചു. കരിദിനം വിജയിപ്പിക്കുന്നതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, യൂണിറ്റ് പ്രസിഡന്റുമാർ ഭാരവാഹികൾ നേതാക്കൾ എന്നിവർക്ക് കത്തോലിക്കാ കോൺഗ്രസ്സ് തലശ്ശേരി അതിരൂപതാ കമ്മിറ്റിയുടെ നന്ദിയും അഭിനന്ദനങ്ങളും

വിവിധ ഫൊറോനകളിലെ കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ:-

**ആലക്കോട്**
പ്രസിഡന്റ് - ജോയി പൂവത്തിങ്കൽ, വൈ. പ്രസിഡന്റ്മാർ - ബേബി വരിക്കമാക്കൽ, മോളി കവിയിൽ, സെക്രട്ടറിമാർ - ടോമി പുത്തൻപുരയ്ക്കൽ, തോമസ് മാപ്പലകയിൽ, ട്രഷറർ - സിബിച്ചൻ അബ്രാഹം പുലിയുറുമ്പിൽ

**ചെമ്പന്തൊട്ടി**
പ്രസിഡന്റ് - ജോർജ് ജോസഫ് വലിയമുറത്താങ്കൽ, വൈ. പ്രസിഡന്റ്മാർ- ആന്റണി ജീരകത്തിൽ, മോളി വല്യത്ത്, സെക്രട്ടറിമാർ - ഷാജി ചുക്കനാനി, സണ്ണി തേരകത്തിനാംകുഴി, ലിനി മേലേത്തടത്തിൽ, ട്രഷറർ - അനിൽ മണ്ണാപറമ്പിൽ.

**ചെമ്പേരി**
പ്രസിഡന്റ് - അബ്രാഹം ഈറ്റക്കൽ, വൈ. പ്രസിഡന്റ്മാർ - സാബു അരീപറമ്പിൽ, മോളി കവിയിൽ, സെക്രട്ടറിമാർ - ബെന്നി കൊച്ചുപറമ്പിൽ, ബിജു മണ്ഡപത്തിൽ, ട്രഷറർ - അബ്രാഹം തോണക്കര.

**ചെറുപുഴ**
പ്രസിഡന്റ് - ഫിലിപ്പ് മാത്യു വെളിയത്ത്, വൈ. പ്രസിഡന്റ്മാർ - ജോർജ് ഇട്ടിയപ്പാറ, ലിസ്സി ജോസഫ് കുരിയാലാനിക്കൽ, സെക്രട്ടറിമാർ - തങ്കച്ചൻ വട്ടക്കുന്നേൽ, സിജോ പൗവ്വത്ത്, സിബി താണപറമ്പിൽ, ട്രഷറർ - എം.എം. ജോസഫ് മുണ്ടുപാലം.

**എടൂർ**
പ്രസിഡന്റ് - ബെന്നിച്ചൻ മഠത്തിനകം, വൈ. പ്രസിഡന്റ്മാർ - ബിനോജ് വയലിങ്കൽ, ഏലിക്കുട്ടി എടാട്ട്, സെക്രട്ടറിമാർ - പൈലി പേമലയിൽ, സണ്ണി തറയിൽ, പൗളി മുളങ്കാശ്ശേരി, ട്രഷറർ - ജോസ് പുത്തൻപുര

**കുന്നോത്ത്**
പ്രസിഡന്റ് - അൽഫോൻസ് കളപ്പുര, വൈ. പ്രസിഡന്റ്മാർ - മാത്യു വള്ളാംകോട്ട്, ലില്ലിക്കുട്ടി മഠത്തികണ്ടത്തിൽ, സെക്രട്ടറിമാർ - തോമസ് എ.ജെ. അഴകത്തുമണ്ണിൽ, സിബി വാഴക്കാല, മേരി മൂലയിൽ, ട്രഷറർ - ജോൺസൺ അണിയറ.

**പൈസക്കരി**
പ്രസിഡന്റ് - മൈക്കിൾ ചാണ്ടിക്കൊല്ലി, വൈ. പ്രസിഡന്റ്മാർ - ജയ സ്കറിയ പൂവന്നിക്കുന്നേൽ, ജോസ് വണ്ടാംകുന്നേൽ, സെക്രട്ടറിമാർ - വർഗ്ഗീസ് പള്ളിച്ചിറ, മൈക്കിൾ പുത്തേട്ട്, ഷിജി പുളിക്കൽ, ട്രഷറർ - ജോസഫ് കുരീക്കാട്ടിൽ.

**തളിപ്പറമ്പ്**
പ്രസിഡന്റ് - ദേവസ്യ കൂന്താനം, വൈ. പ്രസിഡന്റ്മാർ - പൗലോസ് പറേടം, കുഞ്ഞമ്മ തോമസ് തോണിക്കുഴി, സെക്രട്ടറിമാർ - ഡേവിഡ് ആലങ്ങാടൻ, അഡ്വ. ജോ കണ്ടാവനം, കരോളിൻ പുരയിടത്തിൽ, ട്രഷറർ - ജോസ് ചുക്കനാനി.

**തോമാപുരം**
പ്രസിഡന്റ് - സിജോ ചിലമ്പിൽ, വൈ. പ്രസിഡന്റ്മാർ - ബെന്നി കോഴിക്കോട്, അമ്മിണി ചീരമറ്റത്തിൽ, സെക്രട്ടറിമാർ - ജെയിംസ് മ്ലാക്കുഴിയിൽ, ടോമി നടുവിലേക്കൂറ്റ്, ചാക്കോ തെന്നിപ്ലാക്കൽ, ട്രഷറർ - ജോസഫ് പി.കെ. പുള്ളോലിക്കൽ

**നെല്ലിക്കാംപൊയിൽ**
പ്രസിഡന്റ് - ജോസ് പുഷ്പക്കുന്നേൽ, വൈ. പ്രസിഡന്റ്മാർ - സേവ്യർ മുകളേകാലായിൽ, ലിസി വടക്കേമുറിയിൽ, സെക്രട്ടറിമാർ - റോബിൻ തട്ടാപറമ്പിൽ, ദേവസ്യ മുണ്ടപ്പള്ളി, ലൈസമ്മ മംഗലത്തുകരോട്ട്, ട്രഷറർ - ജയിംസ് ജോസഫ് കല്ലുപുരയ്ക്കൽ.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## ബോധവൽക്കരണ സെമിനാറുകൾ

ചികിത്സയിൽ കഴിയുന്നവർക്കുവേണ്ടി ശാരീരിക-മാനസിക-ആത്മീയതലങ്ങളിലെ തകർച്ചകളും പരിഹാരവിധികളെയുംകുറിച്ച് ആഗസ്റ്റ് 18, 24, 26 എന്നീ തീയതികളിൽ ഗോപിനാഥൻ മാസ്റ്റർ (കൂത്തുപറമ്പ), മോഹൻദാസ് (കണ്ണൂർ എക്സൈസ് ഉദ്യോഗസ്ഥൻ), റ്റിടി പത്രോസ് (പ്രൊജക്റ്റ് ഓഫീസർ) എന്നിവർ ക്ലാസുകളെടുക്കുകയും ചർച്ചകൾ നയിക്കുകയും ചെയ്തു.

## നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് പരിശീലനം

തലശ്ശേരി college of Nursing co.op ആശുപത്രിയിലെ 60 പഠിതാക്കൾക്കായി പ്രതീക്ഷയിൽവച്ച് ഏകദിനപരിപാടികൾ സംഘടിപ്പിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം, സി.സിസിലി എന്നിവർ നേതൃത്വം നൽകി.

## മാസാദ്യകൂട്ടായ്മ

പ്രതീക്ഷ സെന്ററിൽവച്ച് സെപ്റ്റംബർ മൂന്നിന് ലഹരിവിമുക്തരുടെ തുടർചികിത്സയുടെ ഭാഗമായി സംഗമവും കൗൺസിലിംഗും ചികിത്സയും നടത്തപ്പെട്ടു. രാവിലെ 10.30ന് ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ അധ്യക്ഷത വഹിച്ചു. ബ്രദർ ജ്യോതിസ് (നിർമ്മലഗിരി കോളെജ്) ഉദ്ഘാടനം നിർവ്വഹിച്ചു. ആനുകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ മദ്യപാനികൾ ലഹരിവിമുക്തരായി എപ്രകാരം ജീവിക്കാനാകും അതിനുള്ള വിവിധ വഴികളെക്കുറിച്ച് റവ. സി. ഫിൽസി എസ്എബിഎസ് കിളിയന്തറ ക്ലാസുകൾ നയിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്കും അനുഭവവിശകലനത്തിനും ടി.സി. തോമസ് നേതൃത്വം നൽകി. സമ്മേളനത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി, സമ്മാനങ്ങൾ നൽകി. കൗൺസിലർ മനു സ്വാഗതവും ബ്രദർ ജിബിൻ മുണ്ടൻകുന്നേൽ നന്ദിയും പറഞ്ഞു.

## ഓണാഘോഷം

ചികിത്സയിൽകഴിയുന്നവർക്ക് വിവിധ മത്സരപരിപാടികൾ നടത്തപ്പെട്ടു. വിജയികൾക്ക് സമ്മാനങ്ങളും എല്ലാവർക്കും ഓണക്കോടിയും വിതരണം ചെയ്തു.

## മാനേജിംഗ് കമ്മിറ്റി

പ്രതീക്ഷയുടെ വാർഷികാഘോഷങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി മാനേജിംഗ് കമ്മിറ്റി ചേർന്നു. വിവിധ വിഷയങ്ങളെക്കുറിച്ച്

ചർച്ചചെയ്യുകയും സർക്കാരിന്റെ നിലവിലുള്ള മദ്യനയം തിരുത്തപ്പെടേണ്ട താണെന്നും ഇടവകകളിൽ മദ്യവിരുദ്ധ സമിതികൾ ശക്തിപ്പെടുത്തേ ണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കമ്മറ്റിഅംഗങ്ങൾ നിർദ്ദേശം വച്ചു.

## ഉന്നതതലപരിശോധനകൾ

കേന്ദ്രഗവൺമെന്റിന്റെ സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ പ്രവർത്തി ക്കുന്ന പ്രതീക്ഷാ NGOയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്ന തിന് ജില്ലാഭരണകൂടത്തിന്റെ ഉന്നതസംഘം രണ്ടു ദിവസങ്ങളിലായി സ്ഥാപനവും രേഖകളും പരിശോധിച്ചു.

## വാർഷികാഘോഷം

പ്രതീക്ഷയുടെ വാർഷികവും പൊതുസമ്മേളനവും ഒക്ടോബർ ഒന്നിന് ചികിത്സാകേന്ദ്രത്തിൽവച്ച് നടത്തുന്നു. രാവിലെ 9.30ന് വി. കുർബാനയ്ക്കുശേഷം 10.30ന് പൊതുസമ്മേളനം ആരംഭിക്കും. പ്രതീക്ഷ യുടെ രക്ഷാധികാരി, ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിക്കും. ഡി.വൈ.എസ്. പി. പ്രിൻസ് അബ്രാഹം ഉദ്ഘാടനം ചെയ്യും. ഫാ. തോമസ് തൈത്തോട്ടം, എം.എം. മോഹൻദാസ് (ജില്ലാ സാമൂഹ്യനീതി ഓഫീസർ), വി. രാജേന്ദ്രൻ (സർക്കിൾ ഇൻസ്പെക്ടർ), എ.കെ.രമ്യ (പഞ്ചായത്ത് പ്രസിഡന്റ്), സി. ഡോ. വിനീത (തൊക്കിലങ്ങാടി), മാത്യു എം. കണ്ടത്തിൽ തുടങ്ങിയവർ പ്രസംഗിക്കും. സമ്മേളനത്തോടനു ബന്ധിച്ച് ചികിത്സാർത്ഥികളും സ്റ്റാഫും സംയുക്തമായി തയ്യാറാക്കുന്ന കൈയ്യെഴുത്തു പ്രസിദ്ധീകരണത്തിന്റെയും കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ സചിത്ര ആൽബത്തിന്റെയും പ്രകാശനം ഉണ്ടായിരിക്കും. രണ്ടും അതിലധികം വർഷങ്ങൾ ലഹരിരഹിതനായി ജീവിക്കുന്ന വർക്ക് പ്രത്യേക പരിതോഷികങ്ങളും അന്ന് നൽകും. തുടർന്ന് കലാപരിപാടി കളും സംഘടിപ്പിക്കപ്പെടും.

വാർഷിക പരിപാടിയിലേക്ക് ഈ മാസികയുടെ വായനക്കാരുടെ പരിചയത്തിൽ ആരെങ്കിലും ഇവിടെ ചികിത്സകഴിഞ്ഞ് പോയിട്ടുള്ളവരെ അറിയാമെങ്കിൽ അവരെ തലശ്ശേരി പ്രതീക്ഷയിലേക്ക് അന്നേദിവസം പറഞ്ഞുവിടാൻ ശ്രദ്ധിച്ചാൽ വളരെ ഉപകാരമായിരിക്കും.

ഏവർക്കും ആശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2017 ഒക്ടോ. 01-06 | : | ആന്തരിക സൗഖ്യധ്യാനം, കന്നട ധ്യാനം |
| 05 | : | മരിയൻ രാത്രി |
| 14 | : | ഏകദിന കൺവെൻഷൻ |
| 15-20 | : | ആന്തരിക സൗഖ്യ ധ്യാനം, കന്നട ധ്യാനം |
| 26-29 | : | ആത്മാഭിഷേക വളർച്ചാ ധ്യാനം |
| 29- നവംബർ 3 | : | ആന്തരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ഒക്ടോ. 08-12 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| ,, 13 | : | ജാഗരണ പ്രാർത്ഥന |
| ,, 14 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, 15-19 | : | പ്രേഷിതരുടെ ധ്യാനം |
| 29- നവംബർ 2 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

| | | |
|---|---|---|
| ഒക്ടോ. 08-12 | : | വരദാന വളർച്ചാ ധ്യാനം (ഫാ. ജോർജ് കളത്തിൽ സി.എം.ഐ. & ടീം) |
| ,, 20-22 | : | ദമ്പതീ-യുവജന ധ്യാനം (ഫാ. ബാബു കുഴുമ്പിൽ സി.എം.ഐ. & ടീം) |
| ,, 26-29 | : | ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ് (മലയാളം) (ഫാ. ജോസഫ് വയലിൽ സി.എം.ഐ. & ടീം) |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| ഒക്ടോ. 01-05 | : | മരിയൻ ആന്തരിക സൗഖ്യ ധ്യാനം |
| ,, 06 | : | ജാഗരണ പ്രാർത്ഥന |
| ,, 14 | : | മരിയൻ ദിവ്യകാരുണ്യ ആരാധനയുടെ 15-ാം വാർഷികം |
| ,, 21, 28 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, 22-26 | : | ആന്തരിക സൗഖ്യ ധ്യാനം |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2017 ആഗസ്റ്റ്

ആഗസ്റ്റ് 21 സെപ്റ്റം.1 മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന സിനഡിൽ പങ്കെടുത്തു.

### 2017 സെപ്റ്റംബർ

02 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെട്ട മോൺ. ജോസഫ് പാംപ്ലാനിയെ സ്വീകരിച്ചു. അതിനുശേഷം 10.30ക്ക് കത്തീഡ്രൽ പള്ളിയിൽ നിയുക്ത സഹായ മെത്രാനെ ഔദ്യോഗികമായി സ്വീകരിച്ചു.

03 വൈകുന്നേരം മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ നിര്യാതനായ ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന് അന്ത്യോപചാരം അർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04 രാവിലെ 10.30ന് പരിയാരം എംഎസ്ടി ഹൗസിലെത്തി എംഎസ്ടി സഭയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ദിവ്യബലി അർപ്പിക്കുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

വൈകുന്നേരം 3.30ന് നെല്ലിപ്പാറയിൽ പുതുതായ നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിച്ചു. അതിനുശേഷം കരുവഞ്ചാൽ ശാന്തിഭവനം സന്ദർശിച്ചു.

05 മാനന്തവാടി രൂപതയിലെ ഓൻഡയങ്ങാടി ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ദിവ്യബലി അർപ്പിക്കുകയും സമർപ്പിത സംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു.

06 അതിരൂപതാ കേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

07 തളിപ്പറമ്പിൽ അതിരൂപത പാസ്റ്റൽ കൗൺസിൽ യോഗത്തിന് നേതൃത്വം നൽകി.

08 ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ചെറുപുഴ കൃപാലയം ധ്യാനകേന്ദ്രത്തിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

09 രാവിലെ 10.00 മണിക്ക് കൊട്ടോടിയിൽ പുതുതായി നിർമ്മിച്ച സാൽവത്തോറിയൻ (എസ്.ഡി.എസ്) സഭയുടെ മൈനർ സെമിനാരി വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 4.00

മണിക്ക് ചെടിക്കുളം ഇടവകയിൽ നിര്യാതനായ ശ്രീ. പൈലി എടുക്കുന്നേലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം മണിക്കടവിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

10 മണിക്കടവിൽ ഇടയനടുത്ത സന്ദർശനം നടത്തി.

11–12 സന്ദേശഭവനിൽ അതിരൂപതയിലെ വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.

11 ചന്ദനക്കാംപാറയിൽ നിര്യാതയായ അന്നമ്മ മുണ്ടമറ്റത്തിലിന്റെ വീട്ടിലെത്തി അന്ത്യോപചാരം അർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13–14 സന്ദേശഭവനിൽ അതിരൂപതയിലെ വൈദികരുടെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്തു.

16 രാവിലെ 10 മണിക്ക് തളിപ്പറമ്പിൽ ടിഎസ്എസ്എസ് ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം പരിയാരം മദർഹോം ധ്യാന കേന്ദ്രത്തിൽ ബധിര-മൂകർക്കുവേണ്ടി അതിരൂപതാ ആരംഭിച്ച 'ആദം' പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

18 രാവിലെ 10 മണിക്ക് മാലോം-ഇടവകയിൽ നിര്യാതനായ ശ്രീ കുട്ടിയച്ചൻ ഇരുപ്പക്കാട്ടിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

19 നിർമ്മലഗിരി കോളെജിൽ ഡിപ്പാർട്ട്മെന്റ്തല മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം സന്ദേശഭവനിൽവച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

20 അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

21 അതിരൂപതാകേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽനിന്ന് വന്ന വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു. 11.00 മണിക്ക് സന്ദേശഭവനിൽ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

❖❖❖

## Programme of the Archbishop Mar George Njaralakatt

## October - 2017

| | | | |
|---|---|---|---|
| 01 | 6.45 | - | Ponniam Seminary |
| | 10.00am | - | Pratheeksha : Anniversary |
| | 4.00pm | - | Melmuringodi |
| 02 | 9.30am | - | Panamaram |
| | 2.30pm | - | Nellickampoil : CML Anniversary |
| 3-6 | | - | Satna Seminary |
| 07 | | - | Pulikurumba |
| 07-08 | | - | Pastoral Visit |
| 09 | 9.00am | - | Cherupuzha |
| | 10.00am | - | Thomapuram |
| | 2.30pm | - | Vellarikundu |
| 10 | 5.30pm | - | Cathedral |
| 11 | | - | Visitor's day : Padannakad |
| 12 | | - | Priests & Sisters day |
| 13 | 4.00pm | - | Holy mass at Mahe Church |
| 14 | 10.30 | - | Holy mass at Nellikutty Zion Retreat Centre |
| 14-15 | | - | Pastoral Visit |
| 16-17 | | - | Thodupuzha |
| 18 | | - | Visitor's day |
| 19 | | - | Nadavayal |
| 21 | | - | Belthangady |
| 22-28 | | - | Goa Retreat |

| | | |
|---|---|---|
| 29 | - | Bernassery |
| 30 9.00am | - | Paisakary : Ordination |

## November - 2017

| | | |
|---|---|---|
| 01 | - | Visitor's day |
| 02 | - | Priests & Sisters day |
| 04 10.30am | - | Vilakannoor : Blessing old age home |
| 04-05 | - | Pastoral visit |
| 06 | - | Dwaraka |
| 08 | - | Episcopal Ordination of Msgr. Joseph Pamplany |
| 09 | - | Priests & Sisters day |
| 11 | - | Ernakulam |
| 12 | - | Episcopal Ordination of Sebastian Vaniyapurackal |
| 13 | - | Alakode |
| 14 | - | Thariode |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 സെപ്റ്റംബർ

04 മാനന്തവാടി, ദ്വാരകയിൽ രാവിലെ 10.30ന് നിര്യാതനായ ഫാ. സെബാസ്റ്റ്യൻ പാലക്കീയുടെ മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് കൽപറ്റയിൽ ഫാത്തിമ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. ജോർജ് തോട്ടത്തിൽ CST യെ സന്ദർശിച്ചു.

05 ഉച്ചകഴിഞ്ഞ് 3.30ന് കൽക്കട്ടയിലെ വി. മദർതെരേസായുടെ തിരുനാളിനോടനുബന്ധിച്ച് വെമ്പുവ വി. മദർതെരേസാ ഭവനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

07 രാവിലെ ഈങ്ങാപ്പുഴ വി. വിൻസെന്റ് പള്ളിയിൽവച്ച് ജോസഫ് ഇണ്ടിക്കുഴിയുടെയും ആൻസിയുടെയും വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് വലിയകൊല്ലി വി. അൽഫോൻസാ പള്ളിയിൽവച്ച് വലിയമറ്റത്തിൽ മാത്യുവിന്റെ മകൻ ജോസിന് പ്രാരംഭകൂദാശകൾ നൽകി.

08 രാവിലെ 10 മണിക്ക് മടപ്പുരച്ചാൽ ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാർ ജോസഫ് പാംപ്ലാനിയുടെ ഭവനം സന്ദർശിച്ചു.

09 രാവിലെ 9 മണിക്ക് മൂവാറ്റുപുഴ ബിഷപ്പ്സ് ഹൗസിൽ സൗഹൃദ സന്ദർശനം നടത്തി. പാലാ രൂപതയിൽ കളത്തൂർ പള്ളിയിൽവച്ച് വരകുകാലായിൽ മാത്യുവിന്റെ മകൾ ജോവാന അൽഫോൻസാക്ക് ആദ്യകുർബാനയും സഹോദരൻ സെബാസ്റ്റ്യന്റെ മകൻ ജോണിന് പ്രാരംഭകൂദാശകളും നൽകി.

10 രാവിലെ പാലാ അരമന ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിക്കുകയും ചെയ്തു.

12 ഉച്ചകഴിഞ്ഞ് 2 മണിക്ക് ചന്ദനക്കാംപാറ ഇടവകയിൽ തോമസ് മുണ്ടമറ്റത്തിൽ അച്ചന്റെ അമ്മ അന്നക്കുട്ടി മുണ്ടമറ്റത്തിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 രാവിലെ 10.30ന് ചെമ്പന്തൊട്ടി ഫൊറോന ദൈവാലയത്തിൽ അന്നമ്മ തണ്ണിപ്പാറയും റോബിൻ നരിതൂക്കിലും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് ചെമ്പേരി കരുണാലയത്തിൽവച്ച് നടന്ന ജന്മദിനാഘോഷങ്ങളിൽ പങ്കാളിയായി.

17 രാവിലെ 9 മണിക്ക് പരിയാരത്തുള്ള MSMI ഭവനം സന്ദർശിച്ചു.

രാവിലെ 10.30ന് പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽവച്ച് നടന്ന ബധിരമൂക ധ്യാനത്തിൽ സമാപനസന്ദേശവും ആശീർവാദവും നൽകി.

ഉച്ചകഴിഞ്ഞ് 2 മണിക്ക് പടുപ്പ് ഇടവകയിൽ നിര്യാതരായ വക്കച്ചൻ തോണിക്കുഴി, ജോസി തോണിക്കുഴി എന്നിവരുടെ മൃതസംസ്കാര കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം മാലോം, കൊന്നക്കാട് ഇടവക ദൈവാലയങ്ങൾ സന്ദർശിച്ചു.

23 വൈകുന്നേരം 6 മണിക്ക് പരിയാരം അമ്മവീട് ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട ഹോംഡേ ആഘോഷങ്ങളിൽ പങ്കാളിയായി.

24 വൈകുന്നേരം 6.30ന് കോട്ടൂർ എത്തി നിര്യാതനായ ഫാ. ജോർജ് തോട്ടത്തിൽ CST ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

❖❖❖